www.malankaralibrary.com

# മദ്ബഹായിലെ മാലാഖമാർ

(മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മദ്ബഹാ
ശുശ്രൂഷകർക്കു സഹായകമായ ഗ്രന്ഥം)

എഡിറ്റേഴ്സ്

റവ. ഡോ. ജോൺ കൊച്ചുതുണ്ടിൽ
റവ. ഡോ. ഐസക് പറപ്പള്ളിൽ

എം. എസ്. പബ്ലിക്കേഷൻസ്
സെന്റ് മേരീസ് മലങ്കര സെമിനാരി
നാലാഞ്ചിറ, തിരുവനന്തപുരം

2016

www.malankaralibrary.com

**Madbahāyile Mālākhamār**
(Malayalam)

*Editors*
**Rev. Dr. John Kochuthundil**
**Rev. Dr. Issac Parapallil**

*First published on*
**10 March 2012**

*Second Published on*
**20 September 2016**

*Published by*
**MS Publications**
**St. Mary's Malankara Seminary**
**Nalanchira, Trivandrum - 15**

*Copies :* **3000**
*Price :* **₹ 60/-**

*Printed at: St. Mary's Press, Pattom, Tvm-4*
*Cover Design :* Syam Chowara

© MS Publications

www.malankaralibrary.com

# കൂപ്പുകരങ്ങൾ

ദൈവതിരുനാമത്തിന് നിത്യം സ്തുതിയും മഹത്വവും...
മദ്ബഹാ ശുശ്രൂഷകർക്ക് സഹായകമായ ഈ ഗ്രന്ഥത്തിന്റെ നാൾവഴി കളിൽ വെളിച്ചം പകർന്ന് വഴികാട്ടിയ സുമനസുകൾക്കുമുമ്പിൽ കൃത ജ്ഞതാ നിർഭരമായ പ്രണാമം.

അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമനസിന്റെ ആശീർവാദത്തിനും അവതാരികയ്ക്കും അകമഴിഞ്ഞ സ്നേഹത്തിനും...

ഞങ്ങളുടെ പ്രിയപ്പെട്ട റെക്ടർ ജോൺ കൊച്ചുതുണ്ടിലച്ചന്റെ നിരന്തര പ്രേരണയ്ക്കും പ്രോത്സാഹനത്തിനും...

സ്നേഹം ചൊരിയുന്ന ഫിലിപ്പ് ചെമ്പകശേരിയച്ചന്റെ മുഖമൊഴിക്കും മാർഗ നിർദ്ദേശങ്ങൾക്കും...

ഞങ്ങളോടൊത്ത് ഞങ്ങൾക്കായി ജീവിക്കുന്ന ഐസക് പറപ്പള്ളിലച്ചന്റെ വാക്കുകൾക്കും വാത്സല്യത്തിനും...

താപസജീവിതത്തിന്റെ ഉദാത്ത മാതൃകയായ ബഹു. പ്ലാസിഡ് ഒ.ഐ. സി. അച്ചന്റെ തിരുത്തലിനും തലോടലിനും...

സെമിനാരി കുടുംബത്തിലെ ഗുരുസ്ഥാനീയരായ വൈദികരുടെ സ്നേഹ ത്തിനും സഹകരണത്തിനും ...

നിരന്തരം ഞങ്ങളോടൊപ്പമായിരിക്കുന്ന സെമിനാരി കുടുംബത്തിലെ പ്രിയപ്പെട്ട സഹോദരങ്ങളുടെ പങ്കുവയ്ക്കലിനും പങ്കുചേരലിനും...
മാർഗമദ്ധ്യേ സഹായഹസ്തവുമായി എത്തിയ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചൻ, സിസ്റ്റർ ചേതന SIC, കുമാരി രാജി, ശ്രീ. ശ്യാം എന്നിവരുടെ ആത്മാർത്ഥതയ്ക്കും അർപ്പണത്തിനും ...

നന്ദി... നന്ദി... നന്ദി...

**ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ**
(2011-2012 അദ്ധ്യയന വർഷം)

സെന്റ് മേരീസ് മലങ്കര സെമിനാരി
തിരുവനന്തപുരം

www.malankaralibrary.com

# രചയിതാക്കൾ

ആർ. അജീഷ്കുമാർ

എൻ. വിനുകുമാർ

ജിന്റോ ജോൺ

ജോർജ്ജ് താന്നിമൂട്ടിൽ

ജോസഫ് തലക്കെട്ടിൽ

ജോൺ വിൽസൺ മേലേടത്ത്

ഡെന്നിസ് മുകളുംപുറത്ത്

പോൾ വിളയിൽ

ഫിലിപ്പോസ് ചരിവുപുരയിടത്തിൽ

സാന്റോ കാലായിൽ

സ്കറിയാ മൺപുരയ്ക്കാമണ്ണിൽ

സ്റ്റീഫൻ കണ്ണൻകാരിച്ചാൽ

സിബി ജേക്കബ് ഒറ്റക്കല്ലിൽ

റോബിൻ കളത്തിവിളയിൽ

റവ. ഡോ. ജോൺ കൊച്ചുതുണ്ടിൽ

റവ. ഡോ. ഐസക് പറപ്പള്ളിൽ

www.malankaralibrary.com

# ഉള്ളടക്കം

**അദ്ധ്യായം 1**
മദ്ബഹായിലെ ശുശ്രൂഷയുടെ മഹത്വവും പ്രസക്തിയും 11

**അദ്ധ്യായം 2**
മദ്ബഹാശുശ്രൂഷ: ചരിത്രപശ്ചാത്തലവും വേദപുസ്തക അടിസ്ഥാനവും 14

**അദ്ധ്യായം 3**
മദ്ബഹാശുശ്രൂഷയുടെ ദൈവശാസ്ത്രദർശനം 17

**അദ്ധ്യായം 4**
മദ്ബഹാശുശ്രൂഷകരുടെ വിളിയും ഉൾവിളിയും 22

**അദ്ധ്യായം 5**
മദ്ബഹാശുശ്രൂഷകരും ആവശ്യമായ ഒരുക്കങ്ങളും 25

**അദ്ധ്യായം 6**
മദ്ബഹാശുശ്രൂഷകർ അവശ്യം അറിഞ്ഞിരിക്കേണ്ട വസ്തുതകൾ 29

**അദ്ധ്യായം 7**
ശുശ്രൂഷകരുടെ പങ്കാളിത്തം വിശുദ്ധ കുർബാനയിൽ 56

**അദ്ധ്യായം 8**
കത്തോലിക്കാസഭയും വ്യക്തിഗതസഭകളും 75

**അദ്ധ്യായം 9**
മദ്ബഹാശുശ്രൂഷയിൽനിന്നും ഔന്നത്യങ്ങളിലേക്ക് 78

**അദ്ധ്യായം 10**
ബലിവേദിയിലെ ശുശ്രൂഷയും, വിവിധ ജീവിതവിളികളും 83

**അദ്ധ്യായം 11**
ശുശ്രൂഷകസഖ്യരൂപീകരണം 86

**അദ്ധ്യായം 12**
മദ്ബഹാ ശുശ്രൂഷകർ അറിഞ്ഞിരിക്കേണ്ട സുറിയാനി, ഗ്രീക്ക് പദങ്ങളും അർത്ഥങ്ങളും 91

**അനുബന്ധം 1**
വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് പ്രവേശിപ്പിക്കുന്നതിനുള്ള ക്രമം 93

**അനുബന്ധം 2**
മദ്ബഹാശുശ്രൂഷകരുടെ പ്രാർത്ഥന 96

**ഗ്രന്ഥസൂചിക**

www.malankaralibrary.com

# അവതാരിക

ക്രിസ്തീയ ജീവിതത്തിന്റെ അന്തർധാരയും ജീവിതവിശുദ്ധിയുടെ ഉറവിടവുമാണ് ദൈവാരാധന. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള മഹനീയ സംയോഗമാണ് അതു ലക്ഷ്യമാക്കുന്നത്. ദൈവജനം പരിശുദ്ധാത്മ നിറവിൽ രക്ഷകനും നിത്യപുരോഹിതനുമായ ക്രിസ്തുവിന്റെ മൗതീക ശരീരമെന്ന നിലയിൽ പിതാവായ ദൈവത്തിനു സമർപ്പിക്കുന്ന പരസ്യമായ ആദരവാണ് ആരാധന. ദൈവജനത്തിന്റെ പരസ്പരബന്ധവും ഇതിലൂടെ സുദൃഢമാക്കപ്പെടുന്നു. ദൈവജനം ഒരു കുടുംബമെന്നപോലെ ഒരുമിച്ച് ദൈവത്തിന് സ്വീകാര്യമായ ആദരവും അർച്ചനയും നടത്തുമ്പോൾ ആരാധന പരസ്യവും സഭാത്മകവുമാകുന്നു. സ്വർഗീയ ജറുസലേമിൽ അനുവർത്തിക്കപ്പെടുന്ന ആരാധനയുടെ ഒരു മുന്നാസ്വാദനമായി ഇതിനെ മനസ്സിലാക്കാവുന്നതാണ്.

സഭയുടെ എല്ലാ പ്രവർത്തനങ്ങളും ദൈവാരാധനയിൽ കേന്ദ്രീകൃതമാണ്. അവളുടെ വിശ്വാസദർശനം ഇതിലൂടെയാണ് പ്രത്യക്ഷവും പ്രസ്പഷ്ടവുമാകുക. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പാരമ്പര്യമനുസരിച്ച് ഓരോ ആരാധനാനുഷ്ഠാനവും ഓരോ ആഘോഷമാണ്. ഇത്തരത്തിൽ മഹോന്നതമായ ആരാധനക്രമത്തിന്റെ പങ്കാളികളും പരിചാരകരുമാകുവാൻ ദൈവം വിളിച്ചു വേർതിരിക്കപ്പെട്ടവരാണ് മദ്ബഹാ ശുശ്രൂഷകർ.

ഏശയ്യാ ദീർഘദർശിയുടെ പുസ്തകം 6-ാം അദ്ധ്യായത്തിൽ സിംഹാസനസ്ഥനായ കർത്താവിനുചുറ്റും സെറാഫുകൾ നിലകൊള്ളുന്നതായി നാം വായിക്കുന്നു. സ്വർഗീയ പരിചാരകരായ ഈ മാലാഖമാർ നിരന്തരം ദൈവികശുശ്രൂഷയിൽ വ്യാപൃതരാണ്. യാഗപീഠത്തിൽനിന്ന് കൊടിൽകൊണ്ട് തീക്കനൽ എടുത്തു പ്രവാചകനു നൽകുന്നത് ഈ മാലാഖയാണ്. അതിനു ശേഷമാണ് "ആരെയാണു ഞാൻ അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക" എന്ന കർത്താവിന്റെ ചോദ്യത്തിന് "ഇതാ ഞാൻ, എന്നെ അയച്ചാലും" എന്ന് ഏശയ്യാ പ്രത്യുത്തരം നൽകുന്നത്. ഇതേ വിളിയും സ്ഥാനമഹിമയും ദൗത്യവുമാണ് മദ്ബഹായിൽ ശുശ്രൂഷകരുടേത്. ക്രിസ്തുവിന്റെ പ്രതിപുരുഷനായ വൈദികനെ ബലിവേദിയിൽ സഹായിക്കുകവഴി ഓരോ ശുശ്രൂഷകനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനോടും അവിടുത്തെ സിംഹാസനമായ ബലിപീഠത്തോടും ഏറ്റവും അടുത്തു നിൽക്കുവാനുള്ള

www.malankaralibrary.com

യോഗ്യത നേടുന്നു. സെറാഫുകൾ ദൈവസന്നിധിയിൽ ജ്വലിച്ചു നിൽക്കുന്നതുപോലെ ഓരോ അൾത്താരശുശ്രൂഷകനും ആത്മശരീരസംബന്ധമായ നൈർമല്യമുള്ളവരും സദാ ജാഗരൂകനുമായിരിക്കണം.

തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിലെ ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ ബഹു. വൈദികരുടെ പിന്തുണയോടെ രചിച്ച മദ്ബഹായിലെ മാലാഖമാർ എന്ന ഈടുറ്റ ഈ ഗ്രന്ഥം എല്ലാവിധത്തിലും പ്രശംസനീയമാണ്. ഉണർവോടും ബോധ്യത്തോടും ഉത്തരവാദിത്വത്തോടും ക്രമവത്കൃതമായും തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുവാൻ മദ്ബഹാശുശ്രൂഷകരെ ഈ ഗ്രന്ഥം സഹായിക്കുമെന്നതിൽ രണ്ടുപക്ഷമില്ല. ശുശ്രൂഷകരുടെ പദവിയുടെ മഹത്വവും, ലക്ഷ്യവും, അർത്ഥവും, പ്രായോഗികമായി അവർ നിർവഹിക്കേണ്ട കാര്യങ്ങളും സവിസ്തരം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ഇത്തരമൊരു ഗ്രന്ഥം ആദ്യമാണ്.

മദ്ബഹായിൽ ശുശ്രൂഷ ചെയ്യുന്നവർ മാത്രമല്ല, എല്ലാ വിശ്വാസികളും ഈ ഗ്രന്ഥം വായിച്ചിരിക്കുക നല്ലതാണ്. സജീവമായി ആരാധനയിൽ പങ്കുകൊള്ളാൻ ഇത് എല്ലവർക്കും സഹായകമാകും. നമ്മുടെ വിശ്വാസവും പാരമ്പര്യവും സംബന്ധിച്ചിടത്തോളം ധാരാളം അറിവുകൾ ഈ പുസ്തകത്തിന്റെ ഒറ്റ വായനയിൽനിന്നു തന്നെ ലഭിക്കും.

നമ്മുടെ സഭയിൽ മദ്ബഹാശുശ്രൂഷകരെല്ലാം ഈ ഗ്രന്ഥം നിശ്ചയമായും വായിച്ചിരിക്കണം. ഇതിന്റെ ഒരു കോപ്പി സ്വന്തമായി വാങ്ങി സൂക്ഷിക്കുന്നത് വളരെ നന്നായിരിക്കും.

ഈ ഗ്രന്ഥത്തിനുവേണ്ടി പരിശ്രമിച്ച സെന്റ് മേരീസ് മലങ്കര സെമിനാരിയിലെ ഒന്നാം വർഷ ദൈവശാസ്ത്രവിഭാഗത്തിലെ 14 വൈദിക വിദ്യാർത്ഥികളേയും അവർക്കു പിന്തുണയായി പ്രവർത്തിച്ച റെക്ടർ റവ. ഡോ. ജോൺ കൊച്ചുതുണ്ടിലിനേയും, ആനിമേറ്റർ റവ. ഡോ. ഐസക് പറപ്പള്ളിയേയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഇലുപോലെയുള്ള നല്ല ഗ്രന്ഥങ്ങൾ സെമിനാരിയിൽനിന്ന് തുടർന്നും പ്രസിദ്ധീകരിക്കാൻ ഇടയാകട്ടെയെന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

www.malankaralibrary.com

# മുഖമൊഴി

ആത്മജ്ഞാനത്തിന്റെ വികസിത രൂപമാണ് ആരാധന. ആത്മജ്ഞാനമെന്നാൽ തന്നെപ്പറ്റിയുള്ള ആഴമാർന്ന അറിവെന്നർത്ഥം. ആത്മജ്ഞാനം മനുഷ്യനെ തന്നിൽനിന്നകന്ന് തന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനങ്ങളിലേയ്ക്ക് നോക്കാൻ പ്രേരിപ്പിക്കുന്നു. തന്റെ അസ്തിത്വത്തിന് തന്നിൽത്തന്നെ വിശദീകരണമില്ലായെന്നും, വിശദീകരണം തേടേണ്ടത് ദൈവത്തിലാണെന്നുമുള്ള ബോധ്യത്തിലെത്തിക്കുന്നു; താൻ സൃഷ്ടിയാണെന്നും തനിക്കൊരു സ്രഷ്ടാവുണ്ടെന്നുമുള്ള ബോധ്യമാണിത്. ഇവിടെയാണ് ആരാധനയുടെ സ്ഥാനം. ഇത് അടിസ്ഥാനപരമായും വ്യക്തിപരമാണ്. എന്റെ ദൈവവും ഞാനും തമ്മിലുള്ള കണ്ടുമുട്ടൽ. അതിന് വാക്കുകൾ ആവശ്യമില്ല; വാക്കുകൾകൊണ്ടു രൂപപ്പെടുത്താവുന്ന പ്രാർത്ഥനകളോ, ഗാനങ്ങളോ അപേക്ഷകളോ ആവശ്യമില്ല. അവിടെ വാക്കുകൾ അരോചകമാണ്. ഗാനങ്ങൾക്ക് മാധുര്യമില്ല. ഇവിടെയാണ് ആരാധനയുടെ തുടക്കം.

ഈ ആരാധനയുടെ ഒരു ഘട്ടത്തിൽ ഞാനും എന്റെ ദൈവവും മാത്രമുള്ള വളരെ വ്യക്തിപരമായ കണ്ടുമുട്ടലിൽ - എന്റെ ദൈവത്തോടുള്ള സംഭാഷണത്തിൽ ഞാൻ ഒന്നുകൂടി മനസിലാക്കുന്നു; എന്റേതുമാത്രമായ ആ സ്രഷ്ടാവ് എന്റേതുമാത്രമായിരുന്നുകൊണ്ടുതന്നെ മറ്റനേകരുടെ - അവരിൽ ഓരോരുത്തരുടെയും മാത്രമായിരിക്കുന്നവനാണെന്ന്. എന്താണീ പറയുന്നത്? ശുദ്ധ അബദ്ധമോ? അബദ്ധം തന്നെ; എന്നാൽ ഞാൻ കണ്ടെത്തിയ ദൈവത്തിൽ അത് സുബദ്ധമാണെന്ന് ഞാൻ അറിയുന്നു. ഈ അറിവ് എന്റെ കണ്ണുകൾ എന്റെ മാത്രമായ ദൈവത്തിൽ തറച്ചിരിക്കുമ്പോൾതന്നെ ചുറ്റുപാടുകളിലേയ്ക്ക് നോക്കാൻ, സഹജരെ കാണാൻ, എന്നെ പ്രേരിപ്പിക്കുന്നു. ഇവിടെയാണ് ആരാധനയുടെ സാമൂഹികത. ഈ സാമൂഹികതലം, ഞാൻ സൃഷ്ടി മാത്രമല്ല, സഹസൃഷ്ടികൂടെയാണെന്ന് എന്നെ പഠിപ്പിക്കുന്നു.

ഈ അറിവ് ചരിത്രബോധം എന്നിലുണർത്തുന്നു. ചരിത്രത്തിലൂടെ എന്നോടും സഹജരോടും സംസാരിച്ചവനാണ്, എനിക്കുവേണ്ടി എന്നെപ്പോലെയായവനാണ്, എനിക്കുവേണ്ടി മരിച്ചവനാണ്, എന്റെ ആരാധനാ വിഷയമായ ദൈവമെന്ന ബോധ്യത്തിലേയ്ക്ക് എന്നെ

www.malankaralibrary.com

നയിക്കുന്നത്. ഇവിടെയാണ് ക്രിസ്തീയ ആരാധനയുടെ തുടക്കം. ഇതു ചരിത്രാധിഷ്ഠിതമാണ്. സാമൂഹികമാണ് ഇവിടെ ആരാധനയിൽ അനേകർ ഒരുമിച്ചു പ്രവർത്തിക്കുന്നു - പുരോഹിതനും, ശുശ്രൂഷകരും, ഗായകസംഘവും, ദൈവജനവും. ഈ അവബോധത്തിൽ നിന്നാണ് ശുശ്രൂഷകരുടെ ഇടവും പ്രസക്തിയും പ്രത്യക്ഷപ്പെടുന്നത്. അത് ആനന്ദദായകമായ ശുശ്രൂഷാവേദിയാണെന്ന് വ്യക്തമാകും.

ശുശ്രൂഷ ആനന്ദദായകമാകണമെങ്കിൽ, പരസ്യശുശ്രൂഷയും സാമൂഹികാരാധനയും ആരാധനയിലെ ശുശ്രൂഷകരുടെ സ്ഥാനവും മഹിമയും വ്യക്തമാകണമെങ്കിൽ, ആരാധനാ മനോഭാവം തുടങ്ങേണ്ടിടത്തുതന്നെ തുടങ്ങണം. ഞാനും എന്റെ മാത്രമായ ദൈവവും തമ്മിലുള്ള പരസ്പര കണ്ടുമുട്ടലിൽ ഇവിടെ പരാജയമുണ്ടാകുമ്പോൾ എവിടെയും പരാജയമുണ്ടാകുന്നു. അതുണ്ടാകാതിരിക്കാൻ "മദ്ബഹായിലെ മാലാഖമാർ" എന്ന ഈ പുസ്തകം സഹായിക്കട്ടെ. പുസ്തകത്തിന് പ്രചുര പ്രചാരം ആശംസിക്കുന്നു.

**റവ. ഡോ. ഫിലിപ്പ് ചെമ്പകശേരിൽ**

www.malankaralibrary.com

# ആമുഖം

"നാഥാ, നീ ഞങ്ങൾക്ക് മുമ്പേ നടന്നാലും, ഈ ബലിയിൽ ഞങ്ങൾ അധരങ്ങൾ കൊണ്ട് നിനക്കർപ്പിക്കുന്ന അർത്ഥനകളും ഗീതകങ്ങളും ഹൃദയങ്ങൾകൊണ്ട് വിശ്വസിക്കുവാൻ ഞങ്ങളെ പഠിപ്പിക്കുക. അവ ജീവിതംകൊണ്ട് അനുഷ്ഠിക്കുവാൻ ഞങ്ങളെ പരിശീലിപ്പിക്കുക". വി. ജോൺ ബർക്കുമൻസ് മദ്ബഹാ ശുശ്രൂഷകർക്കു വേണ്ടി രചിച്ച പ്രാർത്ഥനയിലെ ആഴപ്പെട്ട വരികളാണിത്. അനുദിനം അഭിഷിക്തന്റെ ബലഹീന കരങ്ങളാൽ നുറുങ്ങിയും ചിതറിയും ക്രിസ്തു ബലിപീഠത്തിൽ യാഗമാകുമ്പോൾ, ശുഭ്രവസ്ത്രധാരികളായി ആ ബലിക്കൊപ്പം, ഒരു കൈയകലത്തിൽ ചേർന്നു നിൽക്കാനാകുന്ന ധന്യതയുടെ പേരാണല്ലോ മദ്ബഹാ ശുശ്രൂഷാ ദൗത്യം. 'അഹറോനെ പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമാതി ഏറ്റെടുക്കുകയല്ല' (ഹെബ്രാ. 5:4) എന്ന വചനം പുരോഹിതരെ മാത്രം ഉദ്ദേശിച്ചുള്ളതല്ലെന്ന് പോലും, വിശാലമായ ഒരു ധ്യാനത്തിനൊടുവിൽ തോന്നിപ്പോകുന്നു... കുന്തുരുക്കം മണക്കുന്ന ഈ വിശുദ്ധ ദൗത്യത്തിനും ആ വചനം ഇണങ്ങുന്നു!! മഹത്തായ ഈ ദൗത്യത്തിന്റെ കർത്തവ്യങ്ങളെ ക്രമമായി അനുഷ്ഠിച്ച് ദൈവകൃപ അനുഭവിക്കാനും, അടുത്തനുഭവിക്കുന്നവയുടെ അർത്ഥം തിരിച്ചറിഞ്ഞ് ജീവിത്തിൽ പകർത്തുവാനും 'മദ്ബഹായിലെ മാലാഖമാർ' എന്ന ഈ ചെറുഗ്രന്ഥം അനേകരെ പ്രചോദിപ്പിക്കുന്നുവെന്നതിന്റെ അടയാളമാണ് നിരവധി ഇടങ്ങളിൽ നിന്നും ഇതിന്റെ പുനഃപ്രസിദ്ധീകരണം ആവശ്യപ്പെട്ടുകൊണ്ട് വന്നു ചേർന്ന അനവധി അപേക്ഷകൾ. ഈ ആവശ്യകത കണക്കിലെടുത്ത്, ധന്യമായ മദ്ബഹാ ശുശ്രൂഷാദൗത്യത്തിന്റെ ആഴം വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഈ കൈപ്പുസ്തകം പുനഃപ്രസിദ്ധീകരിക്കുവാൻ കഴിയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ഈ ഗ്രന്ഥത്തിന്റെ ആദ്യപതിപ്പിനും, പുതിയ പതിപ്പിനും പിന്നിൽ യത്നിച്ച എല്ലാ ജീവിതങ്ങളെയും നന്ദിപൂർവ്വം ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു. ലോകമാകുന്ന മദ്ബഹായിൽ, ജീവിതമാകുന്ന യാഗപീഠത്തിൽ നാഥനെ ശുശ്രൂഷിക്കുവാൻ നമുക്കിടയാകട്ടെ.

ഹൃദയപൂർവ്വം,

നാലാഞ്ചിറ
20-09-2016

**റവ. ഡോ. ഷാജി തോമസ് മാണികുളം**
റെക്ടർ, മലങ്കര മേജർ സെമിനാരി

www.malankaralibrary.com

## അദ്ധ്യായം 1

# മദ്ബഹായിലെ ശുശ്രൂഷയുടെ മഹത്വവും പ്രസക്തിയും

കൂദാശാനുകരണങ്ങളും, കൗദാശികാനുഷ്ഠാനങ്ങളും, വിവിധ ആരാധനകളും മനുഷ്യന് സ്വർഗീയ നിർവൃതി പകരുന്ന ദൈവിക കർമ്മങ്ങളാണ്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ഒത്തുചേരലിന്റെ നിമിഷങ്ങളാണത്. സ്വർഗം ഭൂമിയെ തഴുകുന്ന അപൂർവവേളകൾ. ഈ അതുല്യ അനുഭവങ്ങൾക്ക് സാക്ഷിയാകാൻ സാധിക്കുക, അതിലുപരി അതിന്റെ എളിയ ശുശ്രൂഷകരാകാൻ സാധിക്കുകയെന്നുള്ളതു നിശ്ചയമായും വലിയ ഭാഗ്യം തന്നെ. അതിനാൽത്തന്നെ ഈ ശുശ്രൂഷയെ ഒരു ദൈവിക നിയോഗമായി നാം മനസ്സിലാക്കുന്നു. ഓരോ മദ്ബഹാ ശുശ്രൂഷകനും തങ്ങളുടെ ശുശ്രൂഷയിലൂടെ ഈ ദൈവിക നിയോഗമാണ് അനുവർത്തിക്കുന്നത്. ദൈവം തെരഞ്ഞെടുക്കാത്ത ഒരു വ്യക്തിക്കും ഈ ശുശ്രൂഷയിൽ പ്രവേശിക്കുവാൻ സാധിക്കില്ലെന്നു വ്യക്തം. ഈ വസ്തുതകളെല്ലാം ബലിവേദിയിലെ ശുശ്രൂഷയുടെ മഹത്വവും, സ്വഭാവവും ഉത്തരവാദിത്വവും നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇടവകക്കൂട്ടായ്മകളിൽ ഒരു നല്ല ശതമാനം ആൺകുട്ടികളും ശുശ്രൂഷകരാകാൻ ആഗ്രഹം പ്രകടിപ്പിക്കാറുണ്ട്. ദൈവിക ഇടപെടലായി ഈ ആഗ്രഹത്തെ മനസ്സിലാക്കാവുന്നതാണ്.

ഒരു വ്യക്തി വളർത്തപ്പെടുന്ന രീതി, ജീവിക്കുന്ന കുടുംബാന്തരീക്ഷം, സാമൂഹിക ചുറ്റുപാടുകൾ ഇവയെല്ലാം ഒരു പരിധിവരെ ഇതിനു കാരണമായി നിലകൊള്ളുന്നു. നല്ല കുടുംബങ്ങളിൽനിന്ന് സത്സ്വഭാവികളായ വ്യക്തികൾ ശുശ്രൂഷയ്ക്കായി കടന്നുവരുക തീർത്തും സാധാരണം തന്നെ. ചുരുക്കത്തിൽ, കുടുംബ-സാമൂഹിക ചുറ്റുപാടുകളെ ധാർമ്മികമായി സമ്പന്നമാക്കിയാൽ ശുശ്രൂഷകരുടെ സംലഭ്യത വർദ്ധമാനമാകും.

www.malankaralibrary.com


ദൈവിക ഉദ്യാനത്തിലെ പരിചാരകരാണ് ബലിവേദിയിലെ ശുശ്രൂഷകർ. പരിശുദ്ധവും പരിപാവനവുമായ കർമ്മത്തിലാണ് അവർ പങ്കാളികളാകുന്നത്. വ്യക്തിയുടെ യോഗ്യതയും വിശുദ്ധിയും, കർമ്മോത്സുകതയും ഈ ശുശ്രൂഷയെ ഏറെ മഹത്തരവും ഫലദായകവുമാക്കുന്നു. യോഗ്യരായ ശുശ്രൂഷകരുടെ സാന്നിദ്ധ്യം ആരാധനയെ അലൗകീകവും അത്യാകർഷകവുമാക്കുമ്പോൾ, അതിനു വിപരീതമായ അവസ്ഥ ആരാധനാസന്ദർഭങ്ങളെ അലോസരമാക്കും. അതുപോലെതന്നെ, ശുശ്രൂഷകരുടെ അസാന്നിദ്ധ്യവും എണ്ണത്തിലുള്ള കുറവും പൊതു ആരാധനയെ വിരസവും അനാകർഷകവുമാക്കും. പുരോഹിതൻ തന്നെ ശുശ്രൂഷകരുടെ ജോലികൂടി നിർവഹിക്കേണ്ടിവരുന്ന ചുറ്റുപാടുകൾ നിശ്ചയമായും ദൗർഭാഗ്യകരം തന്നെ.

ആധുനിക കാലഘട്ടത്തിലെ മാറിവരുന്ന പശ്ചാത്തലത്തിൽ സഭ ഗൗരവമായി പരിഗണിച്ച് പരിഹാരം കണ്ടെത്തേണ്ട ഒരു വിഷയമാണിത്. കുടുംബങ്ങളിലെ സന്താനങ്ങളുടെ കുറവും ഇതിന് ഒരു പരിധിവരെ കാരണമാണ്.

കൂദാശാപരികർമ്മങ്ങളിലൂടെ, ആരാധനാശുശ്രൂഷയിലൂടെ ദൈവത്തിന്റെ വരപ്രസാദം അഥവാ കൃപ വിശ്വാസികളിൽ ഒഴുകിയെത്തണമെന്നുള്ളതാണ് സഭയുടെ നിയോഗം. അതിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിൽ, സജ്ജീകരണങ്ങൾ നടത്തുന്നതിൽ ശുശ്രൂഷകർക്ക് വളരെ വലിയ പങ്കാണുള്ളത്. ഇവിടെ ശുശ്രൂഷകർ വൈദികരുടേയും ദൈവജനത്തിന്റെയും ഇടയിലായിരുന്നുകൊണ്ട് ആരാധിക്കാനും, പ്രാർത്ഥന ചൊല്ലാനും രണ്ടു കൂട്ടരേയും സഹായിക്കുന്നു. മദ്ബഹായേയും ഹൈക്കലായെയും തങ്ങളുടെ ശുശ്രൂഷയിലൂടെ അവർ സജീവമാക്കുന്നു. ശുശ്രൂഷകർ കൂദാശ പരികർമ്മങ്ങൾക്കിടയിൽ പ്രത്യേകമായി ചെയ്യുന്ന പ്രഖ്യാപനങ്ങളും, വായനകളും അവർ നിർവഹിക്കുന്ന ഇതര ഉത്തരവാദിത്വങ്ങളും എത്ര പ്രധാന്യമുള്ളതാണെന്ന് ഇതിൽനിന്നു വ്യക്തമാകും. അവയെല്ലാം വരപ്രസാദം ഒഴുകിയെത്തുന്ന കൈവഴികളാണ് ശുശ്രൂഷാപദവിയുടെ മഹനീയതയും മഹത്വവുമാണ് ഇവ വിളിച്ചറിയിക്കുന്നത്.

സുന്ദരമായ സംഗീതത്തിന് വാദ്യോപകരണങ്ങൾ പശ്ചാത്തലമൊരുക്കുമ്പോൾ അത് അവിസ്മരണീയമായ അനുഭവമാകുന്നതുപോലെയാണ് ആരാധനാവേളയിലുള്ള ശുശ്രൂഷകരുടെ പ്രത്യേക പങ്ക്. ആരാധനയുടെ പശ്ചാത്തല ഒരുക്കങ്ങളും, സജ്ജീകരണങ്ങളും ശുശ്രൂഷകർ സസൂക്ഷ്മം നിർവഹിക്കുമ്പോൾ ആരാധനയുടെ മാധുര്യം

www.malankaralibrary.com



അളവറ്റ അനുഭവമാകും. കൂട്ടായ്മയിൽ ലഭിക്കുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ട ദൈവിക സാന്നിദ്ധ്യത്തെ ആഘോഷമാക്കുവാൻ ശുശ്രൂഷകരുടെ സാന്നിദ്ധ്യത്തിനു സാധിക്കുന്നു.

ബലിവേദിയിലെ ശുശ്രൂഷ സഭയോടുചേർന്നതും സഭാനിയോഗത്താൽ ലഭ്യമാകുന്നതുമായ ഒരു ശുശ്രൂഷയാണ്. അതിനാൽതന്നെ അത് സഭാത്മകമാണ്. സഭ ഭൂമിയിലെ ദൈവരാജ്യമാണ്. മദ്ബഹാശുശ്രൂഷയുടെ അർത്ഥവും, മാനവും ഇവിടെ വെളിവാക്കപ്പെടുന്നു. സഭയോടുചേർന്നുള്ള ഏതു ശുശ്രൂഷയും പരിശുദ്ധാത്മവരദാനമാണെന്ന് സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. ചുരുക്കത്തിൽ, തിരുസഭയോട് ഏറ്റം അടുത്തുനിന്നുകൊണ്ട് വചനാധിഷ്ഠിതവും കൗദാശികവുമായ ജീവിതം നയിക്കുവാൻ ശുശ്രൂഷകർക്ക് സാധിക്കുന്നു. ക്രിസ്തീയ ആദ്ധ്യാത്മികതയുടെ അടിത്തറയാണ് സഭാത്മകമായ ഈ ബന്ധം. തുടർന്നു വരുന്ന അദ്ധ്യായങ്ങൾ ഈ വിഷയത്തിലുള്ള അറിവും ആഴവും വർദ്ധമാനമാക്കും.

www.malankaralibrary.com

# അദ്ധ്യായം 2

# മദ്ബഹാ ശുശ്രൂഷ: ചരിത്രപശ്ചാത്തലവും വേദപുസ്തക അടിസ്ഥാനവും

### 1. ചരിത്രം

മദ്ബഹാശുശ്രൂഷകരെക്കുറിച്ച് എഴുതപ്പെട്ട ഒരു ചരിത്രവുമില്ല. ആദ്യകാലങ്ങളിൽ വൈദികപട്ടത്തിനു മുമ്പുള്ള ചെറുപട്ടങ്ങളിൽ ഏറ്റവും ഉയർന്ന പട്ടം (മ്ശംശോനോ) സ്വീകരിച്ചവരായിരുന്നു ഈ ശുശ്രൂഷകർ. അക്കോളൈറ്റ് (Acolyte) എന്നായിരുന്നു അവർ അറിയപ്പെട്ടിരുന്നത്. 'സഹയാത്രികൻ', 'പിൻഗാമി' എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. തിരികൾ പിടിക്കുക, അൾത്താരയിലെ തിരികൾ കത്തിക്കുക, കുർബാനയ്ക്ക് ആവശ്യമായ വസ്തുക്കൾ ഒരുക്കി വയ്ക്കുക, പട്ടക്കാരനോടൊപ്പം സങ്കീർത്തനങ്ങൾ ആലപിക്കുക മുതലായവയായിരുന്നു ഇവരുടെ പ്രധാന ചുമതലകൾ. കാലക്രമേണ പട്ടം സ്വീകരിക്കാത്തവർ ഈ ചുമതലകൾ ഏറ്റെടുത്തു. ഏകദേശം പതിനൊന്നാം നൂറ്റാണ്ടോടുകൂടിയാണ് ഈ ചുമതലകൈമാറ്റം (substitution) നടന്നത്. ഒൻപതാം നൂറ്റാണ്ടിൽ നടന്ന മായിൻസ് സിനഡിൽ (Synod of Mayinz) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ഒരു വൈദികനോ, ഒരു ശെമ്മാശ്ശനോ, ഒരു കുട്ടിയോ ലേഖനം വായിക്കുന്നതിനും കുർബാനയിൽ പ്രത്യുത്തരം നൽകുന്നതിനും സങ്കീർത്തനങ്ങൾ പാടുന്നതിനും നിർബന്ധമായും ഉണ്ടായിരിക്കണം. (Admonitio Synodalis, PL. 132:456). അതിനാൽത്തന്നെ മദ്ബഹാശുശ്രഷകർ എന്ന ആശയം ഒരു സ്വതന്ത്രചിന്ത എന്നതിലുപരി ആവശ്യകതയിൽ (necessity) നിന്ന് ഉടലെടുത്തതാണ്.

ഹീബ്രു ഭാഷയിൽ 'ഷാരാത്ത്', ഗ്രീക്കിൽ 'ദിയക്കോണിയ', 'ലയിത്തൂർഗിയ', സുറിയാനിയിൽ 'തെശ്മെശ്ത്തോ' എന്നീ പദങ്ങളാണ് ശുശ്രൂഷയെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. സുറിയാനിയിൽ 'ശ്മ്മെശ്' എന്ന ധാതുവിൽനിന്നും ഉടലെടുത്ത പദമാണ് 'തെശ്മെശ്ത്തോ. ശുശ്രൂഷ, തൊഴിൽ, ഉദ്യോഗം, തിരുക്കർമ്മം എന്നൊക്കെയാണ്

www.malankaralibrary.com


മൂലപദത്തിന്റെ അർത്ഥം. ശുശ്രൂഷ ചെയ്യുന്ന വ്യക്തിയാണ് മ്ശംശോനോ അഥവാ ശെമ്മാശൻ.

**2. വേദഗ്രന്ഥ അടിസ്ഥാനം**

പഴയനിയമത്തിൽ 'ശുശ്രൂഷിക്കുക' എന്ന പദം പുരോഹിതദൗത്യവുമായി ബന്ധപ്പെട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ബലിപീഠത്തിൽ ബലിയർപ്പിച്ചിരുന്ന അഹറോന്യകുടുംബത്തിലെ പുരോഹിതരുടെയും പുരോഹിതരെ സഹായിച്ചിരുന്ന ലേവ്യരുടെയും ദൈവാലയത്തിലെ സേവനങ്ങളെ സൂചിപ്പിക്കുന്നതിനാണ് ഈ പദം ഉപയോഗിച്ചിരുന്നത്.

**2.1 പഴയനിയമ അടിസ്ഥാനം**

പഴയനിയമത്തിൽ പുരോഹിതന്മാരോടുകൂടെ ദൈവാലയശുശ്രൂഷ നടത്തിയിരുന്നത് ലേവീഗോത്രക്കാരായിരുന്നു. ദൈവാലയത്തിലെ ശുശ്രൂഷകൾക്കാവശ്യമായ ഗാനങ്ങളാലപിക്കുക, ദൈവാലയം വൃത്തിയായി സൂക്ഷിക്കുക, ബലിമൃഗങ്ങളെ കൊല്ലുക, യഹൂദപാരമ്പര്യം കഥകളാക്കി ചുറ്റിസഞ്ചരിച്ചു പറയുക മുതലായവയായിരുന്നു ലേവീഗോത്രക്കാരുടെ ചുമതലകൾ. ലേവായരുടെ അധികാരം ദൈവാലയനിർമ്മിതിക്കുമുമ്പ് വാഗ്ദാനം ചെയ്യപ്പെട്ടതാണ്. യാക്കോബ് തന്റെ മക്കൾക്കുകൊടുക്കുന്ന ആശീർവാദത്തിൽ ഇതു പറയുന്നുണ്ട് (ഉല്പ. 49, 50). ഈ ആശീർവാദം പിന്നീടുള്ള കാലങ്ങളിൽ നിറവേറി എന്നേയുള്ളൂ. ജോഷ്വാ പന്ത്രണ്ടുഗോത്രങ്ങൾക്കു സ്ഥലം വീതിച്ചുകൊടുത്തപ്പോൾ ലേവീഗോത്രത്തിന് ഒന്നും നല്കിയില്ല. അവരുടെ അവകാശം ദൈവം മാത്രമായിരുന്നു. ഈ അവകാശമാണ് ദൈവാലയശുശ്രൂഷ. ദിനവൃത്താന്ത പുസ്തകത്തിലും നെഹമിയയുടെ പുസ്തകത്തിലും നല്ല ശബ്ദമുള്ള പാട്ടുകാരായ ലേവായരെപ്പറ്റി പരാമർശിക്കുന്നുണ്ട്. പുരോഹിനത്മാർ ബലിമൃഗത്തിന്റെ രക്തം ശേഖരിച്ച് ബലിപീഠത്തിൽ തളിക്കുക മാത്രമേ ചെയ്തിരുന്നുള്ളൂ. മറ്റുള്ള ജോലികളെല്ലാം ചെയ്തിരുന്നത് ലേവായരായിരുന്നു. ദാവീദ് രാജാവ് സാദോക്കിനെ പ്രധാനപുരോഹിതനാക്കിയശേഷം അഹറോന്റെ കുടുംബവും സാദോക്കിന്റെ കുടുംബവും പുരോഹിതശുശ്രൂഷ നിവർത്തിച്ചു വന്നിരുന്നു. എന്നാൽ ദൈവലയശുശ്രൂഷാ സഹായികളായി എക്കാലത്തും ലേവായർ തന്നെയായിരുന്നു. ഇതിന് എന്തെങ്കിലും വ്യത്യാസം വന്നതായി ചരിത്രപരമായ യാതൊരുതെളിവുമില്ല. ലേവിയുടെ സന്താനങ്ങളായിരുന്നു ഗെർഷോൻ, കൊഹാന്യത്, മെരാരി എന്നിവർ. ഇവരുടെ സന്താനപരമ്പര യഥാക്രമം ഗെർഷോന്യർ, കെഹാത്യർ, മെരാര്യയർ എന്നിങ്ങനെ അറിയപ്പെടുന്നു. ഇവരിൽ ഓരോ വിഭാഗക്കാർക്കും ദൈവാലയത്തിൽ വ്യത്യസ്ഥങ്ങളായ ഉത്തരവാദിത്തങ്ങളായിരുന്നു ഉണ്ടായിരുന്നത്(സംഖ്യ.3,4). പുതിയനിയമത്തിലെ

www.malankaralibrary.com


ദൈവാലയശുശ്രൂഷകരുടെ വിവിധങ്ങളായ ചുമതലകളുടെ മുന്നോടിയായി ഇതിനെ കാണാം.

**2.2 പുതിയനിയമ അടിസ്ഥാനം**

ശുശ്രൂഷയുടെ മഹനീയ മാതൃക വെളിപ്പെടുത്തുന്ന അനേകം ഭാഗങ്ങൾ പുതിയ നിയമത്തിലുണ്ട്. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ ശുശ്രൂഷകരുടെ ശ്രേഷ്ഠമായ മാതൃകകളാണ്. അവർ വിളിക്കപ്പെട്ടതും പ്രവർത്തിച്ചതും സഭയിലെ അടിസ്ഥാന ശുശ്രൂഷകരായിട്ടാണ്. പെസഹാഭക്ഷണത്തിനാവശ്യമായ ഒരുക്കങ്ങൾ നടത്താൻ പത്രോസിനെയും യോഹന്നാനെയും യേശു അയയ്ക്കുന്നു (ലൂക്ക.22:7-13). ഇതേ ഒരുക്കശുശ്രൂഷകളാണ് ഇന്നും സഭയിൽ മദ്ബഹാശുശ്രൂഷകരിലൂടെ നിർവഹിക്കപ്പെടുന്നത്. പൗരസ്ത്യ സുറിയാനി സഭാപിതാവായ മാർ അപ്രേം വി. കുർബാനയെ പെസഹാ രഹസ്യമായിട്ടാണ് കാണുന്നത്.

പുതിയനിയമത്തിൽ സഭയിലെ ശുശ്രൂഷകൾക്ക് പുരോഹിതരെ സഹായിക്കാനായി ഡീക്കന്മരെ തെരഞ്ഞെടുക്കുന്നതായി അപ്പസ്തോല പ്രവർത്തനത്തിൽ നാം കാണുന്നു (അ.പ്ര. 6:1-6). മദ്ബഹാ ശുശ്രൂഷയോടൊപ്പം സഭയിലെ ഭൗതിക ശുശ്രൂഷ ചെയ്യുകയെന്നതും ഡീക്കന്മാരുടെ ചുമതലയായിരുന്നു. പഴയനിയമത്തിൽ ലേവായരും പുതിയനിയമത്തിൽ ഡീക്കന്മാരുമാണ് ദൈവലായശുശ്രൂഷകരുടെ വേദഗ്രന്ഥ മുന്നോടികൾ.

ശുശ്രൂഷകരെ ദൈവമാണ് വിളിച്ചു വേർതിരിക്കുന്നത്. ദൈവം വിളിച്ച ഈ വ്യക്തികളെ വിവിധ വേലയ്ക്കായി നിയോഗിക്കുന്നത് (അ.പ്ര.13:3, 1 കൊരി. 12:28) പരിശുദ്ധാത്മാവാണ്. ഇപ്രകാരം ശുശ്രൂഷയ്ക്കായി വേർതിരിക്കുകയും നിയമിക്കുകയും ചെയ്യുന്ന രീതി ആദിമസഭയിൽ ഉണ്ടായിരുന്നു. (1 തിമോ. 4:14; 2 തിമോ. 1:6, അന്നത്ര. 6:6). ശുശ്രൂഷകന്മാർ എന്ന നിലയിൽ സഭ ചിലരെ വേർതിരിച്ചിരുന്നതായി അപ്പസ്തോല പ്രവർത്തികളിൽ പറയുന്നുണ്ട്. ഏഴ് ഡീക്കന്മാരെയാണ് (ശെമ്മാശന്മാർ) ആദ്യം തെരഞ്ഞെടുത്ത് (അ.പ്ര. 6:3). ഗ്രീക്കിലെ 'ഡിയാക്കോണെയിൻ' (diakonein) എന്ന വാക്കിൽ നിന്നാണ് 'ഡീക്കൻ' എന്ന വാക്കുണ്ടായത്. 'ഭക്ഷണ മേശയിൽ ശുശ്രൂഷിക്കുന്നവൻ' എന്നാണ് ഈ വാക്കിനർത്ഥം. ജീവന്റെ വിരുന്നുമേശയായ ത്രോണോസിൽ ശുശ്രൂഷിക്കുന്നവരാണ് ഇവർ എന്ന മഹനീയ തിരിച്ചറിവ് ഇത് നമുക്ക് തരുന്നു.

www.malankaralibrary.com


# അദ്ധ്യായം 3

## മദ്ബഹാശുശ്രൂഷയുടെ ദൈവശാസ്ത്രദർശനം

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം മദ്ബഹാശുശ്രൂഷയ്ക്ക് വലിയ പ്രധാന്യവും അർത്ഥവും കൈവന്നിട്ടുണ്ട്. ആരാധനാ തിരുക്കർമ്മങ്ങളിൽ മദ്ബഹാശുശ്രൂഷകർക്ക് ഒരു വലിയ സ്ഥാനവും മഹത്വവും ഉണ്ടെന്ന് സഭ അവരെ ബോദ്ധ്യപ്പെടുത്തുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനാക്രമത്തെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ (Sacrosanctum Concilium) ഇപ്രകാരം പറയുന്നു. "കർമ്മശുശ്രൂഷകർ, വായനക്കാർ, കർമ്മ വ്യാഖ്യാതാക്കൾ, ഗായകർ എന്നിവരും യഥാർത്ഥ തിരുക്കർമ്മാനുഷ്ഠാനമാണ് നിർവഹിക്കുന്നത്. അതുകൊണ്ട് ദൈവജനം അവരിൽനിന്ന് ന്യായമായി പ്രതീക്ഷിക്കുന്നത് ഉന്നതമായ ഈ തിരുക്കർമ്മത്തിനുചിതമായ ആത്മാർത്ഥഭക്തിയോടും ക്രമത്തോടുംകൂടിയ നിർവഹവുമാണ്. തന്മൂലം അവരോരോരുത്തരും തങ്ങളുടെ കഴിവനുസരിച്ച് തിരുക്കർമ്മചൈതന്യത്താൽ നിറയണം" (SC 29). ദൈവാലയ ശുശ്രൂഷയിലും തിരുക്കർമ്മത്തിലും വൈദികരോട് ഏറ്റം അടുത്തുനിന്ന് ദൈവികരഹസ്യങ്ങൾ പരികർമ്മം ചെയ്യുവാൻ സഭ ഔദ്യോഗികമായി ചുമതലപ്പെടുത്തുന്നവരാണ് മദ്ബഹാ ശുശ്രൂഷകർ. തിരുക്കർമ്മങ്ങളിൽ പങ്കുചേരുന്ന മദ്ബഹാ ശുശ്രൂഷകർ വിവിധ ശുശ്രൂഷകളിലൂടെ - വചന വായനകൾ, ധൂപം വീശൽ, ഗാനശുശ്രൂഷ എന്നിവയിലൂടെ - ആരാധന ഏറ്റവും ശ്രേഷ്ഠവും, മഹത്തരവും, ദൈവികവുമായി പരികർമ്മം ചെയ്യുവാൻ ശ്രദ്ധിക്കണം. അതിനാൽ, മദ്ബഹാ ശുശ്രൂഷകർക്ക് തിരുക്കർമ്മങ്ങളിൽ വലിയ സ്ഥാനവും മഹത്വവും ഉണ്ടെന്ന് സഭ അവരെ ഓർമ്മപ്പെടുത്തുന്നു.

ആരാധനയിലുടനീളം അവരുടെ ശുശ്രൂഷയും സാന്നിദ്ധ്യവും ആരാധനാസമൂഹത്തിന് മുഴുവൻ ദൃശ്യമാണ് എന്നതുകൊണ്ടുതന്നെ, ആരാധനയിൽ അവർ എങ്ങനെ പങ്കുചേരുന്നു, ദൈവാലയത്തിലും

www.malankaralibrary.com


വി. മദ്ബഹായിലും ശുശ്രൂഷയിലും അവർ എപ്രകാരം പെരുമാറുന്നു, അവർ എങ്ങനെ ഈ ശുശ്രൂഷയെ മനസ്സിലാക്കുന്നു എന്നതും വളരെ പ്രധാനപ്പെട്ടതു തന്നെ. അവർ എങ്ങനെ നിൽക്കുന്നു, ഇരിക്കുന്നു, മുട്ടുകുത്തുന്നു, ഓരോ കാര്യങ്ങളും കൃത്യസമയത്ത് എങ്ങനെ ചെയ്യുന്നു എന്നതും വിശ്വാസികൾ ശ്രദ്ധിക്കുന്നുണ്ട്. അതിനാൽ മദ്ബഹാ ശുശ്രൂഷകർ ഏവർക്കും മാതൃകയായി ഹൃദയം തുറന്ന് പാടുകയും, പ്രാർത്ഥിക്കുകയും ആത്മാർത്ഥതയോടും ഭയഭക്തിയോടും ശുശ്രൂഷകളിൽ പങ്കുചേരുകയും ചെയ്യുമ്പോൾ മറ്റുള്ളവർക്ക് വലിയ പ്രചോദനവും മാതൃകയുമായിത്തീരുന്നു. മദ്ബഹാ ശുശ്രൂഷകർ, വൈദികരെ ശുശ്രൂഷകളിൽ സഹായിക്കുക മാത്രമല്ല, ദൈവത്തെയും ആരാധനാസമൂഹത്തെ മുഴുവനായും വി. കുർബാനയിലൂടെയും കൂദാശകളിലൂടെയും മറ്റ് തിരുക്കർമ്മങ്ങളിലൂടെയും ശുശ്രൂഷിക്കുവാനും ഭാഗ്യം ലഭിച്ചവരാണ്. ദൈവാലയ ശുശ്രൂഷകളിലേക്ക് സഭ അവരെ ഔദ്യോഗികമായി ചുമതലപ്പെടുത്തുന്നു എന്നതുകൊണ്ട്, പ്രത്യേക പരിശീലനത്തോടും, ആത്മീയമായ ഒരുക്കത്തോടും, പ്രത്യേക കൈവയ്പ്പുശുശ്രൂഷയോടുംകൂടിയാണ് അവരെ ഈ ശുശ്രൂഷയിലേക്ക് നിയോഗിക്കേണ്ടത്. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു, "അന്യൂനമായും, ഭംഗിയായും തങ്ങളുടെ കടമകൾ നിർവഹിക്കുവാൻവേണ്ട പരിശീലനം അവർക്ക് ലഭിച്ചിരിക്കണം" (SC 29).

**മദ്ബഹാശുശ്രൂഷ – ഒരു സമർപ്പണം**

ബലിവേദിയിലെ ശുശ്രൂഷകനായിരിക്കുക എന്നത് ഒരു വിളിയും സമർപ്പണവുമാണ്. മദ്ബഹാശുശ്രൂഷകരുടെ സഹകരണ മനോഭാവം, ഈ ശുശ്രൂഷയിലുള്ള വിശ്വസ്തത, അവരുടെ ജീവിതവിശുദ്ധി, ആരാധനാകാര്യങ്ങളിലുള്ള അച്ചടക്കം, കൃത്യനിഷ്ഠ, ദൈവികകാര്യങ്ങളിലുള്ള ഭക്തി എന്നിവ ശുശ്രൂഷകരുടെ സമർപ്പണവുമായി ബന്ധപ്പെട്ടിരിക്കുന്നു. കൃത്യസമയത്ത് ശുശ്രൂഷയ്ക്കായി എത്തിച്ചേരുന്നുണ്ടോ, പങ്കുചേരുവാൻ പോകുന്ന ശുശ്രൂഷകളിൽ വേണ്ടത്ര ഒരുക്കമുണ്ടോ, ചെയ്യേണ്ടുന്ന കാര്യങ്ങളെപ്പറ്റി നിശ്ചയമുണ്ടോ എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. "ദൈവിക രഹസ്യങ്ങളുടെ വിശ്വസ്തരായ കാര്യസ്ഥർ എന്ന നിലയിൽ തങ്ങൾ ചെയ്യുന്നതെന്തെന്ന് പൂർണമായി ഗ്രഹിക്കുവാൻ" (SC 18, 19) അവർക്ക് സാധിക്കണം. ശുശ്രൂഷകൾ ഏറ്റം ആകർഷകവും, ദൈവാനുഗ്രഹപ്രദവുമായിത്തീരുവാൻ മദ്ബഹാ ശുശ്രൂഷകരുടെ സമ്പൂർണസമർപ്പണവും, സജീവ സാന്നിദ്ധ്യവും അത്യന്താപേക്ഷിതമാണ്. ഈ വിധത്തിൽ മദ്ബഹാ ശുശ്രൂഷകർ അവരുടെ ശുശ്രൂഷയുടെ മഹത്വത്തെയും സ്ഥാനത്തെയും ഈ ശുശ്രൂഷയുടെ ദൈവശാസ്ത്രപരമായ അർത്ഥത്തെയുംകുറിച്ച്

www.malankaralibrary.com


ബോദ്ധ്യമുള്ളവരാകണം. ആരാധനയെപ്പറ്റിയും, ശുശ്രൂകളെപ്പറ്റിയും വ്യക്തമായ ധാരണയും ആഴമുള്ള അറിവും ഉള്ളവരാകണം. ബലിവേദിയിലെ ശുശ്രൂഷകർ സഭയേയും ആരാധനയേയും സ്നേഹിക്കുന്നവരാകണം. എന്താണ്, എങ്ങനെയാണ് ഈ ശുശ്രൂഷ നിർവഹിക്കുന്നതെന്നും, സഭ എന്താണ് തങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നതെന്നും ബോദ്ധ്യമുള്ളവരാകണം. ശുശ്രൂഷകൾ അനുഷ്ഠിക്കുമ്പോൾ, അതിൽ ബോധപൂർവവും സജീവവും, പൂർണ്ണവുമായ ഭാഗഭാക്കുകളാകുവാൻ (SC. 14) അവർക്ക് കഴിയണം. അതനുസരിച്ചുള്ള സജീവഭാഗഭാഗിത്വമാണ് സഭ ഈ ശുശ്രൂഷകരിൽനിന്നും പ്രതീക്ഷിക്കുന്നത്.

**ദൈവത്തിനും ദൈവജനത്തിനുമുള്ള ശുശ്രൂഷ**

മദ്ബഹാശുശ്രൂഷകരുടെ, തിരുക്കർമ്മങ്ങളിലുള്ള ഭാഗഭാഗിത്വം ജ്ഞാനസ്നാനഫലമായ അവരുടെ അവകാശവും ധർമ്മവുമാണ്. "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പുരോഹിതഗണവും, വിശുദ്ധ ജനതയും, ദൈവത്തിന്റെ സ്വന്തജനവുമാണ്" (1 പത്രോ. 2:9). ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ ഭൗതിക ശരീരത്തിലെ അവയവങ്ങളായിത്തീർന്ന ശുശ്രൂഷകർ, ക്രിസ്തുവിന്റെതന്നെ രക്ഷാകരശുശ്രൂഷയിൽ പങ്കുചേരുന്ന തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമാണ്. അവർ രാജകീയ പുരോഹിതഗണമാണ്. അവർ ദൈവത്തെയും ദൈവജനത്തെയും ശുശ്രൂഷിക്കുവാൻ അവകാശമുള്ളവരാണ്. അതിനാൽ ഈ വലിയ ശുശ്രൂഷ ഏറ്റം ബഹുമാനത്തോടും, വിശ്വസ്തതയോടും ഉത്തരവാദിത്വത്തോടും ഭയഭക്തിയോടും കൂടിയാണ് അവർ നിറവേറ്റേണ്ടത്. ഏറ്റവും വിശുദ്ധവും പരിപാവനവുമായ ശുശ്രൂഷകളിൽ സാന്നിദ്ധ്യംകൊണ്ടും സഹകരണംകൊണ്ടും ഉൾച്ചേരുവാൻ നിയുക്തരായവർ, യേശുവിന്റെ വചനവും കൂദാശയുമാകുന്ന വി. കുർബാനയിൽ പങ്കുചേരുമ്പോൾ, സുവിശേഷത്തിലൂടെ അവർ യേശുവിന്റെ വചനം ഗ്രഹിക്കുകയും, പ്രാർത്ഥനയിലൂടെയും യേശുവിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുന്നതിലൂടെയും, ആ ദൈവവചനത്തോട് പ്രതികരിക്കുകയും ചെയ്യുന്നു.

**അതുല്യരഹസ്യവും, പങ്കുചേരലും**

യാഗവേദിയിലെ ശുശ്രൂഷ ഒരു വലിയ രഹസ്യവും (great mystery) ആ ദൈവികരഹസ്യത്തിലുള്ള പങ്കുചേരലുമാണ്. ശുശ്രൂഷകർക്ക്, മാമോദീസായിലൂടെ അവർ ഏറ്റുപറഞ്ഞ വിശ്വാസത്തിൽ ജീവിക്കുവാൻ സാധിക്കണം. പ്രാർത്ഥിക്കുന്നത് വിശ്വസിക്കുവാനും, വിശ്വസിക്കുന്നത് പ്രാർത്ഥിക്കുവാനും, പ്രാർത്ഥിക്കുന്നതും വിശ്വസിക്കുന്നതും ജീവിക്കുവാനും (lex orandi, lex credendi, lex vivendi) അവർക്ക് കൂടുതൽ സന്ദർഭം

www.malankaralibrary.com


ലഭിക്കുന്നു. ദൈവവചനത്തിന്റെ രക്ഷാകര ശക്തിയിലും, സാന്നിദ്ധ്യത്തിലും, വി. കുർബാനയിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിലും നിന്ന് പ്രത്യാശ ഉൾകൊണ്ട് ജീവിക്കുവാൻ അവർക്ക് സാധിക്കണം. പ്രാർത്ഥനയിലൂടെയും, ധ്യാനത്തിലൂടെയും, തിരുക്കർമങ്ങളിലുള്ള സജീവപങ്കാളിത്തത്തിലൂടെയും, വി. കുർബാനയിൽ യഥാർത്ഥത്തിൽ സംഭവിക്കുന്നത് ജീവിതത്തിലും സംഭവിക്കുവാൻ അവർക്ക് ഇടയാകണം. അതിനാൽ വി. കുർബാനയുടെ മുമ്പും, വി. കുർബാനയിലും, വി. കുർബാനയ്ക്കുശേഷവും ശ്രദ്ധയോടും, ഭക്തിയോടും, ചിട്ടയോടുംകൂടെ ജീവിക്കുവാൻ ശുശ്രൂഷകർക്ക് കഴിയണം. അതുകൊണ്ട് ഭക്തിയോടും, അത്ഭുതത്തോടും, കൃതജ്ഞതയോടുംകൂടി ദൈവം അവരോടു കാണിക്കുന്ന വലിയ സ്നേഹത്തോടും കരുണയോടും പ്രതികരിക്കുവാൻ, ആത്മീയ തീക്ഷണതയിൽ നിറഞ്ഞ് ദൈവികസാന്നിദ്ധ്യത്തിൽ പങ്കുകാരാകുവാൻ, അതിന്റെ ശുശ്രൂഷകരാകുവാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു.

**നിത്യപുരോഹിതനായ ക്രിസ്തുവിന്റെ ശുശ്രൂഷകർ**

2001 ഓഗസ്റ്റ് 1-ാം തീയതി പൊതുദർശനവേളയിൽ, ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ, വത്തിക്കാനിൽ തടിച്ചുകൂടിയ ആയിരക്കണക്കിന് അൾത്താരബാലകരോടായി പറഞ്ഞു, "പ്രിയപ്പെട്ട അൾത്താരശുശ്രൂഷകരേ, വളരെ സന്തോഷത്തോടെ ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്നു. അൾത്താരയോടുള്ള നിങ്ങളുടെ സമർപ്പണം ഒരു ചുമതല മാത്രമല്ല, മറിച്ച്, ഒരു വലിയ മഹത്വമാണ്. വിശുദ്ധവും ദൈവികവുമായ ഒരു ശുശ്രൂഷയുമാണ്. അൾത്താരശുശ്രൂഷകരുടെ വസ്ത്രം തന്നെ അതാണ് സൂചിപ്പിക്കുക. യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ശുശ്രൂഷയ്ക്കായി വിളിക്കപ്പെടുന്ന വ്യക്തി സ്വീകരിക്കുന്ന മഹത്വവസ്ത്രമാണ് അൾത്താരശുശ്രൂഷകന്റെ വസ്ത്രം. മാമോദീസായാൽ ഒരുവൻ പുതുവസ്ത്രം സ്വീകരിക്കുന്നതുപോലെ ക്രിസ്തുവിനോട് ഐക്യപ്പെടുവാൻവേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിക്കണം" (ഗലാ. 3:27). മാർപാപ്പാ തുടർന്നു പറയുന്നു, "അൾത്താരശുശ്രൂഷകരേ, നിങ്ങൾ സ്വീകരിച്ച മാമോദീസായാണ്, അൾത്താരശുശ്രൂഷയ്ക്കുള്ള മഹത്വവസ്ത്രത്തിനും, അൾത്താരശുശ്രൂഷയ്ക്കും നിങ്ങളെ യോഗ്യരാക്കിയിരിക്കുന്നത്. ഈ ശുശ്രൂഷ നിങ്ങളുടെ മെത്രാന്മാരോടും വൈദികരോടും, ശെമ്മാശന്മാരോടും ഏറ്റം അടുത്തു നിൽക്കുവാൻ നിങ്ങളെ പ്രാപ്തരാക്കുന്നു (SC. 29 - 30). ആരാധനാ തിരുക്കർമ്മങ്ങളിൽ വിശേഷാവകാശമുള്ള ഒരു വലിയ സ്ഥാനം (privileged place) നിങ്ങൾ അലങ്കരിക്കുന്നു. തിരുക്കർമ്മങ്ങളിൽ ശുസ്രൂഷിക്കുന്ന വ്യക്തി അവനെത്തന്നെ ആരാധനാസമൂഹത്തിന് വെളിപ്പെടുത്തുന്നു. ഓരോ

www.malankaralibrary.com


ആരാധനയിലൂടെയും ശുശ്രൂഷയിലൂടെയും, അതിൽ സന്നിഹിതനും ജീവിക്കുന്നവനുമായ യേശുക്രിസ്തുവിനെ കൂടുതൽ അനുഭവിച്ചറിയുവാൻ മദ്ബഹാശുശ്രൂഷകർക്ക് സാധിക്കുന്നു. അതിനാൽ, ശുശ്രൂഷകർ പുരോഹിതരെ മദ്ബഹായിൽ ഏറ്റം അടുത്ത് നിന്ന് സഹായിക്കുന്ന വ്യക്തികളെന്നതിലുപരി നിത്യമഹാപുരോഹിതനായ യേശുക്രിസ്തുവിനെ ശുശ്രൂഷിക്കുന്നവരാണ്".

## യേശുവിന്റെ യുവസുഹൃത്തുക്കൾ

മദ്ബഹാശുശ്രൂഷകരോടായി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വീണ്ടും പറയുന്നു, "നിങ്ങൾ യേശുവിന്റെ യുവസുഹൃത്തുക്കളാകുവാൻ പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുന്നു. ഈ സൗഹൃദവും ബന്ധവും, അതിന്റെ ആഴത്തിലും, ദൃഢതയിലും കാത്തുസൂക്ഷിക്കുവാൻ അവകാശം ലഭിച്ചവരാണ് നിങ്ങൾ. അതിലൂടെ നിങ്ങളുടെ ജീവിതത്തിൽ ഒരുത്തമ സുഹൃത്തിനെ യേശുവിൽ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. യേശുക്രിസ്തുവുമായുള്ള ഈ സൗഹൃദത്തിലൂടെ പൗരോഹിത്യത്തിലേക്കുള്ള വിളിയും അൾത്താരശുശ്രൂഷകർക്ക് കണ്ടെത്തുവാൻ സാധിക്കും. കാരണം, യഥാർത്ഥ ഐക്യവും സ്നേഹവും സൗഹൃദവും, പരസ്പരം സഹായിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള സന്നദ്ധതയെ ഉൾക്കൊള്ളുന്നു" (Public Audience, 1 ഓഗസ്റ്റ് 2001).

## ലോകത്തിന്റെ പ്രകാശം

മദ്ബഹാശുശ്രൂഷകർ ലോകത്തിന്റെ പ്രകാശമാണ്. അവർ കൈകളിൽ വഹിക്കുന്ന തിരി യേശുക്രിസ്തു മലയിലെ പ്രസംഗത്തിൽ സൂചിപ്പിച്ച വചനത്തെ അനുസ്മരിപ്പിക്കുന്നു. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ. 5:14). മദ്ബഹാ ശുശ്രൂഷകളിൽ അവർ വഹിക്കുന്ന തിരി ഒരു പ്രതീകമാണ് – അവരുടെ തന്നെ ജീവിതത്തിന്റെ പ്രതീകം. മദ്ബഹാ ശുശ്രൂഷ ദൈവാലയത്തിനുള്ളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല, പ്രകാശത്തിന്റെ ആ ശുശ്രൂഷ ദൈവാലയത്തിനു പുറത്തും, ഓരോ ദിവസത്തെ ജീവിതത്തിലും പ്രതിഫലിക്കേണ്ടതാണ്. കുടുംബത്തിലും വിദ്യാലയത്തിലും സമൂഹത്തിന്റെ വ്യത്യസ്തമേഖലകളിലും പ്രകാശമായിത്തീരേണ്ടതാണ് അവരുടെ ജീവിതം. ദൈവാലയത്തിൽ യേശുക്രിസ്തുവിനെ ശുശ്രൂഷിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരുവ്യക്തിയും, ദൈവാലയത്തിൽ മാത്രമല്ല, എല്ലായിടത്തും യേശുക്രിസ്തുവിന് സാക്ഷിയാകുവാൻ, പ്രകാശത്തിന്റെ വാഹകരാകുവാൻ വിളിക്കപ്പെട്ടവരാണ്. ദൈവാലയത്തിനുള്ളിൽ അവർ കത്തിച്ചു പിടിക്കുന്ന തിരിയുടെ പ്രകാശം, അന്ധകാരത്തിലും ജീവിതത്തിന്റെ ദുർഘടഘട്ടങ്ങളിലും ജീവിക്കുന്നവർക്ക് സുവിശേഷത്തിന്റെ പ്രകാശമായി മാറണം.

www.malankaralibrary.com


# അദ്ധ്യായം 4

## മദ്ബഹാശുശ്രൂഷകരുടെ വിളിയും ഉൾവിളിയും

സ്വർഗരാജ്യത്തിന്റെ ഭൂമിയിലെ ആവിഷ്ക്കാരമാണ് സഭ. യേശു ക്രിസ്തുവിന്റെ മൗതികശരീരമായ സഭ ഭൂമിയിലെ ദൈവരാജ്യമാണ്. ശിരസ്സായ ക്രിസ്തുവിൽ സഭാഗാത്രം സമന്വയിക്കപ്പെട്ടിരിക്കുന്നു. വി. പൗലോസിന്റെ വാക്കുകളിൽ സഭ മണവാട്ടിയും ക്രിസ്തു സഭയുടെ മണവാളനുമാണ് (എഫേ. 5:24). ചുരുക്കത്തിൽ, യേശുക്രിസ്തുവും സഭയുമായി അതുല്യവും അഭേദ്യവുമായ ഒരു ബന്ധമാണുള്ളത്. യേശുവിൽ ആരംഭിച്ച മനുഷ്യരക്ഷ സഭയിലൂടെ അന്യൂനം തുടരണമെന്നുള്ളതാണ് ദൈവിക പദ്ധതി. കൂദാശകളുടെ പരികർമ്മത്തിലൂടെ, ആരാധനാജീവിതത്തിലൂടെ സഭ ഈ ദൗത്യം അഭംഗുരം തുടരുകയും ചെയ്യുന്നു.

സഭയുടെ പ്രതീകവും സ്വർഗത്തിന്റെ പ്രതിച്ഛായയുമാണ് ദൈവാലയം അഥവാ പള്ളി. ദൈവാലയത്തിൽ സഭ സന്നിഹിതമായിരിക്കുന്നു. യേശുമിശിഹായിൽ ആരംഭിച്ച രക്ഷാകര പ്രവർത്തനം ഈ ഭൂമിയിൽ സഭയുടെ പ്രതിരൂപമായ ദൈവാലയത്തിലൂടെ സർവ മനുഷ്യസമൂഹത്തിനും സമീപസ്ഥവും സംലഭ്യവുമാക്കപ്പെടുന്നു. സഭയുടെ രക്ഷാകര നിയോഗം ദൈവാലയത്തിൽ സാക്ഷാത്ക്കരിക്കപ്പെടുന്നു.

ദൈവാലയത്തിൽ അനുപമവും അനിതര സാധാരണവുമായ ദൈവസാന്നിധ്യമാണുള്ളത്. പരിശുദ്ധ ത്രിത്വവും, അദൃശ്യസഭയിലെ മാലാഖവൃന്ദങ്ങളും, വിശുദ്ധരുടെ സമൂഹവും അവിടെ സമജ്ഞസമായി സമ്മേളിക്കുന്നു. താബോർമലയിൽ എന്നപോലെ സ്വർഗത്തിന്റെ ആവിഷ്ക്കാരം നടക്കുന്നതിനാൽ ദൈവികാരാധനയിൽ പങ്കുചേരുന്നതു വഴി സ്വർഗാനുഭൂതിയിൽ വളരുവാൻ സാധിക്കുന്നു.

ദൈവത്തിന്റെ ചതുർവിധസാന്നിദ്ധ്യമാണ് ദൈവാലയത്തെ ഗാർഹിക സഭയിൽ നിന്ന് വിത്യസ്തമാക്കുന്നത്. പ്രഥമതാ, എല്ലായിടത്തും

www.malankaralibrary.com


ഉള്ളതുപോലെ അവിടുത്തെ സാർവജനീനമായ സാന്നിദ്ധ്യം ദൈവാലയത്തിലുമുണ്ട്. രണ്ടാമതായി, “എന്റെ നാമത്തിൽ ഒന്നോ രണ്ടോ പേർ എവിടെ കൂടിയാലും അവരുടെ മദ്ധ്യേ ഞാനുണ്ടാകും” (മത്താ. 18:20) എന്ന വാഗ്ദാനം ചെയ്യപ്പെട്ട സാന്നിദ്ധ്യം പൂർണമായി ദൈവാലയത്തിലുണ്ട്. മൂന്നാമതായി ദൈവത്തിനുവേണ്ടി പ്രത്യേകം ഒരുക്കപ്പെട്ട് സമർപ്പിതമായതിനാൽ ദൈവാലയത്തിൽ ദൈവത്തിന്റെ പ്രതിഷ്ഠിത സാന്നിദ്ധ്യമുണ്ട്. നാലാമതായി, തന്റെ തിരുശരീര രക്തത്തിലൂടെയും ഇതര കൂദാശകളിലൂടെയും ദൈവത്തിന്റെ കൗദാശിക സാന്നിദ്ധ്യം ഇവിടെയുണ്ട്. നാലുവിധത്തിലുള്ള ഈ ദൈവിക സാന്നിദ്ധ്യങ്ങൾ ദൈവാലയത്തിന്റെ മാത്രം പ്രത്യേകതയാണ്. ദൈവാലയത്തിൽ പോകുന്നതിന്റെ പ്രസക്തിയും, അവിടെ നടത്തപ്പെടുന്ന ആരാധനയുടെ മഹത്വവും ഇതിൽനിന്നു വ്യക്തമാണ്. ദൈവാലയത്തിൽ പോയി പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യം നിരാകരിക്കുന്നവർക്കുള്ള മറുപടിയും ഇതുതന്നെ.

മുകളിൽ വെളിവാക്കപ്പെട്ട ദൈവികരഹസ്യങ്ങളിൽ പങ്കുകാരാവുക എന്നത് നിശ്ചയമായും ദൈവനിയോഗമാണ്. ബലിവേദിയിൽ ശുശ്രൂഷിക്കുക എന്നത് യഥാർത്ഥത്തിൽ ഒരു ദൈവികവിളിയാണ്. ദൈവാനുഭവത്തിൽ ഒരു വ്യക്തിക്ക് ഉണ്ടാകുന്ന ഉൾവിളിയാണ് അതിന്റെ അടിസ്ഥാനം. ചുരുക്കത്തിൽ, ദൈവനിയോഗം ലഭിക്കാത്തവർക്ക് മദ്ബഹായിൽ ശുശ്രൂഷിക്കാൻ കഴിയില്ല. ദൈവം വിളിച്ചവർക്ക് ലഭിക്കുന്ന സൗഭാഗ്യമാണ് ഈ വിളിയും ഉൾവിളിയും. പിതാവായ ദൈവത്തിന്റെ മാർവ്വിടം, പറുദീസ, ആത്മീയസീനായ് എന്നിങ്ങനെ വിശേഷിപ്പിക്കപ്പെടുന്ന മഹാവിശുദ്ധസ്ഥലമായ മദ്ബഹായിൽ ശുശ്രൂഷിക്കാൻ അവസരം ലഭിക്കുകയെന്നുള്ളത് ദൈവത്തിന്റെ മഹാകരുണ മാത്രമാണ്. ദൈവകാരുണ്യത്താൽ ബലഹീനരായ മനുഷ്യർക്ക് നൽകപ്പെട്ട സമ്മാനമാണ് മദ്ബഹാ ശുശ്രൂഷ.

പൗരസ്ത്യ സഭാപാരമ്പര്യത്തിൽ മദ്ബഹാ ശുശ്രൂഷകർക്ക് വിവിധ പട്ടങ്ങളും (മൗദ്യോനോ, മ്സമറോനോ, കോറൂയോ, ഹെവുപ്പദ്യാക്കോനോ, മ്ശംശോനോ), വിവിധ തരം അംശവസ്ത്രങ്ങളും ഉണ്ട്. ശുശ്രൂഷക്കുപ്പായവും, ഇടക്കെട്ടും, ഊറാറയുമൊക്കെ ഈ സ്ഥാനത്തിന്റെ പ്രസക്തിയും, പ്രത്യേകതയും വിളിച്ചറിയിക്കുന്നു. പദവിക്കനുസരിച്ച് ഓരോരുത്തരുടെ ശുശ്രൂഷയും നിജപ്പെടുത്തിയിട്ടുമുണ്ട്.

അനുകൂലമായ കുടുംബപശ്ചാത്തലം ഈ ശുശ്രൂഷയിലെക്കുള്ള വിളിയുടെയും ഉൾവിളിയുടെയും അടിസ്ഥാന ഘടകമാണ്. ദൈവവിശ്വാസം പരിപാലിക്കപ്പെടുന്ന, പ്രാർത്ഥനയുടെ അന്തരീക്ഷം

www.malankaralibrary.com


നിലനിൽക്കുന്ന, മാതൃകാപരമായ ജീവിതം നയിക്കുന്ന കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുട്ടികളിൽ ദൈവിക കാര്യങ്ങളോട് താത്പര്യം ഉണ്ടാവുക തീർത്തും സ്വാഭാവികം തന്നെ. ഈ താത്പര്യം ഉൾവിളിയുടെ നിഴലാണ്. ഈ നിഴലിന്റെ യഥാർത്ഥ്യമാണ് വിളിയും തുടർന്നുള്ള ശുശ്രൂഷയും. ശുശ്രൂഷകരുടെ കുടുംബ പശ്ചാത്തലം പരിശോധിച്ചാൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാകും. ചുരുക്കത്തിൽ, നല്ല കുടുംബാന്തരീക്ഷം മദ്ബഹാശുശ്രൂഷാ നിയോഗത്തിന്റെ അടിസ്ഥാന ഘടകമാണ്.

www.malankaralibrary.com


# അദ്ധ്യായം 5

# മദ്ബഹാശുശ്രൂഷകരും ആവശ്യമായ ഒരുക്കങ്ങളും

സഭയിൽ ഓരോരോ ശുശ്രൂഷകൾക്കും അതിന്റേതായ പ്രാധാന്യമുണ്ട്. ഓരോ വ്യക്തിയും താൻ നിയോഗിക്കപ്പെടുന്ന ശുശ്രൂഷയുടെ ഗൗരവം മനസ്സിലാക്കി തദനുസൃതം, തന്നെത്തന്നെ ആ ശുശ്രൂഷയ്ക്കായി ഒരുക്കുമ്പോൾ പ്രസ്തുത ശുശ്രൂഷ ഫലപ്രദവും അനുഗ്രഹദായകവുമാകും. ഒരുക്കമില്ലാതെ നിർവഹിക്കപ്പെടുന്ന കർമ്മങ്ങളിൽ ആത്മാർത്ഥതയും, ആത്മാർപ്പണവും ഉണ്ടാകില്ല. ത്യാഗം ഏറ്റെടുക്കുമ്പോഴാണ് മുൻകൂട്ടിയുള്ള ഒരുക്കം സാധ്യമാകുക. ത്യാഗത്തിന്റെ വില നൽകാത്ത ഏതൊരു ശുശ്രൂഷയും പ്രകടനങ്ങളും പ്രഹസനങ്ങളായി പരിണമിക്കും.

യാഗവേദിയിൽ ശുശ്രൂഷചെയ്യാൻ വിളിക്കപ്പെടുന്നവർ എന്തുകൊണ്ട് മുൻകൂട്ടി ഒരുങ്ങണം, എങ്ങനെ ഒരുങ്ങണം എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണം. ആദ്യമേ, എന്തുകൊണ്ട് ഒരുങ്ങണം എന്ന ചോദ്യത്തെ നിഷ്പക്ഷമായി വിലയിരുത്താം.

ഒന്നാമതായി, ഈ ശുശ്രൂഷയുടെ മഹത്വവും പ്രാധാന്യവും ആ ശുശ്രൂഷയിൽ ഉൾപ്പെട്ടിരിക്കുന്നവർ എത്രമാത്രം ഒരുക്കമുള്ളവരാകണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തുക, അവിടുത്തെ പ്രതിപുരുഷസ്ഥാനത്തു നിൽക്കുന്ന വൈദികരെ സഹായിക്കുക, ദൈവജനത്തെ ആരാധനാശുശ്രഷയിൽ സജീവമാക്കുക തുടങ്ങിയ ശുശ്രൂഷകരുടെ ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണതയിൽ നിർവഹിക്കുന്നതിന് വേണ്ട തയ്യാറെടുപ്പുകൾ നിശ്ചയമായും ഉണ്ടാകണം. ശുശ്രൂഷയുടെ മഹത്വം ശുശ്രൂഷകനെ മഹത്വീകരിക്കുന്നു.

രണ്ടാമതായി, താൻ ശുശ്രൂഷ ചെയ്യുന്ന സ്ഥലത്തിന്റെ പരിശുദ്ധിയും മഹനീയതയും ശുശ്രൂഷകനെ ശരിയായ ഒരുക്കത്തിന് ആഹ്വാനം ചെയ്യുന്നു. ദൈവസാന്നിദ്ധ്യത്താൽ ശോഭിതമായ ഹോറേബ് മലയിലേക്ക്

www.malankaralibrary.com


പ്രവേശിച്ച മോശയോട് യഹോവ കല്പിക്കുന്നു, "നിന്റെ ചെരുപ്പ് അഴിച്ചുമാറ്റുക. എന്തുകൊണ്ടെന്നാൽ നീ നിൽക്കുന്ന സ്ഥലം പരിശുദ്ധ മാണ്" (പുറ. 3:5) യഹോവയും ഇസ്രായേൽ ജനവുമായി ഉടമ്പടി നടന്ന സ്ഥലമായ സീനായ് പർവതത്തെ സമീപിക്കുന്നതിനു മുമ്പുള്ള വിശുദ്ധി കരണത്തെക്കുറിച്ച് പുറപ്പാട് 19-ാം അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നു. അങ്ങ നെയെങ്കിൽ, ഭൂമിയിലെ സ്വർഗ്ഗമായ മദ്ബഹായിൽ ദൈവത്തിന്റെ കൗദാ ശിക സാന്നിദ്ധ്യം അനർഗളമായി നിറഞ്ഞുനിൽക്കുന്ന മദ്ബഹായിൽ പ്രവേശിക്കുന്ന, അവിടെ ശുശ്രൂഷചെയ്യുന്ന ഒരു വ്യക്തി എത്രമാത്രം ആത്മീയമായും ശാരീകമായും ഒരുക്കമുള്ളവനായിരിക്കണം. അവിശുദ്ധ മായി വിശുദ്ധസ്ഥലത്തു പ്രവേശിക്കാനോ വിശുദ്ധിയില്ലാതെ വിശുദ്ധ വസ്തുക്കൾ സ്പർശിക്കാനോ പാടില്ല.

ഒരു ശുശ്രൂഷകന് താൻ നിർവഹിക്കുന്ന ശുശ്രൂഷകൾക്കാവശ്യ മായ ഒരുക്കം ഉണ്ടായിരിക്കണമെന്ന് മുകളിൽ സൂചിപ്പിച്ച കാര്യങ്ങളിൽനിന്ന് വ്യക്തമാണ്. ഇനിയും, ഈ ഒരുക്കം എങ്ങനെ ആകണം, ഏതൊക്കെ തരത്തിലായിരിക്കണമെന്ന് വിലയിരുത്താം.

ആന്തരികവും ബാഹ്യവുമായ ഒരുക്കങ്ങളാണ് ഏറ്റവും പ്രധനപ്പെട്ടവ. ആന്തരിക തയ്യാറെടുപ്പ് ആത്മീയ ഒരുക്കത്തെ സൂചിപ്പി ക്കുന്നു. നിയോഗശുദ്ധി, പ്രാർത്ഥന, ഉപവാസം, വി. കുമ്പസാരം തുടങ്ങിയ ഭക്താഭ്യാസങ്ങളിലൂടെ ശുശ്രൂഷകർക്ക് ഈ വിശുദ്ധി ആർജ്ജി ക്കാവുന്നതാണ്. വിശ്വാസകാര്യങ്ങളിലുള്ള അടിസ്ഥാനപരമായ അറിവ്, നിർവഹിക്കുന്ന ശുശ്രൂഷയെക്കുറിച്ചുള്ള അവബോധം ഇവയൊക്കെ ആന്തരിക പരിശുദ്ധിയെ ആഴപ്പെടുത്തും.

ബാഹ്യമായ പരിശുദ്ധി ശുശ്രൂഷകർ പുറമേ ആർജ്ജിക്കേണ്ട ജീവി താവസ്ഥയെ സൂചിപ്പിക്കുന്നു. ശാരീരികശുദ്ധി, വൃത്തിയായ വസ്ത്രധാ രണം, മാന്യവും മാതൃകാപരവുമായ ജീവിതശൈലി ഇവയൊക്കെയാണ് ഇതുകൊണ്ട് അർത്ഥമാക്കുക. ശാരീരികമായ ശുദ്ധി പൊതുമാന്യതയുടെ ഭാഗം കൂടിയാണ്. കാരണം, ഒരു ശുശ്രൂഷകൻ പൊതുസമൂഹത്തിലാണ് തന്റെ ശുശ്രൂഷ നിർവഹിക്കുക. അതിനാൽത്തന്നെ ശുശ്രൂഷകന്റെ ജീവിത ശൈലിയും, പെരുമാറ്റവും, വസ്ത്രധാരണവുമൊക്കെ പൊതു മാന്യ തയ്ക്കു ചേർന്നവിധമായിരിക്കണം. മോടിയായ വിലപിടിപ്പുള്ള വസ്ത്ര ധാരണമോ, മറ്റ് ആഡംബര രീതികളോ കൈക്കൊള്ളണമെന്നല്ല ഇതിന്റെ അർത്ഥം; മറിച്ച് അവരവരുടെ സാഹചര്യമനുസരിച്ച് വിനയാന്വിതനായി ബാഹ്യമായ ശുദ്ധി കാത്തുസൂക്ഷിക്കണമെന്നാണ്.

വൃത്തിയും വിശുദ്ധിയും അടുത്തുനില്ക്കുന്ന ഘടകങ്ങളാണ്.

www.malankaralibrary.com


വിശുദ്ധിയുടെ പൂർണതയാണ് ദൈവം. വൃത്തി ആഡംബരത്തിലേക്കു വഴിമാറുന്നെങ്കിൽ അത് ആപത്കരമാണ്. പാപവും ഇടർച്ചയുമൊക്കെ അതിൽ പതിയിരിപ്പുണ്ടെന്നുള്ള സത്യം വിസ്മരിക്കരുത്.

അതുപോലെതന്നെ ബലിവേദിയിലെ ശുശ്രൂഷകന് അകന്ന ഒരുക്കങ്ങളും അടുത്ത ഒരുക്കങ്ങളും അനിവാര്യമാണ്. അകന്ന ഒരുക്കം വിവിധതലങ്ങളിൽ നേടിയെടിക്കാവുന്നതാണ്. അതിൽ ഏതാനും ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു. ഇവയിൽ മിക്കതും കുടുംബാന്തരീക്ഷത്തിൽ പാലിക്കപ്പെടേണ്ടതാണ്.

1. ശുശ്രഷയ്ക്കാവശ്യമായ പരിശീലനം അറിവുള്ളവരിൽനിന്ന് ഹൃദിസ്ഥമാക്കുക. പ്രാർത്ഥനകൾ നന്നായി വായിക്കാൻ പഠിക്കുക.
2. ശുശ്രൂഷ സംബന്ധിച്ചുള്ള ആഴമായ അറിവ് നല്ല ഗ്രന്ഥങ്ങൾ വായിച്ച് ഉൾക്കൊള്ളുക. ആഴമായ അറിവ് ഉത്തരവാദിത്വപൂർണമായ ശുശ്രൂഷയ്ക്ക് വെളിച്ചം പകരും.
3. വചന വായന, പ്രത്യേക പ്രാർത്ഥന, ഉപവാസം ഇവയിലൂടെ ഭവനത്തിൽ വച്ചുതന്നെ ആവശ്യമായ ഒരുക്കം സമ്പാദിക്കുക.
4. വിശുദ്ധ കുമ്പസാരം, ശുശ്രൂഷയ്ക്ക് മുമ്പായി നടത്തി ആത്മീയമായ കൃപാവരത്തിലായിരിക്കുക.
5. ദൈവാലയത്തിൽ നിർവഹിക്കാനുള്ള പ്രത്യേക ശുശ്രൂഷയെ തലേദിവസം ഓർമ്മിക്കുകയും ആവശ്യമായ പരിശീലനം അതിൽ ഉറപ്പാക്കുകയും ചെയ്യുക.
6. കൂടെ ശുശ്രൂഷചെയ്യുന്ന മറ്റു ശുശ്രൂഷകരുമായി നേരിട്ടോ അല്ലാതെയോ മുൻകൂട്ടി ആശയവിനിമയം നടത്തുക. വ്യക്തിപരമായ പ്രാർത്ഥനകളിൽ അവരെയും അനുസ്മരിക്കുക.

ഏറ്റവും അടുത്തുള്ള ഒരുക്കം പ്രത്യേക ശുശ്രൂഷയ്ക്കായി ദൈവാലയത്തിൽ എത്തിച്ചേരുന്നതുമുതൽ ശുശ്രൂഷയുടെ അവസാന നിമിഷംവരെ നീണ്ടുനിൽക്കുന്നതാണ്. ഇതിലേയ്ക്ക് ഏതാനും നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1. കൃത്യസമയത്തിനുമുമ്പ് ദൈവാലയത്തിൽ എത്തിച്ചേരുക.
2. ദൈവാലയത്തിൽ പ്രവേശിച്ചാലുടൻ മദ്ധ്യഭാഗത്തു തല വണങ്ങി, ഒരു വശത്തേക്കുമാറി മുട്ടുകുത്തി, ശിരസ്സു നമിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന ഭക്തിപൂർവം ചൊല്ലുക.

www.malankaralibrary.com


*"ദൈവമേ ആദരപൂർവ്വം നിന്റെ ഭവനത്തിൽ വന്ന് എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും"*

*മദ്ബഹായിൽ പ്രവേശിക്കുമ്പോൾ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ചൊല്ലുക.*

*"കർത്താവേ അങ്ങേ ഭവനത്തിലേക്ക് ഞാൻ കടന്നു വന്നിരിക്കുന്നു. എന്നെ മുഴുവനായും എന്റെ ശുശ്രൂഷകളെയും അങ്ങേ തിരുമുമ്പിൽ ഞാൻ സമർപ്പിക്കുന്നു.* എന്നെ അങ്ങേ കൃപയാൽ നിറയ്ക്കണമേ". തുടർന്ന് സാഷ്ടാംഗപ്രണാമം നടത്തി കുരിശ് വരച്ച് കർത്തവ്യങ്ങളിലേക്ക് പ്രവേശിക്കുക.

3. ഓരോ ശുശ്രൂഷയ്ക്കും ആവശ്യമായ കാര്യങ്ങൾ ശ്രദ്ധയോടെ സജ്ജമാക്കി വയ്ക്കുക. ഉദാഹരണത്തിന്, ത്രോണോസ് ഒരുക്കുക, വായനയ്ക്കുള്ള ഭാഗങ്ങൾ എടുത്തു വയ്ക്കുക. പ്രാർത്ഥനാമേശ ക്രമപ്പെടുത്തുക എന്നിങ്ങനെ ചെറുതും വലുതുമായ എല്ലാകാര്യങ്ങളും സസൂക്ഷമം മുൻകൂട്ടി തയ്യാറാക്കി വയ്ക്കുക.

4. പ്രഭാതപ്രാർത്ഥനയ്ക്ക് മുമ്പ് ശുശ്രൂഷക്കുപ്പായം ധരിച്ച് എല്ലാ ശുശ്രൂഷകരും മദ്ബഹായിൽ നിൽക്കുക. പ്രഭാതപ്രാർത്ഥന തുടങ്ങുമ്പോൾ തിരി കത്തിക്കുകയും മദ്ബഹായുടെ തിരശീല നീക്കുകയും ചെയ്യുക. തുടർന്ന് ശുശ്രൂഷകരെല്ലാവരും കെസ്ത്രൂമായിൽ നിരയായി നിന്ന് പ്രഭാതപ്രാർത്ഥനയിൽ ഭയഭക്തിയോടെ പങ്കുചേരുക.

5. അതതു ദിവസത്തെ പ്രത്യേകതയനുസരിച്ച് കാര്യങ്ങൾ ഒരുക്കി വയ്ക്കാനുണ്ടെങ്കിൽ ബഹു. വൈദികനോട് ചോദിച്ച് മനസ്സിലാക്കി വേണ്ടത് നിർവഹിക്കുക.

6. ശുശ്രൂഷയിൽ ആദ്യവസാനം കാര്യങ്ങൾ മുൻകൂട്ടികണ്ട് അതത് സമയങ്ങളിൽ അർത്ഥപൂർണമായ സഹായം ഉറപ്പാക്കുക.

7. കൂടെയുള്ള ശുശ്രൂഷകരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

8. ശുശ്രൂഷകൾക്ക്, പ്രത്യേകിച്ച് വി. കുർബാനയ്ക്ക്, പ്രവേശിക്കുന്നതിനു മുമ്പ് ശുശ്രൂഷകർ ഒരുമിച്ച്നിന്ന് നടത്താനുള്ള പ്രവേശക പ്രാർത്ഥന നടത്തുക.

9. ശുശ്രൂഷ കഴിഞ്ഞ് ഭവനത്തിലേക്ക് മടങ്ങുന്നതിനുമുമ്പ് അല്പ സമയമെങ്കിലും മുട്ടുകുത്തി ദൈവത്തിനു നന്ദിയും സ്തുതിയും സമർപ്പിക്കുക.

www.malankaralibrary.com


# അദ്ധ്യായം 6

## മദ്ബഹാശുശ്രൂഷകർ അവശ്യം അറിഞ്ഞിരിക്കേണ്ട വസ്തുതകൾ

മദ്ബഹായിൽ ശുശ്രൂഷ ചെയ്യുക എന്നത് ദൈവിക നിയോഗമാണ്. ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർ മാത്രം അനുഷ്ഠിക്കുന്ന ശുശ്രൂഷയാണിത്. ബലിവേദിയിൽ കാർമ്മികനോട് ചേർന്ന് നിന്നുകൊണ്ട് ശുശ്രൂഷയിൽ സഹായിക്കുക – ഇതാണ് ഓരോ ശുശ്രൂഷിയുടെയും ഉത്തരവാദിത്വം. ഈ ശുശ്രൂഷയിൽ ഓരോ വ്യക്തിക്കും അടിസ്ഥാനപരമായി താൻ ശുശ്രൂഷിക്കുന്നത് ദൈവത്തെത്തന്നെയാണെന്ന ബോധ്യം ഉണ്ടായിരിക്കണം. കൂടാതെ സഭ നിർദ്ദേശിക്കുന്ന ഉത്തരവാദിത്വങ്ങൾ പാലിക്കുവാനും, അവയോട് വിശ്വസ്തത പുലർത്തുവാനും ഓരോ ശുശ്രൂഷിയും ബാധ്യസ്ഥനാണ്. ഈ അധ്യായത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത് ഓരോ ശുശ്രൂഷിയും അവശ്യം അറിഞ്ഞിരിക്കേണ്ട ശുശ്രൂഷാതലങ്ങളെക്കുറിച്ചാണ്. കത്തോലിക്കാ സഭയേയും അതിലെ വ്യക്തി സഭകളെയുംക്കുറിച്ച് ഓരോ ശുശ്രൂഷകനും വ്യക്തമായ ധാരണയുണ്ടായിരിക്കണം. താൻ ശുശ്രൂഷ ചെയ്യുന്ന ദൈവാലയത്തെക്കുറിച്ചും അതിന്റെ ഘടനയെക്കുറിച്ചും ഗ്രാഹ്യം ഉണ്ടായിരിക്കണം. താൻ പങ്കാളിയാകാൻ പോകുന്ന ശുശ്രൂഷകൾ പ്രത്യേകിച്ച് കൂദാശകൾ, കൂദാശാനുകരണങ്ങൾ, പെരുന്നാളുകൾ, നോമ്പുകൾ എന്നിവയെക്കുറിച്ചും അതിൽ ശുശ്രൂഷകന്റെ പങ്കാളിത്വത്തെക്കുറിച്ചും ശുശ്രൂഷകർ പഠിച്ചിരിക്കണം.

**ദൈവാലയ ഘടന : മലങ്കര സഭാപാരമ്പര്യത്തിൽ**

വിശ്വാസികളുടെ സമൂഹം ഒന്നുചേർന്ന് പിതാവായ ദൈവത്തിന് ആരാധനയും ബലിയും അർപ്പിക്കുവാൻ പ്രത്യേകം തിരഞ്ഞെടുത്ത സ്ഥലമാണ് ദൈവാലയം. മറ്റെങ്ങുമില്ലാത്ത ദൈവസാന്നിധ്യം വിശേഷവിധിയായി ദൈവാലയത്തിലുണ്ടെന്ന് നാം ഇതിനോടകം മനസിലാക്കി. ദൈവാലയത്തിന് ഹീബ്രു സുറിയാനി, അറബി ഭാഷകളിൽ 'ഈത്തോ'

www.malankaralibrary.com


എന്നു പറയുന്നു. 'പള്ളി' എന്നാൽ പ്രശസ്തം എന്നാണ് അർത്ഥം. ക്രിസ്ത്യൻ, മുസ്ലീം തുടങ്ങിയ ആരാധനാലയങ്ങൾ ഈ പദത്താൽ അർത്ഥമാക്കുന്നു. ഗ്രീക്കിൽ 'കുറിയാക്കെ', ലത്തീനിൽ 'എക്ലേസിയ' എന്നീ പദങ്ങൾ രണ്ട് ആശയങ്ങൾ ഉൾക്കൊള്ളുന്നു. ദൈവാരാധന നടത്താൻ സമ്മേളിക്കുന്ന ആരാധനാസമൂഹവും അവർ സമ്മേളിക്കുന്ന സ്ഥലവും അന്ത്യോക്യൻ പാരമ്പര്യമനുസരിച്ച് ദൈവാലയത്തിന്റെ ഓരോ ഭാഗവും വിവിധ അർത്ഥങ്ങൾ പേറുന്നവയാണ്. ദൈവാലയത്തിന് ആത്മീയമായ പേരുകളും പ്രതിരൂപങ്ങളും ഉണ്ട്. മനുഷ്യനെ ദൈവത്തിലേയ്ക്കടുപ്പിക്കുന്ന ആത്മീയ ഗോവേണിയാണ് ദൈവാലയം.

**ദൈവാലയം: വിവിധ പേരുകളും പ്രതിരൂപങ്ങളും**

ദൈവാലയം ദൈവം വസിക്കുന്ന ഭവനമാണ്. ദൈവം ഭൂമിയിൽ എഴുന്നള്ളി വസിക്കുന്ന വിശുദ്ധ സ്ഥലമാണ്. സ്വർഗ്ഗത്തിന്റെ പടിവാതിലാണത് (ഉൽപ. 28:19; സങ്കീ. 118:19). ദൈവത്തിന്റെ ആലയം പ്രാർത്ഥനയ്ക്കു വേണ്ടിയുള്ളതാണ്. അതിനോട് ആദരവ് പ്രകടിപ്പിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. പള്ളിയോടുള്ള അനാദരവ് നമ്മെ ശിക്ഷാവിധിയിലേക്ക് നയിക്കും.

**ആത്മീയ ഏദൻതോട്ടം**

ദൈവം കിഴക്ക് ഏദനിൽ സ്ഥാപിച്ച തോട്ടത്തിന് (ഉൽപ 2:8-17) സാദൃശമാണ് ദൈവാലയം. ഏദനിലെ ജീവവൃക്ഷത്തിന്റെ സ്ഥാനമാണ് പള്ളിയിലെ സക്രാരിക്കുള്ളത്. അത് കാണിക്കുവാനാണ് സക്രാരിക്കു മുന്നിൽ കത്തി ജ്വലിക്കുന്ന ഒരു മെഴുകുതിരി സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

**ആത്മീയ സീനായ്**

മോശയ്ക്കും ഇസ്രായേൽജനത്തിനും ദൈവം സീനായ് മലമുകളിൽ പ്രത്യക്ഷപ്പെട്ടതുപോലെ (പുറ. 19:1-25) ദൈവാലയത്തിലും പ്രത്യക്ഷപ്പെടുന്നു. മദ്ബഹാ ദൈവമിറങ്ങി വന്ന സീനായ് മലയ്ക്ക് സദൃശമാണ്. പാളയത്തിനുപുറത്ത് ജനം നിലയുറപ്പിച്ചിരുന്ന മലയടിവാരത്തിന് സദൃശമാണ് ഹൈക്കല. ഇസ്രായേൽക്കാർ സീനായ്മല തൊടാതിരിക്കാൻ മലയ്ക്കും താഴ്വരയ്ക്കുമിടയിൽ ഒരു വേലിയുണ്ടായിരുന്നു. അതിനെയാണ് കെസ്ത്രൂമായുടെ 'അഴിക്കാലുകൾ' സൂചിപ്പിക്കുന്നത്. ധൂപക്കുറ്റിയിൽ നിന്നുയരുന്ന പുക സീനായ് മലയിൽ കാണപ്പെട്ട മേഘത്തെ സൂചിപ്പിക്കുന്നു.

**ആത്മീയ മോറിയാമല**

തന്റെ ഏകമകൻ ഇസഹാക്കിനെ മോറിയാമലയിൽ ദഹനബലിയായി അർപ്പിക്കാൻ ദൈവം അബ്രാഹത്തിനോട് ആവശ്യപ്പെട്ടു (ഉൽപത്തി 22:1-18). ദഹനബലിക്കുള്ള വിറകുമെടുത്ത് മലയിലേക്ക് നടന്ന

www.malankaralibrary.com


ഇസഹാക്ക് മരക്കുരിശുചുമന്ന് ഗോഗുൽത്തായിലേക്ക് പോയ ക്രിസ്തുവിന്റെ പ്രതിരൂപമാകുന്നു. വി.കുർബാനയിൽ തന്റെ ഏകജാതനെത്തന്നെ പിതാവ് ബലിയായി നൽകുന്നു. ക്രിസ്തു എന്ന കുഞ്ഞാട് യാഗമായിത്തീരുന്ന പള്ളി ആത്മീയ മോറിയാമലയാകുന്നു.

**ആത്മീയ സമാഗമകൂടാരം**

ഇസ്രായേൽജനത്തെ ഈജിപ്റ്റിലെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കുന്നതിന് സ്വർഗം ചായിച്ച് ഇറങ്ങിവന്ന ദൈവം എന്നും തന്റെ ജനത്തോടൊത്ത് വസിക്കുവാനും അവരോടൊത്ത് പ്രയാണം ചെയ്യുവാനും തിരുമനസാകുന്നു. "ഞാൻ അവരുടെ ഇടയിൽ വസിക്കുവാൻ അവർ എനിക്ക് ഒരു വിശുദ്ധ കൂടാരം സജ്ജമാക്കണം. ഞാൻ കാണിച്ചു തരുന്ന മാതൃക അനുസരിച്ചായിരിക്കണം കൂടാരവും അതിലെ ഉപകരണങ്ങളും നിർമ്മിക്കേണ്ടത്" (പുറ. 25:8-9). മോശ കൂടാരം പ്രതിഷ്ഠിച്ചു കഴിഞ്ഞപ്പോൾ ഒരു മേഘം സമാഗമകൂടാരത്തെ ആവരണം ചെയ്തു. കർത്താവിന്റെ മഹത്വം കൂടാരത്തിൽ നിറഞ്ഞുനിന്നു (പുറപ്പാട് 40:34). ദൈവവും പുതിയനിയമത്തിലെ ജനവും തമ്മിലുള്ള സമാഗമം നടക്കുന്ന സ്ഥലമാണ് പള്ളി.

**സ്വർഗീയ കാനാൻ**

ദൈവാലയത്തെ സ്വർഗ്ഗീയ കാനാനോട് ഉപമിക്കാം. ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച യഹോവയായ ദൈവം ഇസ്രായേൽകാർക്ക് വാഗ്ദാനം ചെയ്ത തേനും, പാലും ഒഴുകുന്ന സമൃദ്ധിയുടെ നാടാണ് കാനാൻ. പാപത്തിന്റെ അടിമത്തത്തിൽനിന്നും രക്ഷയുടെ മാർഗത്തിലേക്ക് ദൈവം നമ്മെ നയിച്ചു. സ്വർഗോന്മുഖമായി യാത്ര ചെയ്യുന്ന നമുക്ക് ലഭിക്കുന്ന സ്വർഗീയ അനുഭവത്തിന്റെ മുന്നാസ്വാദനമാണ് ദൈവാലയവും നമ്മുടെ ആരാധനയും.

## ദൈവാലയത്തിന്റെ ആന്തരികഘടന

ഇതുവരെ നാം ദൈവാലയവും അതിന്റെ ആത്മീയ പ്രതിരൂപങ്ങളും മനസ്സിലാക്കുകയായിരുന്നു. ഇനി നമുക്ക് ദൈവാലയത്തിന്റെ ആന്തരിക ഘടനയെക്കുറിച്ച് മനസ്സിലാക്കാം.

**മദ്ബഹാ**

എബ്രായഭാഷയിൽ 'ദബീർ', ഗ്രീക്കിൽ 'തുസിയാസ്', 'തേരിയോൻ', സുറിയാനിയിൽ 'ബെസ്ക്കുദിശോ' എന്നീ പേരുകളിലറിയപ്പെടുന്ന മദ്ബഹാ, ജറുസലേം ദൈവാലയത്തിലെ മഹാ വിശുദ്ധസ്ഥലത്തിനു സമാനമാണ്. ഇത് രക്തം ചിന്തൽ കൂടാതെയുള്ള യാഗത്താൽ

www.malankaralibrary.com


വിശ്വാസികൾക്ക് പാപമോചനവും നിത്യജീവനും പ്രദാനം ചെയ്യുന്ന മഹാ പരിശുദ്ധ സ്ഥലമാണ്. ഭൂമിയിലെ സ്വർഗമായി കണക്കാക്കപ്പെടേണ്ടതു കൊണ്ട് മദ്ബഹാ പള്ളിയുടെ ഏറ്റവും കിഴക്കേ അറ്റത്തായിരിക്കും. കെസ്ത്രൂമായിൽ നിന്ന് 9 പടികൾ ഉയർന്ന സ്ഥലമാണ് മദ്ബഹാ. എന്നാൽ കുറഞ്ഞത് മൂന്ന് പടികളെങ്കിലും ഉണ്ടായിരിക്കണം.

വിശുദ്ധ കുർബാന വഴിയായി ക്രിസ്തു നമ്മോടുകൂടെ ആയിരിക്കുന്ന സ്ഥാനം ഇവിടെയാണ്. ദൈവം എഴുന്നള്ളി പാർക്കുന്നയിടം എന്ന നിലയിൽ സാക്ഷാൽ ദൈവാലയം മദ്ബഹായാണ്. കൈവയ്പില്ലാത്തവർക്ക് മദ്ബഹായിൽ പ്രവേശനമില്ല. വൈദികനും ശുശ്രൂഷകരും ചെരിപ്പ് ധരിക്കാതെയോ അല്ലെങ്കിൽ ശുശ്രൂഷാ സന്ദർഭങ്ങളിൽ മാത്രം ധരിക്കുന്ന പ്രത്യേക ചെരുപ്പ് ധരിച്ചോ ആണ് ഇവിടെ പ്രവേശിക്കേണ്ടത്.

**കെസ്ത്രുമ (അഴിക്കകം)**

ഭൂമിയിലെ പറുദീസ എന്ന പേരിൽ കെസ്ത്രുമ അറിയപ്പെടുന്നു. ജറുസലേം ദൈവാലയത്തിലെ വിശുദ്ധ സ്ഥലത്തോടു ഇതിനെ ഉപമിക്കാം. തറയിൽനിന്ന് ഉയർന്ന സ്ഥലമെന്ന് അർത്ഥമുള്ള 'കത്താസ്ത്രോമ' എന്ന ഗ്രീക്കുപദത്തിന്റെ സുറിയാനി രൂപമാണ് കെസ്ത്രൂമ. മദ്ബഹായ്ക്കും ഹൈക്കലായ്ക്കും ഇടയ്ക്കുള്ള ഉയർന്ന സ്ഥലമാണിത്. അഴികളാൽ തിരിച്ചിരിക്കുന്നതുകൊണ്ട് മലങ്കര പാരമ്പര്യത്തിൽ ഇതിനെ അഴിക്കകം എന്നും വിളിക്കുന്നു.

ആരാധനാ സമയത്ത് മദ്ബഹായിൽ പ്രവേശിക്കാത്ത വൈദികരും ശെമ്മാശന്മാരും ആരാധനയിൽ സംബന്ധിക്കുന്നത് കെസ്ത്രൂമായിൽ നിന്നുകൊണ്ടാണ്. ഗായക സംഘത്തിന്റെ സ്ഥാനവും ഇവിടെത്തന്നെയാണ്.

**ഹൈക്കല**

ദൈവാലയത്തിലെ ഏറ്റവും വലിയ ഭാഗമാണ് ഹൈക്കല. ദൈവജനം ആരാധനയ്ക്കായി നിൽക്കുന്ന സ്ഥലമാണ് ഹൈക്കല. സോളമൻ പണിയിച്ച ജറുസലേം ദൈവാലയത്തിന്റെ അകത്തെ പ്രാകാരത്തോട് ഇതിനെ ഉപമിക്കാം. ഹൈക്കലായിൽ പുരുഷന്മാർ വടക്കുവശത്തും സ്ത്രീകൾ തെക്കുവശത്തും നിന്ന് ആരാധനയിൽ പങ്കെടുക്കുന്നു. ഹൈക്കലായിൽ പ്രവേശിക്കുന്നതിന് മുമ്പായി മാമ്മോദീസാ സ്വീകരിച്ച വിശ്വാസി തലവണങ്ങി കുരിശു വരച്ചുകൊണ്ട് ചൊല്ലുന്നു: "ദൈവമേ, ബഹുമതിപൂർവ്വം ഞാൻ നിന്റെ ഭവനത്തിലേക്ക് പ്രവേശിച്ച് എന്റെ നേർച്ചകൾ സമർപ്പിക്കും". സഭാപിതാക്കന്മാർ ഹൈക്കലായെ ഭൂമിയുടെ പ്രതീകമായിട്ടാണ് വിശേഷിപ്പിക്കുന്നത്.

www.malankaralibrary.com


**മോണ്ടളം (Portico)**

ജറുസലേം ദൈവാലയത്തിന്റെ പുറത്തെ പ്രാകാരത്തോട് തുല്യ മായിട്ടുള്ളതാണ് നമ്മുടെ ആരാധനാലയങ്ങളിൽ കാണുന്ന മോണ്ടളം. ഇത് പള്ളിയുടെ പടിഞ്ഞാറേ ഭാഗത്താണ്. സഭാപാരമ്പര്യം അനുസരിച്ച് മാമോദീസാ സ്വീകരിച്ചിട്ടില്ലാത്തവർ, വേദാഭ്യാസം നടത്തുന്നവർ, അനു താപികൾ, ശിക്ഷയിലിരിക്കുന്നവർ എന്നിവർ നമസ്കാരത്തിലും, വിശുദ്ധ കുർബാനയുടെ ആദ്യഭാഗമായ വചനശുശ്രൂഷയിലും പങ്കുകൊള്ളാനുള്ള സ്ഥലമാണ് ഇത്. ആശ്വാസത്തിന്റെ സ്ഥലം എന്ന അപരനാമത്തിലും ഇത് അറിയപ്പെടുന്നു.

## ദൈവാലയ ക്രമവത്കരണം

**ത്രോണോസ്**

ദൈവാലയത്തിന്റെ കേന്ദ്രബിന്ദുവാണ് ത്രോണോസ്. നമ്മുടെ കർത്താവ് പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന സ്വർഗീയ സിംഹാസന ത്തിന്റെ പ്രതീകമാണ് പള്ളിയിലെ ത്രോണോസ്. ത്രോണോസിന്മേൽ വിശുദ്ധ കുർബാന എന്ന യാഗം അർപ്പിക്കപ്പെടുന്നതിനാൽ യഗാപീഠ മെന്നും പറയപ്പെടുന്നു. ത്രോണോസ് നമ്മുടെ കർത്താവ് ഗാഗുൽത്താ യിൽ തൂങ്ങിമരിച്ച കുരിശിന്റെ സാദൃശമാകുന്നു. സർവലോകത്തിനും ജീവൻ നൽകുന്ന നമ്മുടെ കർത്താവിന്റെ തിരുശരീരവും തിരുരക്തവു മാകുന്ന ജീവന്റെ ഭക്ഷണം തയ്യാറാക്കിവച്ചിട്ടുള്ള മേശയാണ് ത്രോണോസ്. അതിനാൽ ജീവന്റെ മേശയെന്നും ഇത് വിളിക്കപ്പെടുന്നു. ത്രോണോസ് നമ്മുടെ കർത്താവിന്റെ ഒഴിഞ്ഞ കല്ലറയ്ക്ക് സദൃശമാണ്. അതിനാലാണ് ദു:ഖവെള്ളിയാഴ്ച കബറടക്കശുശ്രൂഷ ത്രോണോസിൽ വച്ച് നടത്തുന്നത്.

**തബ്‌ലീത്ത**

ഇതിന് ചെറിയ ത്രോണോസ് എന്ന അപരനാമമുണ്ട്. കാസാ, പീലാസ എന്നീ പൂജാപാത്രങ്ങൾവച്ച് വിശുദ്ധ കുർബാന അർപ്പിക്കുന്ന ദീർഘചതുരാകൃതിയിലുള്ള ഒരു ചെറിയ പലകയോ മാർബിൾ കല്ലോ ആണ് തബ്‌ലീത്ത. കൂദാശ ചെയ്യപ്പെട്ട ത്രോണോസിലും തബ്‌ലീത്താ യുടെ ഉപയോഗം അനുപേക്ഷണീയമത്രേ. ത്രോണോസ് ഇല്ലെങ്കിലും അത്യാ വശ്യം തബ്‌ലീത്താമേൽ വിശുദ്ധ കുർബാന അർപ്പിക്കാവുന്നതാണ്. തബ്‌ലീത്താ രക്ഷാകരമായ കുരിശിനെ സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് സഭാപാരമ്പര്യത്തിൽ മരം കൊണ്ടുള്ള തബ്‌ലീത്ത ഉപയോഗിക്കുന്നത്. ഏദൻതോട്ടത്തിലെ വൃക്ഷത്തേയും തബ്‌ലീത്ത ദൃഷ്ടാന്തീകരിക്കുന്നു. തബ്‌ലീത്തായുടെ ഒരു വശത്തു മൂറോൻ പൂശിയാണ് കൂദാശ ചെയ്യുന്നത്.

www.malankaralibrary.com


മറുവശത്ത് കൂദാശ ചെയ്ത മെത്രാന്റെ പേരും കൂദാശ ചെയ്ത തീയതിയും കുരിശാകൃതിയിൽ സുറിയാനിയിൽ എഴുതിയിരിക്കും. മൂറോൻ പൂശിയഭാഗം അടിവശത്തായിരിക്കത്തക്കവണ്ണവും എഴുത്ത് പടിഞ്ഞാറു നിന്ന് കിഴക്കോട്ടായിരിക്കത്തവണ്ണവുമാണ് ത്രോണോസിൻമേൽ വയ്ക്കാറുള്ളത്.

**ചിത്തോല**

ത്രോണോസിനെ അലങ്കരിക്കുന്നതിനുള്ള പട്ടുവസ്ത്രമണ് ചിത്തോല. കബറടക്കസമയത്ത് നമ്മുടെ കർത്താവിനെ പൊതിഞ്ഞ പട്ടുശീലയെ ഇത് സൂചിപ്പിക്കുന്നു. ഏകനായ ദൈവം ത്രിത്വമായി അറിയപ്പെടുന്നതുകൊണ്ടാണ് ചിത്തോല എന്ന ഏകവസ്ത്രം മൂന്നു ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നത്. മൂന്നു ഖണ്ഡങ്ങളിലെ ഓരോ നിറം, ത്രിത്വത്തിലെ മൂന്നു പേരും സാരാംശത്തിൽ സമാന്മരാണെന്നു കാണിക്കുന്നു. കുരിശുള്ള നടുവിലത്തെ ഭാഗം ദൈവപുത്രനെയും ഇടതുവശത്തുള്ള പിതാവിനെയും വലതുവശത്തുള്ളത് പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു.

ചിത്തോല നമ്മുടെ കർത്താവു ധരിച്ചിരുന്ന തുന്നലില്ലാതെ മുകൾ മുതൽ അടിവരെ നെയ്തുണ്ടാക്കിയ അങ്കിയെ സൂചിപ്പിക്കുന്നു. ക്രൂശാരോഹണസമയത്ത് നമ്മുടെ കർത്താവിന്റെ അങ്കി ഉരിഞ്ഞുമാറ്റി ചിട്ടിയിട്ടു ഭാഗിച്ചതിനെ കാണിക്കുന്നതിനായിട്ടാണ് ദുഃഖവെള്ളിയാഴ്ച ചിത്തോല ത്രോണോസിൽനിന്നും അഴിച്ചു മാറ്റുന്നത്. ചിത്തോലയിലെ മൂന്ന് ഖണ്ഡങ്ങൾ ചുവപ്പ് നിറത്തിലും, അരിക് പച്ചനിറത്തിലും, കുരിശ് ദീപങ്ങൾ എന്നിവ മഞ്ഞനിറത്തിലുമായിരിക്കും. പ്രപഞ്ച സൃഷ്ടിയിലൂടെ സ്വയം വെളിപ്പെടുത്തിയ പിതാവിനെ ചുവപ്പ് നിറം അടയാളപ്പെടുത്തുന്നു. ദൈവപുത്രന്റെ യാഗാർപ്പണത്തെയും അത് സൂചിപ്പിക്കുന്നു. പച്ചനിറം ഹരിതാഭമായ ഭൂമിയെ കുറിക്കുന്നു. മഞ്ഞനിറം ദൈവത്വത്തിന്റെ മഹത്വത്തേയും സ്വർഗീയ ഭാഗ്യത്തേയും സൂചിപ്പിക്കുന്നു.

**സ്ലീബാ**

നമ്മുടെ വിശ്വാസത്തിന്റെ മർമ്മമാണ് വിശുദ്ധ കുരിശ്. നമ്മുടെ കർത്താവിന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും അതുമൂലം സമ്പാദിച്ച നിത്യജീവന്റെയും പ്രതീകമാണിത്. അതിനാലാണ് തൂങ്ങപ്പെട്ട രൂപമില്ലാത്ത പുനരുത്ഥാനസ്ലീബാ മലങ്കര സുറിയാനി സഭയിൽ ഉപയോഗിക്കുന്നത്. സ്ലീബാ സമാധാനത്തിന്റെയും, ശാന്തിയുടെയും അടയാളമാണ്. മേലെഴുത്തു പലകയോടുകൂടിയ കുരിശാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ഉപയോഗിക്കുന്നത്.

www.malankaralibrary.com


കുരിശ് സമാധാനത്തിന്റെ ചിഹ്നവും വിജയത്തിന്റെ പതാകയും ശത്രുവിനെതിരായ തോൽക്കാത്ത ആയുധവുമാണ്. വിശ്വാസിക്ക് കഷ്ട തയിലൂടെ വിജയം പ്രാപിക്കാമെന്നും ശത്രുവായ ദുഷ്ടനെ നേരിടുവാൻ സാധിക്കുമെന്നും കുരിശ് പഠിപ്പിക്കുന്നു.

**തിരശ്ശീല**

ക്രിസ്തുവിന്റെ ക്രൂശിലെ തകർന്ന ശരീരത്തിന്റെ പ്രതിരൂപമാണ് ദൈവാലയ മറ. "തന്റെ ശരീരമാകുന്ന മറയിലൂടെ അവൻ നമുക്കായി നവീനവും, സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു" (ഹെബ്രാ. 10:20). ദൈവസാന്നിധ്യത്തിലേക്ക് നമ്മൾ പ്രവേശിക്കുന്നത് യേശുവിന്റെ ശരീരമാകുന്ന മറയിലൂടെയാണ്. ദൈവത്തിനും മനുഷ്യനും മധ്യേനിന്ന് പൗരോഹിത്യമദ്ധ്യസ്ഥത വഹിക്കുന്ന മിശിഹായെയാണ് ഈ മറ സൂചിപ്പിക്കുന്നത്. തിരശ്ശീല ദൈവവും മനുഷ്യനും തമ്മിലുള്ള രഹസ്യാത്മകബന്ധത്തെ സൂചിപ്പിക്കുന്നു. നമുക്ക് ദൈവസാമീപ്യത്തെ അനുവദിക്കുന്ന വാതിൽ കുരിശിൽ സ്വയം ബലിയായിത്തീർന്ന ക്രിസ്തുവാണെന്ന് തൂങ്ങികിടക്കുന്ന മറ നമ്മെ നിരന്തരം ഓർമിപ്പിക്കുന്നു.

**ഏവൻഗേലിയോൻ പീഠം**

ദൈവാരാധനയ്ക്കായണയുന്ന വിശ്വാസിക്ക് ലഭിക്കുന്ന രണ്ടുതരം ഭക്ഷണമാണ് നമ്മുടെ കർത്താവിന്റെ തിരുശരീരവും രക്തവുമാകുന്ന കുർബാനയും അവിടുത്തെ തിരുവചനവും. ആദ്യത്തേത് ത്രോണോസിൽ നിന്ന് വിതരണം ചെയ്യപ്പെടുന്നു. രണ്ടാമത്തേത് വിതരണം ചെയ്യപ്പെടുന്ന സ്ഥലമാണ് ഏവൻഗേലിയോൻ മേശ. നമ്മുടെ കർത്താവിന്റെ തിരുശരീരത്തെ വണങ്ങുന്നതുപോലെയാണ് വിശുദ്ധ ഗ്രന്ഥത്തെയും സഭ എന്നും വണങ്ങുന്നത്. അതിനാൽ, ത്രോണോസിനെ പട്ടുതുണികൊണ്ട് പൊതിഞ്ഞ് അലങ്കരിക്കുന്നതുപോലെതന്നെ ഏവൻഗേലിയോൻമേശയും പട്ടുതുണികൊണ്ട് പൊതിഞ്ഞ് അലങ്കരിക്കുന്നു. മദ്ബഹായിലാണ് ഏവൻഗേലിയോൻ പീഠത്തിന്റെ സ്ഥാനം. ചില പള്ളികളിൽ ത്രോണോസിന് വടക്കുവശത്തും ചില പള്ളികളിൽ ത്രോണോസിന്റെ തെക്കുവശത്തും ഏവൻഗേലിയോൻ പീഠം സ്ഥാപിക്കാറുണ്ട്. പ്രായോഗികമായ സൗകര്യത്തെ പ്രതിയാണ് ഇങ്ങനെ ചെയ്യുന്നത്. വൈദികനോ ശുശ്രൂഷകനോ മദ്ബഹായിൽ പ്രവേശിക്കുന്നത് വാതിലിന്റെ തെക്കുഭാഗം ചേർന്നാണ്. മദ്ബഹായിൽ പ്രവേശിച്ച് വേദപുസ്തകം ചുംബിച്ച് ത്രോണോസ് മുത്തി ശുശ്രൂഷ ആരംഭിക്കുന്നു. ഇതിനു സൗകര്യമായി ഏവൻഗേലിയോൻ പീഠം തെക്കുവശത്ത് വയ്ക്കുന്നു. ധൂപം അർപ്പിക്കുമ്പോൾ ത്രോണോസിന് ധൂപം

www.malankaralibrary.com


വീശിയശേഷം ആദ്യം വീശുന്നത് ഏവൻഗേലിയോനാണ്. ആ സൗകര്യം നോക്കുമ്പോൾ ഏവൻഗേലിയോൻ പീഠം ത്രോണോസിനു വടക്കുവശത്ത് വയ്ക്കുന്നതും അഭികാമ്യം തന്നെയാണ്.

**മശ്കൻ സബിനോ (സക്രാരി)**

പഴയനിയമത്തിലെ സമാഗമകൂടാരത്തിന്റെ പ്രതീകമാണ് സക്രാരി. യഹോവയുടെ സാന്നിധ്യം സമാഗമകൂടാരത്തിൽ നിറഞ്ഞുനിന്നിരുന്നു. ഇസ്രായേൽജനത്തിന് നൽകിയ കല്പനകളുടെ ഫലകവും, അഹറോന്റെ തളിർത്ത വടിയും, മന്നായും നിക്ഷേപിച്ചിരുന്നത് സമാഗമകൂടാരത്തിലാണ്. ഇതിന്റെ പ്രതീകമായി പള്ളികളിൽ സക്രാരിയിൽ ഈശോയുടെ തിരുശരീരം സൂക്ഷിച്ചിരിക്കുന്നു. മേൽത്തരം തടിയിൽ കൊത്തുപണികളോടുകൂടിയാണ് സക്രാരി നിർമ്മിക്കുക. ഉൾവശം മേൽത്തരം തുണികൾകൊണ്ട് അലങ്കരിച്ചിരിക്കണം. ഇതിൽ വിശുദ്ധ കുർബാന നിക്ഷേപിക്കുവാനും എടുക്കുവാനും പട്ടക്കാരന് മാത്രമേ അധികാരമുള്ളൂ.

**ദർഗ്ഗ**

ത്രോണോസിനു താഴെയുള്ള പടിയാണ് ദർഗ്ഗ (പദവി). ഇവിടെ നിന്നുകൊണ്ടാണ് കാർമ്മികൻ ബലി അർപ്പിക്കുന്നത്. നമ്മുടെ കർത്താവ് വിശുദ്ധ കുർബാന സ്ഥാപനത്തിനു പ്രവേശിച്ച സെഹിയോൻ മാളികയുടെ പ്രതീകമാണിത്. പൗരോഹിത്യം ലഭിച്ചവർക്ക് മാത്രമേ ഇതിൽ കയറുവാൻ അനുവാദമുള്ളൂ. ഇക്കാരണത്താൽ ശുശ്രൂഷകർ ദർഗ്ഗായിൽ കയറുവാൻ പാടുള്ളതല്ല. എന്നാൽ ധൂപം വീശുന്ന സമയം ത്രോണേസ് മുത്താനായി ഒരുകാൽമാത്രം ദർഗ്ഗായിൽ ചവിട്ടി ആദരവോടെ ഈ കർമ്മം നിർവഹിക്കാവുന്നതാണ്.

**വിരിക്കൂട്ടം (തൽബേശ്ത്തോ)**

ത്രോണോസിൽ ചീത്തോലയുടെയും വെള്ളവിരിയുടെയും മുകളിലായി മദ്ധ്യത്തിൽ തബ്ലീത്തായ്ക്കു മീതെ വിരിക്കുന്നതാണ് ത്രിവർണ്ണ വിരിക്കൂട്ടം. ചുവപ്പ്, പച്ച, വെള്ള എന്നീ നിറങ്ങളിലുള്ള മൂന്നു പട്ടുതുണികൾ ഒന്നിച്ചുചേർത്ത് മൂന്ന് ഖണ്ഡങ്ങളായി തയ്ച്ച വിരിക്കൂട്ടത്തിൽ പകുതിഭാഗം ത്രോണോസിന്റെ താഴോട്ട് ഇറങ്ങിക്കിടക്കും. ഈ ഭാഗത്ത് നമ്മുടെ കർത്താവിന്റെ 5 തിരുമുറിവുകളെ സൂചിപ്പിക്കുന്ന 5 കുരിശുകൾ കാണാം. മൂന്നു നിറങ്ങൾ വിവിധ രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്നു. വിരിക്കൂട്ടത്തിന്റെ മദ്ധ്യഭാഗം വെള്ളയും, അതിനുപുറമേ പച്ചയും ചുവപ്പും. ചുവപ്പ് പ്രപഞ്ചത്തെ പ്രതിനിധാനം ചെയ്യുന്നു. പച്ച ഹരിതാഭമായ ഭൂമിയെ സൂചിപ്പിക്കുന്നു. വെള്ള നിറം വിശ്വാസികളുടെ

www.malankaralibrary.com


സമൂഹമായ സഭയെ പ്രതിനിധാനം ചെയ്യുന്നു.

ഗോഗുൽത്തായിൽ കുരിശിൻമേൽ പരമയാഗമായിത്തീർന്ന നമ്മുടെ കർത്താവേശുമിശിഹായുടെ പ്രതീകമാണ് വിരിക്കൂട്ടം. തബ്ലീത്തായുടെ നേരെ മുകളിലാണ് വിരിക്കൂട്ടം വിരിക്കുന്നത്. അതുകൊണ്ട് വിരിക്കൂട്ടം യാഗമായിത്തീർന്ന യേശുവിനെ സൂചിപ്പിക്കുന്നു.

**കെത്താന**

സമചതുരാകൃതിയിൽ വെട്ടിത്തയ്ച്ച വെള്ളത്തുണിയാണ് കെത്താന. ഇത് വിരിക്കൂട്ടിനുള്ളിൽ തബ്ലീത്തായ്ക്ക് മുകളിൽ വിരിച്ച് ഇതിനു പുറത്ത് കാസായും പീലാസായും വയ്ക്കുന്നു. കബറടക്ക സമയത്ത് നമ്മുടെ കർത്താവിന്റെ പാവനശരീരം പൊതിഞ്ഞ വെള്ളത്തുണിയെ ഇത് പ്രധിനിധാനം ചെയ്യുന്നു.

**കാസായും പീലാസായും**

വിശുദ്ധ കുർബാനയ്ക്കുള്ള അപ്പവും വീഞ്ഞും ഒരുക്കി വയ്ക്കുന്ന പാത്രങ്ങളാണ് കാസായും പീലാസായും. ഇത് ലോഹ നിർമ്മിതമായിരിക്കണമെന്ന് 9-ാം ശതകം മുതൽ നിഷ്കർഷിക്കുന്നുണ്ട്. വാഗ്ദാന പേടകത്തിൽ മന്നാ ഇട്ടുവച്ചിരുന്ന പൊൻപാത്രത്തിനു (ഹെബ്രാ. 9:4) സദൃശമണ് കാസായും, പീലാസായും. ഇവ നമ്മുടെ കർത്താവിന്റെ മൃതശരീരം നിക്ഷേപിച്ച കല്ലറയെയും സൂചിപ്പിക്കുന്നു. വിശുദ്ധ കുർബാന അർപ്പണസമയത്ത് കാസായിൽ തിരുരക്തവും പീലാസായിൽ തിരുശരീരവും സന്നിഹിതമാകുന്നു. വളരെ ഭയഭക്തി ആദരവോടെ വേണം ശുശ്രൂഷകർ പൂജാപാത്രങ്ങൾ ഒരുക്കിവയ്ക്കേണ്ടത്.

**അപ്പവും വീഞ്ഞും**

കർത്താവിന്റെ തിരുശരീരത്തിന്റെ പ്രതീകമായി അപ്പവും, തിരുരക്തത്തിന്റെ പ്രതീകമായി വീഞ്ഞും വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നു. അത്യുന്നത ദൈവത്തിന്റെ പുരോഹിതനായ മൽക്കിസദേക്ക് കാഴ്ചയണക്കുന്നതിന് ഉപയോഗിച്ച വസ്തുക്കളാണ് അപ്പവും വീഞ്ഞും (ഉല്പ. 14:18, വെബ്രാ. 7:1). പൗരസ്ത്യസഭയിൽ വിശുദ്ധ കുർബാനയ്ക്ക് പുളിപ്പ് ചേർത്ത് ഉണ്ടാക്കിയ അപ്പമാണ് ഉപയോഗിക്കുന്നത്. സുറിയാനിസഭയിൽ ഇതിനെ 'ഹമ്മീറ' എന്നു വിളിക്കുന്നു. പുളിച്ച അപ്പം എന്നർത്ഥം. പുളിപ്പ് ചേർക്കാത്ത അപ്പം 'പത്തീറ' എന്നറിയപ്പെടുന്നു. ഒരു വലിയ കുരിശ്, 12 ചെറിയ കുരിശുകൾ എന്നിവ കൊണ്ട് മുദ്രയിടപ്പെട്ട അപ്പമാണ് ഹമ്മീറ. വലിയ കുരിശ് നമ്മുടെ കർത്താവിനെയും 12 ചെറിയ

www.malankaralibrary.com


കുരിശുകൾ 12 ശ്ലീഹന്മാരെയും പ്രതിനിധാനം ചെയ്യുന്നു.

മുന്തിരിയിൽ നിന്ന് കിട്ടുന്ന സത്താണ് വീഞ്ഞായി ഉപയോഗിക്കുന്നുത്. വീഞ്ഞ് നമ്മുടെ കർത്താവിന്റെ ജീവരക്തത്തെ സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ തിരുവിലാവിൽനിന്ന് രക്തവും വെള്ളവും ഒഴുകിയതിനാൽ വീഞ്ഞിനോട് അല്പം വെള്ളവും ചേർക്കുന്നു. വീഞ്ഞും വെള്ളവും കർത്താവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും സൂചിപ്പിക്കുന്നു.

**ഹൂഫോയോ (മ്കബലാന)**

ഈ വാക്കിന്റെ അർത്ഥം മൂടി എന്നാണ്. അർത്ഥം സൂചിപ്പിക്കുന്നതുപോലെതന്നെ കാസായും പീലാസായും മൂടുവാൻ ഉപയോഗിക്കുന്ന തുന്നൽ പണികളോടു കൂടിയതും ചതുരാകൃതിയിൽ ഉള്ളതുമായ പട്ടുതുണിയാണിത്. സമാഗമകൂടാരത്തെ മൂടിയിരുന്ന മേഘത്തിന്റെ (പുറ. 33:9) പ്രതീകമാണ് മ്കബ്‌ലാന.

**കൗക്ക്ബൊ (നക്ഷത്രം)**

പീലാസായിൽ വച്ചിരിക്കുന്ന അപ്പത്തെ ഹൂഫോയോ (മ്കബ്‌ലാന) സ്പർശിക്കാതിരിക്കത്തക്കവണ്ണം ഉയർത്തി നിർത്താനുള്ള ഉപകരണം. നക്ഷത്രം എന്നാണ് ഈ വാക്കിന്റെ അർത്ഥം. നമ്മുടെ കർത്താവിന്റെ ജനന സമയത്ത് കിഴക്കുദിച്ച നക്ഷത്രത്തെ ഇത് സൂചിപ്പിക്കുന്നു.

**ശോശപ്പാ**

വിശുദ്ധ കുർബാന അർപ്പണസമയത്ത് അപ്പവും വീഞ്ഞും ഒരുക്കിവച്ച കാസായുടെയും പീലാസായുടെയും മേൽ വിരിക്കുന്ന ചിത്രപണികളോടുകൂടിയ വെള്ളത്തുണിയാണ് ശോശപ്പ. വിശുദ്ധ രഹസ്യങ്ങൾ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ അദൃശ്യാവസ്ഥയെ കാണിക്കുന്നതിനാണ് ഇപ്രകാരം മൂടുന്നത്. ഇതിന്റെ മദ്ധ്യഭാഗത്ത് കുരിശടയാളവും പരിശുദ്ധാത്മാവിന്റെ പ്രതീകമായ പ്രാവിന്റെ രൂപവും ഉണ്ടായിരിക്കും. ഇസ്രായേൽക്കാർക്ക് വെള്ളം ഒഴുക്കികൊടുത്ത നീരുറവയെ ആവരണം ചെയ്ത തീക്കൽ പാറയെയും, കർത്താവിന്റെ കല്ലറയുടെ വാതില്ക്കൽ വയ്ക്കപ്പെട്ട കല്ലിനേയും ഇത് പ്രതിനിധാനം ചെയ്യുന്നു.

**തർവോദോ (സ്പൂൺ)**

തിരുശരീരരക്തങ്ങൾ അനുഭവിക്കാനുപയോഗിക്കുന്ന സ്പൂൺ ആണ് തർവോദോ. കൊടിൽ എന്നും ഇതിനെ വിളിക്കുന്നു. ഏശയ്യാ പ്രവാചകർ യാഗപീഠത്തിൽനിന്നും തീക്കനൽ എടുത്ത് വായിൽ തൊടുവിക്കുന്നതിന്

www.malankaralibrary.com


സെറാഫുകളിൽ ഒരാളുപയോഗിച്ച കൊടിലിനെ ഇത് പ്രതിനിധാനം ചെയ്യുന്നു (ഏശ. 6:6–7).

**ഗ്മൂർത്തോ**

ഏകദേശം മൂന്ന് ഇഞ്ച് നീളത്തിൽ ഒന്നര ഇഞ്ച് വീതിയിൽ തലയണയുറപോലെ തയ്ച്ച് അകത്ത് പഞ്ഞി നിറച്ചാണ് ഗ്മൂർത്തോ നിർമ്മിക്കുന്നത്. ഏശയ്യാ ദീർഘദർശിയുടെ ദർശനത്തിൽ കണ്ട അധരത്തെ സ്പർശിച്ച തീക്കട്ടയുടെ പ്രതീകമാണിത് (ഏശ. 6:6–7). ത്രോണോസിൽ ഇതിനു മുകളിലാണ് തർവോദോ വയ്ക്കുന്നത്.

**മ്ശംശോനീസോ**

ത്രോണോസിൽ വെള്ളം നിറച്ച് വച്ചിരിക്കുന്ന ചെറിയ പാത്രം. കാസായിലെ വീഞ്ഞിൽ കലർത്തുവാനുള്ള വെള്ളം ഇതിൽ സൂക്ഷിക്കുന്നു. വിശുദ്ധ രഹസ്യങ്ങളിൽ സ്പർശിക്കുമ്പോഴൊക്കെ പട്ടക്കാരന്റെ കൈവിരലുകൾ ശുദ്ധീകരിക്കുവാനും വിശുദ്ധ പാത്രങ്ങൾ വെടിപ്പാക്കുവാനും ഇതിലെ വെള്ളം ഉപയോഗിക്കുന്നു.

**സങ്കീഞ്ഞ്**

ചതുരാകൃതിയിൽ വെട്ടി തയ്ച്ച വെള്ള തൂവാലയാണ് സങ്കീഞ്ഞ്. ഈ തൂവാലയുടെ അരിക് തയ്ച്ചതും നടുവിൽ കുരിശടയാളം ഉള്ളതും ആയിരിക്കും. പട്ടക്കാരൻ പൂജാപാത്രങ്ങൾ കഴുകി തുടയ്ക്കാനും ദിവ്യരഹസ്യങ്ങളിൽ സ്പർശിച്ചതിനുശേഷം വിരലുകൾ തുടയ്ക്കാനും ഇത് ഉപയോഗിക്കുന്നു. ശുശ്രൂഷകർ പൂജാപാത്രങ്ങൾ എടുക്കുമ്പോൾ സങ്കീഞ്ഞ് ചേർത്തുപിടിച്ചാണ് എടുക്കേണ്ടത്.

**തക്സാ**

വിശുദ്ധ കുർബാനയർപ്പണത്തിന് കാർമ്മികൻ ഔദ്യോഗികമായി ഉപയോഗിക്കുന്ന ഗ്രന്ഥമാണ് തക്സാ. ത്രോണോസിൽ തെക്കുവശത്ത് ചെറിയ പീഠത്തിൻമേലാണ് ഇത് വെയ്ക്കുന്നത്.

**മർബഹസാ**

മദ്ധ്യത്തിൽ മാലാഖമാരുടെ രൂപം ചിത്രീകരിക്കപ്പെട്ടിട്ടുള്ളതും ചുറ്റും ചെറുമണികൾ ഘടിപ്പിച്ചിട്ടുള്ളതുമായ വൃത്താകൃതിയിലുള്ള തകിടാണ് മർബഹസ. ശുശ്രൂഷകൻ പട്ടക്കാരന്റെ ഇരുവശങ്ങളിലും നിന്നാണ് ഇത് ആഘോഷിക്കുക. പ്രത്യേക പ്രധാന്യമുള്ള പ്രാർത്ഥനാമദ്ധ്യേയാണ് ഇതുപയോഗിക്കുന്നത്. ഇത് മാലാഖമാരുടെ ചിറകടിച്ചുള്ള ദൈവസ്തുതിപ്പിനെ സൂചിപ്പിക്കുന്നു.

www.malankaralibrary.com


**മെഴുകുതിരി**

പ്രകാശിതമായ മെഴുകുതിരി ദൈവസാന്നിധ്യത്തെ സൂചിപ്പിക്കുന്നു. ത്രോണോസിന്റെ മദ്ധ്യഭാഗത്ത് കുരിശിനഭിമുഖമായി ഒന്നും, ഇരുഭാഗങ്ങളിലും ഒരോ തിരിവീതവും നിർബന്ധമായും ഉണ്ടായിരിക്കണം.

വിശുദ്ധ ത്രോണോസിന്റെ കുരിശനഭിമുഖമായിട്ടുള്ള തിരി പിതാവായ ദൈവത്തേയും, കുരിശിന്റെ വടക്കുവശത്തുള്ള തിരി പുത്രനേയും തെക്കുവശത്തുള്ള തിരി റൂഹായേയും സൂചിപ്പിക്കുന്നു. പുത്രൻ പ്രകാശത്തിൽനിന്നുള്ള പ്രകാശമാകയാൽ പിതാവിന്റെ പ്രതീകമായ മദ്ധ്യഭാഗത്തുള്ള തിരിയിൽനിന്ന് പുത്രന്റെ പ്രതീകമായ വടക്കുവശത്തുള്ള തിരി കത്തിക്കണം. തുടർന്ന് പരിശുദ്ധ റൂഹായുടെ പ്രതീകമായ ഇടതുവശത്തെ തിരി കത്തിക്കണം. ഇതിനു ശേഷമാണ് ബാക്കി തിരികൾ കത്തിക്കേണ്ടത്. മദ്ബഹായിൽ കത്തിക്കുന്ന തിരികളുടെ എണ്ണം 12, 3, 5, 7 എന്നീ ക്രമത്തിലാകുന്നു. 12 തിരികൾ ശ്ലീഹന്മാരേയും 7 തിരികൾ ഏഴ് കൂദാശകളെയും സൂചിപ്പിക്കുന്നു.

വിശുദ്ധ കുർബാനയ്ക്ക് മുമ്പ് നമസ്കാരം നടത്തുമ്പോൾ നമസ്കാരമേശയിൽ സ്ലീബായ്ക്ക് ഇരുവശത്തായിട്ട് തിരികൾ കത്തിച്ച് വയ്ക്കും. മദ്ബഹായിൽ കുരിശിനഭിമുഖമായും തിരി കത്തിക്കണം. തിരികൾ വൃത്തിയായി സൂക്ഷിക്കുവാനും ആരാധനയിൽ അവയുടെ ജ്വലനം നിയന്ത്രിക്കുവാനും ശുശ്രൂഷകർ കടപ്പെട്ടിരിക്കുന്നു.

**കെടാവിളക്ക്**

വിശുദ്ധ കുർബാന സൂക്ഷിച്ചിരിക്കുന്ന പള്ളികളിൽ കെടാവിളക്ക് സൂക്ഷിക്കുന്നു. ഇത് ദൈവാലയത്തിൽ ദൈവത്തിന്റെ നിത്യസാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു.

**നിലവിളക്ക്**

മലങ്കരപള്ളികളിൽ ഹൈക്കലയുടെ മദ്ധ്യഭാഗത്തായി ഓടുകൊണ്ട് നിർമ്മിച്ചതും ഏഴുതിരികളോട് കൂടിയതുമായ നിലവിളക്ക് എണ്ണയൊഴിച്ച് കത്തിക്കാറുണ്ട്. ഇത് ഭാരത സംസ്കാരത്തിൽനിന്നും ഉരിത്തിരിഞ്ഞ ഒരു ആചാരമാണ്. 7 തിരികൾ ഏഴ് കൂദാശകളെയും ആത്മാവിന്റെ ഏഴ് വരദാനങ്ങളേയും സൂചിപ്പിക്കുന്നു.

**വലിയ മണി**

വലിയ മണിയുടെ നാദം വിസ്വാസികളെ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്ന കാഹളമാണ്. മണിനാദം ശ്രവിക്കുമ്പോൾ വിശ്വാസി ആദരപൂർവം എഴുന്നേറ്റുനിന്ന് തലവണങ്ങി കുരിശുവരയ്ക്കുന്നു. ''*കർത്താ*

www.malankaralibrary.com


*വേ, നീ ചെയ്തിട്ടുള്ള രക്ഷയ്ക്കുവേണ്ടി നിന്നെ സ്തുതിപ്പാൻ എന്നെ അനുവദിക്കണമേ"* എന്ന് പ്രാർത്ഥിക്കുകയും വേണം. ഉയർപ്പിന്റെ പ്രഖ്യാപനം തുടങ്ങിയ പ്രത്യേക സന്ദർഭങ്ങളിൽ വലിയമണി അടിക്കാറുണ്ട്. അതുപോലെതന്നെ ശവസംസ്കാരകർമ്മങ്ങളിലും പ്രത്യേക രീതിയിൽ ദുഃഖസൂചകമായി വലിയ മണി അടിക്കാറുണ്ട്.

**ചെറിയ മണി**

വിശുദ്ധ കുർബാനയിലെ പ്രധാന ഭാഗങ്ങളിലേക്ക് ജനത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനും തദവസരത്തിൽ ഉരുവിടുന്ന പ്രാർത്ഥനയുടെ പ്രാധാന്യം സൂചിപ്പിക്കുന്നതിനും ചെറിയ മണി കിലുക്കുന്നു.

**ധൂപക്കുറ്റി**

പൗരസ്ത്യസഭകളിൽ ധൂപാർപ്പണത്തിന് വളരെ പ്രാധാന്യം നൽകിയിരിക്കുന്നു. പൊതുവായി എല്ലാ ശുശ്രൂഷകൾക്കും ധൂപാർപ്പണം അനിവാര്യമാണ്.

ധൂപക്കുറ്റി സഭയെ സൂചിപ്പിക്കുന്നു. അതിന്റെ അടിത്തട്ട് ഭൂമിയെയും, മുകൾതട്ട് സ്വർഗത്തെയും കുറിക്കുന്നു. താഴേതട്ടിൽ ഇടുന്ന കരി പാപികളായ മനുഷ്യരേയും, അഗ്നി പരിശുദ്ധാത്മാവിനേയും സൂചിപ്പിക്കുന്നു. പാപത്താൽ കരിക്കട്ടപോലെ ആയിത്തീർന്ന നമ്മുടെ ആത്മാവിനെ പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിച്ച് ദൈവമക്കളാക്കുന്നുതിന്റെ പ്രതീകമാണിത്.

ധൂപക്കുറ്റിയിലെ നാല് ചങ്ങലകൾ പരിശുദ്ധ ത്രിത്വത്തെ സൂചിപ്പിക്കുന്നു. ആദ്യ രണ്ട് ചങ്ങലകൾ പിതാവിനേയും പരിശുദ്ധ റൂഹായേയും സൂചിപ്പിക്കുന്നു. എന്നാൽ അടുത്ത രണ്ട് ചങ്ങലകൾ പുത്രൻ തമ്പുരാനെയും മനുഷ്യാവതാരത്തേയും, ദൈവത്വത്തെയും സൂചിപ്പിക്കുന്നു.

ചങ്ങലകൾക്ക് മുകളിലുള്ള തകിടും, വളയവും, കൊളുത്തും ത്രിത്വത്തിന്റെ യോജിപ്പിനെയും ഏകത്വത്തേയും സൂചിപ്പിക്കുന്നു. നാല് ചങ്ങലകളിലുള്ള 12 മണികൾ 12 ശ്ലീഹൻമാരെയും, 72 കണ്ണികൾ 72 അറിയിപ്പുകാരെയും സൂചിപ്പിക്കുന്നു. ഇതിൽനിന്നുയരുന്ന മണിനാദം ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണത്തെയുമാണ് സൂചിപ്പിക്കുക.

**കുന്തിരിക്കപാത്രം**

ധൂപക്കുറ്റിയിൽ ഇടുന്നതിനുള്ള കുന്തിരിക്കം പ്രത്യേകമായി എടുത്ത് വയ്ക്കുന്നതിനുള്ള ചെറിയ പാത്രമാണിത്. ഇതിൽ കുന്തിരിക്കം ഇടുന്നതിന് സ്പൂണും ഉണ്ടായിരിക്കും.

www.malankaralibrary.com



**കുന്തിരിക്കം**

ധൂപക്കുറ്റിയിൽ ധൂപത്തിനും സുഗന്ധത്തിനുമായി ഉപയോഗിക്കുന്നത് കുന്തിരിക്കമാണ്. ഇത് ഒരു വൃക്ഷത്തിന്റെ ജീവരസമാണ്. പൗരസ്ത്യദേശത്ത് നിന്നെത്തിയ ജ്ഞാനികളിൽ ഒരുവൻ ഉണ്ണിയേശുവിന് കാഴ്ചവച്ച വിശിഷ്ഠ വസ്തുക്കളിലൊന്ന് കുന്തിരിക്കം ആയിരുന്നു. കുന്തിരിക്കം പൗരോഹിത്യത്തിന്റെ പ്രതീകമാണ്.

**ശുശ്രൂഷകരുടെ കുപ്പായം**

ആരാധനയിൽ ശുശ്രൂഷിക്കാൻ മദ്ബഹാ ശുശ്രൂഷകർക്ക് സഭ നൽകുന്ന ഔദ്യോഗിക വസ്ത്രമാണ് ശുശ്രൂഷക്കുപ്പായം. ദൈവിക കാര്യങ്ങളിൽ പങ്കുചേരുന്നതിനുള്ള വിശുദ്ധിയെ വെള്ളക്കുപ്പായം സൂചിപ്പിക്കുന്നു. ശുശ്രൂഷയ്ക്കായുള്ള ഒരുക്കത്തെ സൂചിപ്പിക്കുന്നതാണ് അരക്കെട്ട്.

## വൈദികരുടെ അംശവസ്ത്രങ്ങൾ

**കറുത്ത കുപ്പായം**

ആരാധനയുടെ ഒരുക്കവസ്ത്രമായിട്ടാണ് ഇത് ധരിക്കുന്നത്. ഇത് അനുതാപത്തിന്റെ പ്രതീകമാണ്.

**വെള്ളയങ്കി (കുത്തിനോ)–ആൽബ്**

മാമോദീസായിലൂടെ ലഭിച്ച വിശുദ്ധിയുടെ പ്രതീകമാണ് വെള്ളയങ്കി. മാമോദീസായുടെ വിശുദ്ധിയിൽ സഭ ദൈവത്തെ ആരാധിക്കുന്നു. കൈവയ്പ്പിലൂടെ ശുശ്രൂഷാപദവി ലഭിച്ചയാൾ മുതൽ ശെമ്മാശൻ, പട്ടക്കാരൻ, മെത്രാൻ എന്നിവരെല്ലാം വിശുദ്ധ കുർബാനയ്ക്ക് വെള്ളയങ്കി ധരിക്കുന്നു.

**ഹയ്മ്നിയ**

പട്ടക്കാരന്റെ കഴുത്തിലണിയുന്ന പട്ടുതുണിയാണ് ഹയ്മ്നിയ. ഈ വസ്ത്രം വെള്ളയങ്കിക്ക് പുറമേ കഴുത്തിലൂടെ മുൻഭാഗത്ത് പാദം വരെ നീണ്ടുകിടക്കുന്നു. പൗലോസ് ശ്ലീഹായുടെ നിർവചനത്തിൽ നീതിയുടെ കവചമാണ് പട്ടക്കാരന്റെ അധികാരചിഹ്നമായ ഹയ്മ്നിയ.

**ഇടക്കെട്ട് (സൂനോറോ)**

വെള്ളയങ്കിക്കും, ഹയ്മിനിയയ്ക്കും പുറമേ ബെൽറ്റ്പോലെ ഉപയോഗിക്കുന്ന പട്ടുതുണിയാണ് ഇടക്കെട്ട്. ഇന്ദ്രിയ നിഗ്രഹത്തിന്റെ പ്രതീകമാണിത്.

www.malankaralibrary.com


**കൈയ്യുറകൾ (ബെൻദോ)**

ദൈവത്തിന്റെ ശുശ്രൂഷയ്ക്ക് കരങ്ങളെ സമർപ്പിക്കുന്നതിന്റെ പ്രതീകമായി ഇരുകൈകളിലും പത്തിമുതൽ കൈമുട്ട് വരെ നീളമുള്ള കൈയ്യുറകൾ ധരിക്കുന്നു.

**കാപ്പ (പുറംകുപ്പായം)**

കൂദാശകൾ അനുഷ്ഠിക്കുന്നതിനുവേണ്ടി മേൽപ്പട്ടക്കാരും പട്ടക്കാരും ധരിക്കുന്ന വിശേഷവസ്ത്രമാണ് കാപ്പ. ദൈവാലയം നിറഞ്ഞു നിന്നതായി ഏശയ്യാ കണ്ട കർത്താവിന്റെ വസ്ത്രത്തിന്റെ പ്രതീകമാണ് കാപ്പ (ഏശയ്യ 6:1). ദൈവത്തെ ശുശ്രൂഷിക്കുന്ന പുരോഹിതന് ലഭിക്കുന്ന രാജകീയ മഹത്വത്തിന്റെ അടയാളമാണ് കാപ്പ.

**കുർബാനച്ചെരുപ്പ്**

കുർബാന അർപ്പിക്കുമ്പോൾ വൈദികൻ പാദം മൂടിയ ചെരുപ്പുകൾ ഉപയോഗിക്കുന്നു. ഈ ചെരുപ്പ് തുകൽ കൊണ്ട് നിർമ്മിക്കാൻ പാടില്ല. ഇത് ദൈവയാലയത്തിൽ മാത്രമേ ഉപയോഗിക്കുകയുള്ളൂ. ഏശയ്യാ പ്രവാചകൻ കണ്ട ദർശനത്തിൽ "സ്രോപ്പേൻമാർ ദൈവമുമ്പാകെ പാദങ്ങൾ മറച്ചിരിക്കുന്നു" (ഏശ. 6:2) എന്നു പറയുന്നതിനെ ഇത് അനുസ്മരിക്കുന്നു.

## മേൽപട്ടക്കാരുടെ പ്രത്യേക അംശവസ്ത്രങ്ങൾ

**കുബ്ഊനോ (ശിരോവസ്ത്രം)**

പൗരസ്ത്യസഭയിൽ സന്ന്യാസം സ്വീകരിച്ചവർ ശിരസ്സിൽ അണിയുന്ന വസ്ത്രമാണിത്. പൗരസ്ത്യ പാരമ്പര്യത്തിൽ സന്യാസികളാണ് (റമ്പാന്മാർ) എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. അതിനാലാണ് നമ്മുടെ പാരമ്പര്യത്തിൽ മെത്രാഭിഷേകത്തിനു മുമ്പ് അർത്ഥിക്ക് റമ്പാൻ പട്ടം നൽകുന്നത്. നേർമ്മയുള്ള കറുത്ത തുണിയിൽ മുകൾഭാഗത്ത് 12 ചെറിയ കുരിശുകളും, പുറകിൽ വലിയ ഒരു കുരിശും തുന്നിച്ചേർത്തിരിക്കും. 12 കുരിശുകൾ ശ്ലീഹന്മാരേയും, വലിയ കുരിശ് ക്രിസ്തുവിനേയും സൂചിപ്പിക്കുന്നു.

**മസ്നപ്സാ (ശീലമുടി)**

മേൽപട്ടക്കാർ പ്രധാന ശുശ്രൂഷയുടെ സമയത്ത് മാത്രം ശിരസ്സിൽ ധരിക്കുന്ന വസ്ത്രമാണിത്. ശീലമുടി മഹാപുരോഹിതനായ മോശ അണിഞ്ഞ മൂടുപടത്തെ ചിത്രീകരിക്കുന്നു.

www.malankaralibrary.com



**പത്രസീൻ**

പട്ടക്കാരുടെ ഹയ്മ്നിയയുടെ മാതൃകപോലെ കാപ്പയ്ക്കു പുറമെ കഴുത്തിലൂടെ മുൻപിലും, പിറകിലുമായി നീണ്ടുനിൽക്കുന്ന പട്ടുതുണിയാണ് പത്രസീൻ. ഇത് മഹാപുരോഹിതന്റെ അധികാരത്തെ സൂചിപ്പിക്കുന്നു.

**അംശവടി**

മേൽപട്ടക്കാരന്റെ അധികാരചിഹ്നങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടതാണ് അംശവടി. നല്ല ഇടയനാണെന്ന് അംശവടി ഓർമ്മിപ്പിക്കുന്നു.

**സ്ലീബാ**

ആശീർവാദം നൽകാൻ മേല്പട്ടക്കാരൻ സ്ലീബാ ഉപയോഗിക്കുന്നു. സ്ലീബാ വിജയചിഹ്നവും ലോകത്തിന്റെ രക്ഷയുടെ അടയാളവുമാണ്.

**കുരിശുമാല**

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ അടയാളമാണ് മെത്രാൻ ധരിക്കുന്ന കുരിശുമാല.

**മോതിരം**

വിശ്വസ്തതയുടെയും അധികാരത്തിന്റെയും അടയാളമാണി മോതിരം. ക്രിസ്തു മണവാളനും സഭ മണവാട്ടിയുമാണ്. ക്രിസ്തുവിന്റെ പ്രതിനിധിയായ മെത്രാന് സഭയുമായുള്ള ബന്ധത്തെ ഇത് സൂചിപ്പിക്കുന്നു.

## കൂദാശകൾ, പെരുനാളുകൾ, നോമ്പുകൾ, കൂദാശാനുകരണങ്ങൾ

**കൂദാശകൾ**

നമ്മുടെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനക്കല്ലുകളാണ് കൂദാശകൾ. അദൃശ്യമായ ദൈവിക കൃപാവരത്തെ ദൃശ്യമാക്കുന്ന അടയാളങ്ങളാണ് കൂദാശകൾ. കൂദാശകൾ യേശുവിന്റെ രക്ഷാകരസംഭവത്തിന്റെ അനുസ്മരണകളാണെന്ന നിലയിൽ ദൈവമനുഷ്യ സമാഗമ വേദിയായി വർത്തിക്കുന്നു. സ്വർഗവും ഭൂമിയും കണ്ടുമുട്ടുകയും സ്വർഗവാസികളും ഭൂവാസികളും ഒന്നുചേരുകയും ചെയ്യുന്ന ആഘോഷങ്ങളാണിവ. ഈ ഒരു ഉൾക്കാഴ്ചയോടെ കൂദാശകളിൽ നാം പങ്കെടുക്കുമ്പോൾ നവീനമായ അനുഭവങ്ങൾ അവ പ്രദാനം ചെയ്യും. കത്തോലിക്കാസഭയുടെ പ്രബോധനം അനുസരിച്ച് സഭയിൽ ഏഴ് കൂദാശകൾ ഉണ്ട്. ഇവ ഏഴും മനുഷ്യജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ഈ ഭാഗത്ത് പ്രധാനമായും കൂദാശകൾ ഒരോന്നിനെയും കുറിച്ച് വളരെ ലഘുവായി പ്രതിപാദിക്കുന്നു.

www.malankaralibrary.com



**മാമോദീസ**

'മാമോദീത്താ' എന്ന സുറിയാനിപദത്തിൽ നിന്നാണ് മാമോദീസ ഉത്ഭവിച്ചത്. കഴുകുക, ശുദ്ധിചെയ്യുക എന്നിങ്ങനെ അർത്ഥങ്ങൾ ഇതിനുണ്ട്. മനുഷ്യനെ പാപക്കറകളിൽനിന്നും കഴുകി ശുദ്ധി ചെയ്ത് ദൈവിക ഛായയിലും സാദൃശ്യത്തിലും പുനഃപ്രിഷ്ഠിക്കുന്ന കൂദാശയാണ് മാമോദീസ. ജ്ഞാനസ്നാനം, ജീവന്റെ കൂദാശ, പുനർജനന കൂദാശ എന്നീ പേരുകളിൽ ഇത് അറിയപ്പെടുന്നു. മാമോദീസായിലൂടെ ഓരോ വിശ്വാസിയും കത്തോലിക്കാസഭയിൽ അംഗങ്ങളും, ക്രിസ്തുവിന്റെ രാജകീയ പുരോഹിതരുമായിത്തീരുന്നു.

മാമോദീസ നടത്തുമ്പോൾ ശുശ്രൂഷകർ അവശ്യം അറിഞ്ഞിരിക്കേണ്ടതായ ചില കാര്യങ്ങൾ: മാമോദീസ തൊട്ടി, നമസ്കാരമേശ എന്നിവ ഒരുക്കിയിരിക്കണം. മാമോദീസായ്ക്ക് ആവശ്യമുള്ള സൈത്ത്, മൂറോൻ, ചൂടുവെള്ളം, പച്ചവെള്ളം, പഞ്ഞി, സ്ലീബാ, ശോശപ്പ ഇവ കരുതിയിരിക്കണം. മദ്ബഹാ തുറന്ന് തിരിതെളിച്ച് വയ്ക്കണം. ശുശ്രൂഷകർ തങ്ങളുടെ അംശവസ്ത്രങ്ങൾ ധരിച്ചിരിക്കണം. പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റി തയ്യാറാക്കണം. ചെറിയ മണി, കൈ കഴുകാനുള്ള വെള്ളം, സോപ്പ്, കൈ തുടയ്ക്കാനുള്ള തുണി തുടങ്ങിയവയും ഒരുക്കിയിരിക്കണം.

**സ്ഥൈര്യലേപനം (മൂറോനഭിഷേകം)**

മാമോദീസായുടെ പൂർത്തീകരണമാണ് വിശുദ്ധ മൂറോൻ കൊണ്ടുള്ള ലേപനം അഥവാ സ്ഥൈര്യലേപനം. മാമോദീസായിലൂടെ ലഭിച്ച കൃപാവരത്തെ പരിശദ്ധാത്മ നൽവരത്താൽ ഉറപ്പിക്കുന്ന കൂദാശയാണ് തൈലാഭിഷേകം. സ്ഥൈര്യലേപനം മാമോദീസായിലെ കൃപാവരത്തെ പൂർണ്ണമാക്കുകയും പരിശുദ്ധാത്മാവിനെ നൽകികൊണ്ട് നമ്മുടെ ദൈവീക പുത്രത്വം ആഴപ്പെടുത്തുകയും ചെയ്യുന്ന (CCC 1316). മലങ്കര പാരമ്പര്യത്തിൽ തൈലാഭിഷേകം പ്രാരംഭകകൂദാശയിൽ ഉൾപ്പെടുന്നതിനാൽ മാമോദീസ സ്വീകരണത്തോടൊപ്പം കുഞ്ഞിന് മൂറോനഭിഷേകവും നൽകുന്നു. മാമോദീസായ്ക്കുശേഷം നൽകുന്ന ശുശ്രൂഷയായതിനാൽ ശുശ്രൂഷകൻ പ്രത്യേകമായി ഒന്നും കരുതേണ്ടതില്ല. വിശുദ്ധ മൂറോനും, പഞ്ഞിയും പ്രത്യേകമായി എടുത്തു വയ്ക്കണം.

**വി. കുർബാന**

"കൂദാശകളുടെ കൂദാശ" എന്നറിയപ്പെടുന്ന വിശുദ്ധ കുർബാന സഭാജീവിതത്തിന്റെ ആത്മീയ ഉറവിടമാണ്. വിശുദ്ധ കുർബാന ക്രിസ്തീയജീവിതത്തിന്റെ ഉറവിടവും പാരമ്യവുമാണ് (LG. 10). മറ്റെല്ലാ

www.malankaralibrary.com


കൂദാശകളും വിശുദ്ധ കുർബാനയിലേക്ക് ദൈവജനത്തെ നയിക്കുന്നതോ, അതിനോട് അഭേദ്യമാംവിധം ബന്ധിതമായിരിക്കുന്നതോ ആണ്. മാമോദീസ, സ്ഥൈര്യലേപനം ഇവ വഴി ഒരുവൻ വിശുദ്ധ കുർബാനയുടെ ആഘോഷത്തിലേക്ക് നയിക്കപ്പെടുന്നു. വിശുദ്ധ കുർബാനയുടെ ആഘോഷത്തിലൂടെ രക്ഷാകര ചരിത്രം മുഴുവൻ അനാവരണം ചെയ്യപ്പെടുന്നു. നാം അതിൽ പങ്കുകാരാവുകയും ചെയ്യുന്നു. വി. കുർബാനയിലുള്ള ശുശ്രൂഷകരുടെ പങ്കാളിത്വത്തെക്കുറിച്ച് വിശദമായ വിവരണം അടുത്ത അധ്യായത്തിൽ വിവരിക്കുന്നതാണ്.

**കുമ്പസാരം**

നാം ചെയ്തുപോയ പാപങ്ങൾക്ക് ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്താൽ മോചനം നൽകി നമ്മെ ദൈവത്തോടും സഭയോടും അനുരഞ്ജിപ്പിക്കുന്ന ദൈവികരഹസ്യമാണ് കുമ്പസാരം എന്ന കൂദാശ. പശ്ചാത്തപിക്കുന്ന പാപിയുടെ തിരിച്ചുവരവിൽ അത്യധികം സന്തോഷിക്കുന്ന ദൈവത്തിന്റെ അനന്തകാരുണ്യം ഉറക്കെ പ്രഘോഷിക്കുവാൻ ഭൂമിയിൽ നിയുക്തമായിരിക്കുന്ന മാധ്യമമാണ് അനുരഞ്ജന കൂദാശ. സഭയിൽ പാപങ്ങൾ മോചിക്കാനും, ബന്ധിക്കാനും പുരോഹിതന് മാത്രമേ അധികാരമുള്ളു. കുമ്പസാരം നടത്തുവാൻ കുമ്പസാരക്കൂട് സജ്ജമാക്കുക ആവശ്യമാണ്. അതുപോലെ വൈദികനു ധരിക്കുവാനുള്ള അംശവസ്ത്രങ്ങളായ കറുത്ത കുപ്പായവും ഹയ്മ്നിയായും ഇതിനായി ഒരുക്കി വച്ചിരിക്കണം.

**വിവാഹം**

ഒരു സ്ത്രീയും പുരുഷനും തമ്മിൽ മരണംവരെ വേർപിരിയുവാൻ പാടില്ലാത്ത വിശുദ്ധമായ ഐക്യം ഉള്ളവരായി പരസ്പരം സ്നേഹിക്കുന്നതിനും, സന്താനങ്ങളെ ദൈവമക്കളായി വളർത്തുന്നതിനും ആവശ്യമായ കൃപാവരം അവർക്കു നൽകുന്ന കൂദാശയാണ് ക്രിസ്തീയ വിവാഹം. വിവാഹം എന്ന കൂദാശ മിശിഹായും സഭയും തമ്മിലുള്ള ഐക്യം സൂചിപ്പിക്കുന്നു. മാമോദീസാ സ്വീകരിച്ചവർ തമ്മിലുള്ള വിവാഹബന്ധം മാത്രമേ സഭ കൂദാശയായി അംഗീകരിക്കുന്നുള്ളൂ.

ഈ കൂദാശയുടെ പരികർമ്മത്തിൽ ശുശ്രൂഷകൻ സവിശേഷമായി ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ: ശുശ്രൂഷ നടക്കുന്ന മേശപ്പുറത്ത് മന്ത്രകോടിയും അതിന്റെ മദ്ധ്യത്തിൽ കുരിശും, താലി (മിന്ന്)യും, താലിയുടെ വടക്കുവശത്ത് വരന്റെ മോതിരവും, കുരിശുമാലയും, താലിയുടെ തെക്കുഭാഗത്ത് വധുവിന്റെ മോതിരവും, കുരിശുമാലയും വയ്ക്കണം. വധുവരന്മാർ പള്ളിയിൽ പ്രവേശിക്കുമ്പോൾ മുതൽ ശുശ്രൂഷ

www.malankaralibrary.com


അവസാനിക്കുന്നതുവരെ മദ്ബഹായുടെ തിരശ്ശീല വലിച്ച് തുറന്നിടണം. മെഴുകുതിരികൾ കത്തിച്ചിരിക്കണം. കൂടാതെ വേദവായനകൾ, ധൂപക്കുറ്റി, ചെറിയ മണി, വിവാഹരജിസ്റ്റർ തടങ്ങിയവയും ക്രമപ്പെടുത്തിയിരിക്കണം. മെത്രാനാണ് വിവാഹം ആശീർവദിക്കുന്നതെങ്കിൽ വധൂവരന്മാരുടെ തലയിൽ വയ്ക്കാനുള്ള പ്രത്യേക കിരീടവും എടുത്ത് വയ്ക്കണം.

**തിരുപ്പട്ടം**

ഔദ്യോഗിക സഭാധികാരിയാൽ തെരഞ്ഞെടുക്കപ്പെട്ട, ഇടയനായ മിശിഹായുടെ ദൗത്യത്തിലും അധികാരത്തിലും പങ്കുചേരുന്ന സഭാശുശ്രൂഷകരായിത്തീരുന്നതിന്, തിരുപ്പട്ടത്തിൽ ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനത്താൽ നിയുക്തരായ ക്രിസ്തീയ വിശ്വാസികളാണ് പുരോഹിതർ (പൗരസ്ത്യകാനൻ 323). രാജകീയ പൗരോഹിത്യത്തിൽ നിന്നും ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുന്ന കൂദാശയാണ് തിരുപ്പട്ടം.

മെത്രാന്മാർക്ക് മാത്രമേ സഭയിൽ തിരുപ്പട്ടം എന്ന കൂദാശ പരികർമ്മം ചെയ്യുവാൻ അധികാരമുള്ളു എന്നതുതന്നെ ഈ കൂദാശയുടെ ഔന്നത്യം വിളിച്ചോതുന്നു. വൈദികപരിശീലനം പൂർത്തിയാക്കുന്ന വൈദിക അർത്ഥികൾക്ക് വിശുദ്ധ കുർബാനമധ്യേ മെത്രാൻ കൈവെയ്പ്പ് നൽകി വൈദിക പദിവിയിലേക്കുയർത്തുന്നു. വിശുദ്ധ കുർബാനയ്ക്കായുള്ള എല്ലാ ഒരുക്കങ്ങളോടൊപ്പം പട്ടത്വകൂദാശയ്ക്ക് ആവശ്യമായ പ്രതിജ്ഞാ ബുക്ക്, അർത്ഥിയുടെ വായനക്കാവശ്യമായ വേദഭാഗവും, ചോദ്യോത്തരവും, മറ്റും പ്രത്യേകമാംവിധം കരുതണം. കൂടാതെ നവാഭിഷിക്തർക്ക് ധരിക്കാനുള്ള അംശവസ്ത്രം, ധൂപക്കുറ്റി, മുടിഛേദനത്തിനുള്ള കത്രിക, കൈ കഴുകാനുള്ള വെള്ളം, സോപ്പ്, കൈ തുടയ്ക്കാനുള്ള വെള്ളത്തുണി തുടങ്ങിയവയും തയ്യാറാക്കി വയ്ക്കണം. ശെമ്മാശ്ശസ്ഥാനത്തിനും അതിനു താഴെയുള്ള പട്ടങ്ങൾക്കും അതാതു പട്ടത്തിനാവശ്യമായ അംശവസ്ത്രങ്ങൾ കരുതണം.

**രോഗീലേപനം**

ശാരീരികമോ മാനസികമോ ആയ വേദനയുടെയും അസ്വസ്ഥതയുടെയും മദ്ധ്യത്തിൽ കഴിയുന്ന വ്യക്തിക്ക് പ്രത്യാശ പ്രദാനം ചെയ്യുന്നതും സ്നേഹം അനുഭവവേദ്യമാക്കുന്നതും, വേദന സഹനീയമാക്കി തീർക്കുന്നതുമായ ദിവ്യരഹസ്യമാണ് രോഗീലേപനം. തന്റെ ജീവിത വേദനകളെ രക്ഷാകരമാക്കുന്നവർ അവയിലൂടെ രക്ഷ പ്രാപിക്കുന്നു. തൈലാഭിഷേക ശുശ്രഷയ്ക്ക് ശുശ്രൂഷകൻ അനുവർത്തിക്കേണ്ട

www.malankaralibrary.com


കാര്യങ്ങൾ: രോഗി കിടക്കുന്ന മുറിയിലോ, അതിനടുത്ത് സൗകര്യമായ സ്ഥലത്തോ ഒരു മേശയും അതിന്മേൽ കുരിശും ഇരുവശത്തും കത്തിച്ച രണ്ട് തിരികളും, വേദപുസ്തകവും, രോഗീലേപനത്തിനാവശ്യമായ തൈലവും, തുടയ്ക്കാൻ പഞ്ഞിയും കരുതിയിരിക്കണം. ശുശ്രൂഷയ്ക്ക് ശേഷം പുരോഹിതന് കൈകൾ കഴുകുവാൻ വെള്ളവും, തുടയ്ക്കുവാൻ തൂവാലയും കരുതിയിരിക്കണം. കാർമ്മികന് ധരിക്കുവാനുള്ള കറുത്ത കുപ്പായവും, ഹയ്മ്നിയായും കരുതിയിരിക്കണം. ആവശ്യാനുസരണം ശുശ്രൂഷയ്ക്കിടയിൽ ധൂപം അർപ്പിക്കുന്നതിനായി ശുശ്രൂഷകൻ ഒരുങ്ങിയിരിക്കണം. കന്തീലാ ശുശ്രൂഷ (വൈദികർക്കുള്ള രോഗീലേപനം) ആണെങ്കിൽ അതിനു മറ്റു ചില പ്രത്യേക ഒരുക്കങ്ങൾ ആവശ്യമാണ്.

**പെരുന്നാളുകൾ**

നമ്മുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമിശിഹായുടെ രക്ഷാകരമായ വ്യാപാരങ്ങളെ അനുസ്മരിപ്പിക്കുന്ന മാറാനായ പെരുന്നാളുകളും അതിപ്രധാനങ്ങളായ മറ്റ് പെരുന്നാളുകളും ഞായറാഴ്ച പോലെതന്നെ അനുഷ്ഠിക്കേണ്ടവയാണ്. ഈ ദിവസങ്ങളിൽ വി. കുർബാനയിൽ സംബന്ധിക്കുകയും, ലൗകികവേലകളിൽ നിന്ന് ഒഴിഞ്ഞിരിക്കുകയും വേണം. വേദവായന, ധ്യാനം, പ്രാർത്ഥന മറ്റ് സത്കൃത്യങ്ങൾ എന്നിവയിൽ ഏർപ്പെട്ട് ഈ ദിവസങ്ങൾ പ്രത്യേകമായി ആചരിക്കുവാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു.

**മാറാനായ പെരുന്നാളുകൾ**

നമ്മുടെ കർത്താവിന്റെ രക്ഷകര ജീവിതത്തിലെ പ്രധാന സംഭവങ്ങൾ ആണ് മാറാനായ പെരുന്നാളുകളിൽ അനുസ്മരിക്കപ്പെടുന്നത്. ഈ ദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു.

**യൽദാ (ക്രിസ്തുമസ്)**

ത്രിത്വത്തിൽ ഒരാളായ പുത്രൻ തമ്പുരാൻ പാപികളായ മനുഷ്യരുടെ രക്ഷയ്ക്കായി മനുഷ്യനായി ഭൂമിയിലവതരിച്ച ദിവസമാണിത്. ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച് ഡിസംബർ മാസം 25-ാം തീയതി ക്രിസ്ത്യാനികൾ നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ ആഘോഷിക്കുന്നു. 25 ദിവസം വർജ്ജനയും, ഉപവാസവും, പ്രത്യേക പ്രാർത്ഥനകളുമായി ക്രിസ്ത്യാനികൾ ക്രിസ്തു ജനനത്തിനു ഒരുങ്ങുന്നു. ദൈവാലയത്തിൽവച്ചുള്ള ക്രിസ്തുമസ്സ് ശുശ്രൂഷയ്ക്ക് പ്രത്യേക ഒരുക്കങ്ങൾ നടത്തേണ്ടതാണ്.

www.malankaralibrary.com


പള്ളിയുടെ പടിഞ്ഞാറുഭാഗത്ത് തീ ഉഴലിച്ച ശുശ്രൂഷയ്ക്കായുള്ള കുഴി കുരിശാകൃതിയിൽ തയ്യാറാക്കണം. തീ ഉഴലിച്ച ശുശ്രൂഷയ്ക്കാവശ്യമായ കുന്തിരിക്കവും വിറകും കരുതിയിരിക്കണം. ഇവ കത്തിക്കുവാനായി 4 പന്തങ്ങളും അവ നനയ്ക്കുവാനായി ആവശ്യത്തിന് വെളിച്ചെണ്ണ, കുന്തുരിക്കം എന്നിവയും കരുതിയിരിക്കണം. വിശ്വാസികൾ കൊണ്ടുവരുന്ന ഓശാന ഞായറാഴ്ച വാഴ്ത്തിയ കുരുത്തോലകൾ കുഴിയിൽ അടുക്കി വച്ചിരിക്കണം.

**ക്രമം:** രാത്രി പ്രാർത്ഥനയുടെ 3-ാം കൗമാ കഴിഞ്ഞ് "ഹലേലൂയ്യാ...." എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ മദ്ബഹായിൽ രണ്ട് തിരികൾ കത്തിച്ച് മറ നീക്കണം. തുടർന്ന് രാത്രിപ്രാർത്ഥന പൂർത്തിയാക്കുന്നു. മാർ അപ്രേമിന്റെ ബോവൂസായ്ക്ക്ശേഷം മദ്ബഹായിൽ പ്രവേശിച്ച് ശുശ്രൂഷകർ വൈദികനോടൊപ്പം അംശവസ്ത്രങ്ങൾ ധരിച്ച് പ്രദക്ഷിണത്തിന് തയ്യാറാകുന്നു. തദവസരത്തിൽ പഴയനിയമ വായനകൾ നടത്തുന്നു. തുടർന്ന് മറനീക്കി പ്രദിക്ഷിണത്തിനായി മദ്ബഹായിൽനിന്നും ഇറങ്ങിവരുന്നു. ശുശ്രൂഷമദ്ധ്യേ അഗ്നികൂപത്തിൽ നിക്ഷേപിക്കാനുള്ള കുന്തുരുക്കം പ്രാർത്ഥന ചൊല്ലി ആശീർവദിക്കുന്നു. കുന്തുരിക്കം ആശീർവദിക്കുമ്പോൾ ശുശ്രൂഷകർ മണിയും മർബഹാസയും കിലുക്കണം. പ്രദക്ഷിണത്തിനു മുമ്പായി ധൂപക്കുറ്റിയിൽ കുന്തുരുക്കം ഇടുവിച്ച് നടപ്പന്തലിന്റെ മുമ്പിൽ നടക്കണം. ഏവൻഗേലിയോൻപീഠം പള്ളിയുടെ പടിഞ്ഞാറേ നടയിൽ തയ്യാറാക്കി വയ്ക്കണം. തീ ഉഴലിച്ച ശുശ്രൂഷയ്ക്കായി കുഴിയുടെ പടിഞ്ഞാറേ ഭാഗത്ത് നില്ക്കണം. പ്രത്യേക പ്രാർത്ഥനയ്ക്കു ശേഷം കാർമ്മികൻ വിശുദ്ധ ഏവൻഗേലിയോൻ വായിക്കുമ്പോൾ കുഴിയിൽ കത്തിക്കാനുള്ള പന്തങ്ങൾ തീ കൊളുത്തി ക്രമീകരിച്ചിരിക്കണം. തുടർന്ന് സുവിശേഷമധ്യേ ലഭിച്ച കുന്തുരിക്കം അഗ്നികൂപത്തിൽ നിക്ഷേപിക്കണം. തുടർന്ന് പ്രദക്ഷിണം പൂർത്തിയാക്കി ദൈവാലയത്തിൽ പ്രവേശിച്ച് സ്ലീബാ ആഘോഷം നടത്തുന്നു. സ്ലീബാ ആഘോഷം നടത്തുമ്പോൾ കാർമ്മികന്റെ ഇരുവശത്തും മെഴുകുതിരികൾ കത്തിച്ചു പിടിക്കണം. അതിനു പുറകിൽ ശുശ്രൂഷകർ മർബഹാസകർ കിലുക്കുന്നു. ധൂപക്കുറ്റി വീശുന്നയാൾ സ്ലീബായ്ക്ക് അഭിമുഖമായിനിന്ന് വീശിക്കൊണ്ടിരിക്കണം. തുടർന്ന് ആഘോഷമായ വിശുദ്ധ കുർബാന.

**ദനഹാ (നമ്മുടെ കർത്താവിന്റെ മാമോദീസാ)**

പൗരസ്ത്യസഭയിൽ അതിപ്രാധാന്യത്തോടെ കൊണ്ടാടുന്ന തിരുനാളാണ് ദനഹാ. നമ്മുടെ കർത്താവ് ജോർദ്ദാൻനദിയിൽവച്ച് സ്നാപകയോഹന്നാനിൽനിന്നും സ്നാനം സ്വീകരിച്ച സംഭവം ഇവിടെ

www.malankaralibrary.com


അനുസ്മരിക്കപ്പെടുന്നു.

പ്രഭാതപ്രാർത്ഥനയും വിശുദ്ധ കുർബാനയുടെ ഒരുക്കവും കഴിഞ്ഞ് കാർമ്മികനും ശുശ്രൂഷകരും അംശവസ്ത്രങ്ങൾ ധരിക്കുന്നു. ഒരു സ്പടികപാത്രത്തിൽ ശുദ്ധമായ ജലം, പാത്രത്തിന്റെ മുകൾഭാഗത്ത് വെയ്ക്കാനുള്ള കുരിശ്, അത് മൂടുന്നതിനുള്ള ശോശപ്പ എന്നിവ കരുതണം.

കെസ്ത്രൂമായിൽ പ്രത്യേകമായി വിരിച്ചൊരുക്കിയ മേശ മേൽവെച്ചാണ് ശുശ്രൂഷ നടത്തുന്നത്. പാത്രത്തിന്റെ ഇരുവശങ്ങളിലായി കത്തിച്ച മെഴുകുതിരികൾ വേണം. ശുശ്രൂഷയുടെ അവസാനം സ്ലീബാ ആഘോഷം നടത്തുന്നു.

**മായൽത്തോ (നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം)**

നമ്മുടെ കർത്താവിനെ ജറുസലേം ദൈവാലയത്തിൽ കാഴ്ചവെയ്ക്കാൻ കൊണ്ടുപോയ സംഭവം അനുസ്മരിക്കുന്നു. ഫെബ്രുവരി മാസം 2-ാം തീയതിയാണ് മായൽത്തോ ആഘോഷിക്കുന്നത്. പ്രത്യേകമായ ശുശ്രൂഷകൾ ഇല്ലെങ്കിലും അന്നേ ദിവസം വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു.

**ക്യംതാ (ഉയിർപ്പു ഞായർ)**

ക്രിസ്തീയ ജീവിതത്തിന്റെ മർമ്മപ്രധാനമായ തിരുന്നാളാണ് നമ്മുടെ കർത്താവിന്റെ ഉയിർപ്പു തിരുന്നാൾ. പീഢാസഹനങ്ങൾക്കും, കുരിശുമരണത്തിനുംശേഷം മൂന്നാം ദിവസം നമ്മുടെ കർത്താവ് മഹത്ത്വത്തോടെ ഉയിർത്തെഴുന്നേറ്റ് പാപത്തിന്റെ ദാസ്യത്തിലായിരുന്ന മനുഷ്യർക്ക് രക്ഷ സാധ്യമാക്കിയ ദിവസമാണ് ഉയിർപ്പ് ഞായർ.

**ക്രമം:** രാത്രിപ്രാർത്ഥനയിൽ മൂന്നാം കൗമായുടെ അവസാനത്തിൽ "ഹലേലൂയ്യാ ദൈവമേ നിനക്ക് സ്തുതി" എന്നതിനു മുമ്പായി കാർമ്മികനും ശുശ്രൂഷകരും മദ്ബഹായിൽ പ്രവേശിച്ച് അംശവസ്ത്രങ്ങൾ അണിഞ്ഞ് കബറിടത്തിൽനിന്നു സ്ലീബാ എടുത്ത് ആഘോഷത്തിനനുയോജ്യമായ ചുവന്ന വിശിഷ്ഠ വസ്ത്രങ്ങൾ അണിയിക്കുന്നു. അനന്തരം കുരിശെടുത്ത് ത്രോണോസിനു മുമ്പിൽ മ്നോർത്തൊയിൽ നാട്ടി ഇരുവശവും മെഴുകുതിരികൾ കത്തിക്കുന്നു.

ഉയിർപ്പ് ശുശ്രൂഷ നടത്തുമ്പോൾ പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റി കത്തിച്ച് കാർമ്മികന് നൽകണം. ഉയിർപ്പിന്റെ പ്രഖ്യാപനത്തിനായി കാർമ്മികൻ പടിഞ്ഞാറോട്ട് തിരിഞ്ഞ് നിൽക്കുമ്പോൾ ഇരുവശത്തും കത്തിച്ച മെഴുകുതിരികളും മർബഹാസകളും പിടിച്ചിരിക്കണം. തിരശ്ശീല മാറ്റുമ്പോൾ കാർമ്മികൻ ഉയിർപ്പ് വാർത്ത 3 പ്രാവശ്യം പ്രഖ്യാപിക്കുന്നു. അപ്പോൾ വലിയ മണിയടിക്കുകയും ചെറിയ മണി കിലുക്കുകയും ചെയ്യുന്നു.

www.malankaralibrary.com


തുടർന്ന് പ്രാർത്ഥനാമേശയിൽ വന്ന് രാത്രി പ്രാർത്ഥന പൂർത്തിയാക്കുകയും, ഉയിർപ്പുശുശ്രൂഷ ആരംഭിക്കുകയും ചെയ്യുന്നു. പള്ളിക്ക് പുറത്തുകൂടിയുള്ള ആഘോഷമായ പ്രദക്ഷിണസമയത്ത് കത്തിച്ച തിരികൾ, മർബഹാസ, മണി, ധൂപക്കുറ്റി എന്നിവ എടുക്കുകയും പടിഞ്ഞാറേഭാഗത്ത് ഏവൻഗേലിയോൻപീഠം വയ്ക്കുകയും വേണം. പ്രദക്ഷിണത്തിനു ശേഷം സ്ലീബാ ആഘോഷം നടത്തുന്നു. തുടർന്ന് സമാധാനശുശ്രൂഷയ്ക്ക് ശുശ്രൂഷകർ ഓരോരുത്തരായി വന്ന് സ്ലീബായും, വിശുദ്ധ ഏവൻഗേലിയോനും ചുംബിച്ച് തെക്കുവശത്ത് ക്രമമായി നിന്നു പരസ്പരം സമാധാനം കൊടുക്കണം.

**സൂലോക്കോ (സ്വർഗാരോഹണം)**

നമ്മുടെ കർത്താവ് ഇഹലോകവാസം വെടിഞ്ഞ് പിതാവിന്റെ സന്നിധിയിലേക്ക് ആരോഹണം ചെയ്ത സംഭവം ഇവിടെ അനുസ്മരിക്കപ്പെടുന്നു. പെരുന്നാൾ ക്രമമനുസരിച്ച് നമസ്കാരം കഴിഞ്ഞ് വിശുദ്ധ കുർബാനയുടെ ഒന്നാം ശുശ്രൂഷ നടത്തി അംശവസ്ത്രങ്ങൾ ധരിച്ചശേഷം പ്രദക്ഷിണം നടത്തുന്നു. തുടർന്ന് സ്ലീബാ ആഘോഷവും ക്രമപ്രകാരം നടത്തുന്നു.

**പെന്തക്കോസ്തി**

നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണത്തിനുശേഷം സെഹിയോൻ മാളികയിൽ പ്രാർത്ഥനയിൽ ആയിരുന്ന പരിശുദ്ധ മാതാവിന്റെയും, ശിഷ്യരുടെയും മേൽ പരിശുദ്ധാത്മാവ് അഗ്നിനാളമായി ഇറങ്ങിവന്ന സംഭവം ഇവിടെ അനുസ്മരിക്കുന്നു.

ഒരു പാത്രത്തിൽ ജലവും തളിക്കുവാനുള്ള സോപ്പായും (ചെടിയുടെ ചെറിയ ശിഖരം) നേരത്തെ ക്രമീകരിച്ചിരിക്കണം. ത്രോണോസിന്റെ താഴെ ദർഗ്ഗമേൽ പാത്രത്തിലെ വെള്ളം വെയ്ക്കണം. മൂന്നു ശുശ്രൂഷകളും നടത്തുകയാണെങ്കിൽ ഓരോ ശുശ്രൂഷയ്ക്കും ആവശ്യമായ വെള്ളം കരുതി വയ്ക്കണം.

**മ്ത്താലെ (തേജസ്കരണം)**

നമ്മുടെ കർത്താവീശോമിശിഹാ മലയിൽവച്ച് പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരുടെ സാന്നിധ്യത്തിൽ രൂപാന്തരപ്പെട്ട സംഭവം ഇവിടെ അനുസ്മരിക്കുന്നു.

www.malankaralibrary.com


മാറാനായ പെരുന്നാളുപോലെ ആചരിക്കേണ്ട തിരുന്നാളുകളാണ് താഴെപറയുന്നവ:

1. മാർച്ച് 25 - സൂബോറോ അഥവാ വചനിപ്പ് തിരുന്നാൾ (അന്ന് ദുഃഖവെള്ളിയാണെങ്കിൽപ്പോലും ആഘോഷമായ വി. കുർബാന അർപ്പിക്കും)
2. ജൂൺ 29 - പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാൾ
3. ജൂലൈ 3 - ദുക്റോനോ (മാർത്തോമാശ്ലീഹായുടെ ഓർമ്മ)
4. ആഗസ്റ്റ് 15 - ശുനോയോ (മാതാവിന്റെ സ്വർഗാരോപണ തിരുനാൾ)
5. സെപ്റ്റംബർ 14 - സ്ലീബാപ്പെരുന്നാൾ

**നോമ്പുകൾ**

ഓരോ ക്രിസ്ത്യാനിയും സഭ അനുശാസിക്കുന്ന നോമ്പുകൾ അനുഷ്ഠിക്കുവാൻ കടപ്പെട്ടിരിക്കുന്നു. നോമ്പും ഉപവാസവും വർജ്ജനയും എല്ലാം നമ്മുടെ വിശ്വാസത്തെ കൂടുതൽ ആഴപ്പെടുത്തുവാനും അതുവഴി മാതൃകാപരമായ ക്രൈസ്തവജീവിതം നയിക്കുവാനും നമ്മെ സഹായിക്കുന്നു.

**ഇരുപത്തിയഞ്ചു നോമ്പ്**

നമ്മുടെ കർത്താവിന്റെ ജനനപെരുന്നാളിന് ഒരുക്കമായി ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതിവരെ സഭയിൽ ആചരിക്കുന്ന നോമ്പാണിത്. പ്രത്യേക പ്രാർത്ഥനകളും, ഉപവാസവും, വർജ്ജനയും, പുണ്യപ്രവർത്തികളും വഴിയായി ക്രിസ്തുനാഥന് ജനിക്കുവാൻ നമ്മുടെ ഹൃദയങ്ങളെ ഒരുക്കുവാൻ നോമ്പിന്റെ 25 ദിവസങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

**മൂന്നുനോമ്പ്**

പൗരസ്ത്യസഭയിൽ ഏറ്റം പ്രധാന്യത്തോടെ അനുഷ്ഠിക്കുന്ന നോമ്പാണ് ഇത്. യൗനാൻ പ്രവാചകൻ മൂന്നുനാൾ മത്സ്യത്തിനുള്ളിൽ കഴിഞ്ഞതിനുശേഷം നിനുവേ പട്ടണത്തോട് അനുതാപത്തിന്റെ സുവിശേഷം പ്രസംഗിച്ച് നിനുവേയെ മാനസാന്തരത്തിലേക്ക് കൊണ്ടുവന്ന സംഭവം ഇവിടെ അനുസ്മരിക്കുന്നു.

**വലിയ നോമ്പ് (അമ്പതുനോമ്പ്)**

നമ്മുടെ കർത്താവിന്റെ പീഡാസഹനവും, കുരിശുമരണവും, ഉത്ഥാനവും സഭയിൽ അനുസ്മരിക്കപ്പെടുന്ന ദിവസങ്ങളാണിത്. ഈ കാലയളയിൽ വിശ്വാസികൾ പ്രാർത്ഥനയും വർജ്ജനയും ഉപവാസവും വഴി ജീവിതനവീകരണം പ്രാപിക്കുവാൻ സഭ അനുശാസിക്കുന്നു. വലിയ

www.malankaralibrary.com


നോമ്പിന്റെ കാലയളവിൽ ശുബ്ക്കോനോ, പാതിനോമ്പ്, 40-ാം വെള്ളി, ഓശാനഞായർ, പെസഹാവ്യാഴം, ദുഃഖവെള്ളി, ദുഃഖശനി എന്നീ ദിവസങ്ങളിൽ ദൈവാലയത്തിലെ പ്രത്യേക ശുശ്രൂഷകളിലും പ്രാർത്ഥനകളിലും പങ്കെടുക്കുവാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു. ഈ ശുശ്രൂഷകളിലെല്ലാം ശുശ്രൂഷകർ നിർബന്ധമായും സജീവമായും പങ്കെടുക്കുകയും കാർമ്മികനെ സഹായിക്കുകയും വേണം.

**ഓശാനഞായർ**

നമ്മുടെ കർത്താവേശുമിശിഹാ രാജകീയമായി ജറുസലേമിൽ പ്രവേശിച്ച സംഭവമാണ് ഇവിടെ അനുസ്മരിക്കുക. ഏഴരയുടെ പ്രാർത്ഥനയ്ക്കുശേഷം കാർമ്മികൻ അംശവസ്ത്രങ്ങൾ ധരിച്ച് വി. കുർബാനയുടെ ഒരുക്കശുശ്രൂഷ നടത്തുന്നു. ഈ സമയത്ത് പഴയനിയമവായനകൾ നടത്താവുന്നതാണ്. ഓശാനഞായറാഴ്ചയുടെ പ്രത്യേക ശുശ്രൂഷയ്ക്ക് വാഴ്ത്തുവാനുള്ള കുരുത്തോലകൾ, വിതറാനുള്ള പൂക്കൾ, സ്ലീബാ ആഘോഷത്തിനുവേണ്ടി കുരുത്തോലകൊണ്ട് പ്രത്യേകം തയ്യാറാക്കിയ കുരിശ് എന്നിവ പ്രത്യേകം ക്രമീകരിക്കണം. സ്ലീബാ ആഘോഷത്തിനുശേഷം പള്ളിക്കുപുറത്തുകൂടി ആഘോഷമായ പ്രദക്ഷിണം നടത്തുന്നു. വടക്കെവാതിൽവഴി പ്രദക്ഷിണം ഇറങ്ങി, പടിഞ്ഞാറേ വാതിൽക്കൽ ഏവൻഗേലിയോൻ വായിച്ചിട്ട് പള്ളിക്കൊരു പ്രദക്ഷിണം വച്ചശേഷം തെക്കുവശത്തുകൂടി അകത്തു പ്രവേശിക്കുന്നു. പ്രദക്ഷിണത്തിന് മെഴുകുതിരി, ധൂപക്കുറ്റി, മർബഹാസാ, മണി എന്നിവ ക്രമീകരിക്കണം. തുടർന്നുള്ള വി. കുർബാനയ്ക്ക് കുരുത്തോലകൊണ്ട് ത്രോണോസ് അലങ്കരിക്കണം.

**ദുഃഖവെള്ളി**

ദുഃഖവെള്ളിയാഴ്ചയുടെ പ്രത്യേക ശുശ്രൂഷകൾ നടത്തുന്നത് നമസ്കാര മേശയിൽവച്ചാണ്. അന്നു മദ്ബഹായിൽവച്ച് പരസ്യമായ ശുശ്രൂഷകൾ ഇല്ലാത്തതിനാൽ ശുശ്രൂഷകർ മെഴുകുതിരികൾ, ഏവൻഗേലിയോൻപീഠം, ധൂപക്കുറ്റി എന്നിവ നമസ്കാരമേശയുടെ സമീപം ക്രമപ്പെടുത്തണം. ഗോഗുൽത്താ പ്രത്യേകമാംവിധം നമസ്കാരമേശയ്ക്ക് അഭിമുഖമായി വയ്ക്കണം. യാമനമസ്ക്കാരം നടക്കുമ്പോൾ മറ നീക്കിയിടാറില്ല എങ്കിലും ധൂപം വീശുന്ന ശുശ്രൂഷകൻ മദ്ബഹായിൽ കയറി ബലിപീഠത്തിന് ധൂപം വീശുകയും പിന്നീട് ഗോഗുൽത്തായിൽ ധൂപാർപ്പണം നടത്തി മുത്തുകയും ജനത്തിനു നേരെ ധൂപം വീശുകയും ചെയ്യുന്നു. ഏഴരയുടെ പ്രാർത്ഥനയ്ക്കുശേഷം പട്ടക്കാരൻ അംശവസ്ത്രം ധരിച്ച് മ്നോർത്തോമേൽ നാട്ടിയിരിക്കുന്ന കുരിശെടുത്ത് വെള്ളക്കച്ചയിൽ പൊതിഞ്ഞ് പള്ളിയുടെ തെക്കേവാതിൽവഴി പുറപ്പെട്ട് പടിഞ്ഞാറേ

www.malankaralibrary.com


വാതിൽക്കൽ ഏവൻഗേലിയോൻ വായിച്ചശേഷം പള്ളിക്കുചുറ്റും ഒരു പ്രദക്ഷിണം പൂർത്തിയാക്കി വടക്കേവാതിൽ വഴി അകത്തു പ്രവേശിക്കുന്നു. പ്രദക്ഷിണ സമയത്ത് കുട, കൊടി, മണി എന്നിവ ഉപയോഗിക്കുന്നില്ല.

സ്ലീബാവന്ദനവിന്റെ ശുശ്രൂഷയുടെ അവസാനത്തിൽ കുരിശുമുത്തുമ്പോൾ രണ്ടുവശത്തും ചെറിയ പാത്രങ്ങളിൽ കരി നിറച്ച് കത്തിച്ച് കുന്തിരിക്കം പുകയ്ക്കുകയും മെഴുകുതിരികൾ കത്തിച്ചു വയ്ക്കുകയും വേണം. കുരിശുകുമ്പിടലിനുശേഷം വൈദികൻ കുരിശും വഹിച്ചുകൊണ്ട് പള്ളിക്കകത്ത് പ്രദക്ഷിണം നടത്തുന്നു. ഘടികാരദിശയിൽ രണ്ടുപ്രാവശ്യവും മറുദിശയിൽ ഒരു പ്രാവശ്യവുമാണ് പ്രദക്ഷിണം നടത്തുന്നത്. അതിനുശേഷം കാർമ്മികനും ശുശ്രൂഷകരും മദ്ബഹായുടെ മറ തുറന്ന് അകത്തു പ്രവേശിച്ച് മറയിടുന്നു. തുടർന്ന് കബറടക്കശുശ്രൂഷ ആരംഭിക്കുന്നു.

കബറടക്കത്തിനാവശ്യമായവ: കയ്പ്പുനീര്, സാമ്പ്രാണി, കുന്തിരിക്കം, പഞ്ഞി, പനിനീർ, സുഗന്ധതൈലം, ഓശാന ഞായറാഴ്ച വാഴ്ത്തിയ കുരുത്തോല, മെഴുകുതിരി, കെടാവിളക്ക്, കെത്താന (കബറടക്കത്തിനുള്ള തുണി), രണ്ടു മെഴുകുതിരിക്കാലുകൾ.

ത്രോണോസിന്റെ പുറകുവശത്ത് കബറടക്കാനുള്ള വിരി വിരിച്ചിരിക്കണം. ഇരുഭാഗങ്ങളിലായി മെഴുകുതിരികൾ കത്തിച്ചിരിക്കണം. തുടർന്ന് കാർമ്മികൻ കബറടക്കം നടത്തി ധൂപം വയ്ക്കുന്നു. തുടർന്നു ചൊറുക്കായും ചെന്നിനായകവും ചേർത്ത വെള്ളം (കയ്പ്പുനീര്) വിശ്വാസികൾക്കു നല്കുന്നു. കബറടക്കിയ ത്രോണോസിന്മേൽ ദുഃഖശനിയാഴ്ച കുർബാന അർപ്പിക്കാത്തതിനാൽ വശങ്ങളിലെ ത്രോണോസിലോ നമസ്കാരമേശയിലോ വി. കുർബാനയ്ക്കുള്ള ക്രമീകരണം ശുശ്രൂഷകർ ചെയ്യേണ്ടതാണ്.

## കൂദാശാനുകരണങ്ങൾ

**ഭവനാശീർവാദം**

ഭവനാശീർവാദത്തിനായി പോകുമ്പോൾ കറുത്തകുപ്പായം, ഹയ്മ്നിയാ, പുസ്തകം, ധൂപക്കുറ്റി, മെഴുകുതിരികൾ, സ്ലീബാ, കുന്തിരിക്കം എന്നിവ കരുതിയിരിക്കണം. ഭവനത്തിൽ എത്തിയാലുടൻ ഒരു ചെറിയ മേശയുടെ നടുക്ക് കുരിശും, ഇരുവശങ്ങളിലായി കത്തിച്ച മെഴുകുതിരികളും ക്രമീകരിക്കണം. കുരിശിനഭിമുഖമായി ഒരു പാത്രത്തിൽ വെള്ളവും അത് തളിക്കുവാനുള്ള സോപ്പായും (ചെടിയുടെ ചെറിയ ശിഖരം) കരുതണം. ശുശ്രൂഷകൻ ധൂപാർപ്പണം നടത്തുമ്പോൾ ഭവനത്തിലെ എല്ലാ മുറികളിലും ധൂപാർപ്പണം നടത്തേണ്ടതാണ്.

www.malankaralibrary.com


**ശവസംസ്കാരം**

പുരുഷന്മാരുടെയും, സ്ത്രീകളുടെയും ശവസംസ്കാരത്തിന് 4 ശുശ്രൂഷകളുണ്ടുള്ളത്. ഇവയിൽ 3 എണ്ണം ഭവനത്തിൽവച്ചും അവസാനത്തെ ശുശ്രൂഷ ദൈവാലയത്തിൽവച്ചുമാണ് നടത്തുന്നത്. ഭവനത്തിൽ ശുശ്രൂഷയ്ക്ക് പോകുമ്പോൾ കറുത്തകുപ്പായം, ഹയ്മ്നിയാ, പുസ്തകം, സ്ലീബാ, മെഴുകുതിരി, ധൂപക്കുറ്റി, കുന്തിരിക്കം എന്നിവ കരുതിയിരിക്കണം.

ദൈവാലയത്തിലെ ശുശ്രൂഷയ്ക്ക് മൃതശരീരത്തിൽ ഒഴിക്കാനുള്ള എണ്ണയും, കുന്തുരുക്കവും മണലും കൂടിയുള്ള മിശ്രിതവും കരുതേണ്ടതാണ്. മൃതശരീരം ദൈവാലയത്തിൽ കൊണ്ടുവരുമ്പോൾ തിരശീല മാറ്റേണ്ടതാണ്.

**ധൂപപ്രാർത്ഥന**

മരിച്ച വിശ്വാസികൾക്കുവേണ്ടി ധൂപപ്രാർത്ഥന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ: ദൈവാലയത്തിൽ വച്ചാണ് ധൂപാർപ്പണമെങ്കിൽ ഹൈക്കലയിൽ മദ്ധ്യഭാഗത്തായി കറുത്തതുണി വിരിക്കേണ്ടതാണ്. പടിഞ്ഞാറുഭാഗത്ത് നടുവിൽ സ്ലീബാ വയ്ക്കുകയും ഇരുവശങ്ങളിൽ തിരികൾ കത്തിക്കേണ്ടതുമാണ്. സെമിത്തേരിയിൽ വച്ചാണെങ്കിൽ കല്ലറയുടെ പടിഞ്ഞാറുഭാഗത്ത് കുരിശും ഇരുവശങ്ങളിലും തിരികളും കത്തിക്കേണ്ടതാണ്.

www.malankaralibrary.com


# അദ്ധ്യായം 7

## ശുശ്രൂഷകരുടെ പങ്കാളിത്തം വിശുദ്ധ കുർബാനയിൽ

'കൂദാശകളുടെ കൂദാശ' ആയ വിശുദ്ധ കുർബാനയിൽ തിരുശരീരത്തിലൂടെയും രക്തത്തിലൂടെയും യേശുക്രിസ്തു സന്നിഹിതനാകുന്നു. മലങ്കര പാരമ്പര്യമനുസരിച്ച് വിശുദ്ധ കുർബാനയിൽ രക്ഷാകരചരിത്രം മുഴുവനും പുനരവതരിപ്പിക്കപ്പെടുന്നു. ലോകാരംഭംമുതൽ യേശുക്രിസ്തുവിന്റെ രണ്ടാം ആഗമനം വരെയുള്ള സംഭവങ്ങളാണ് വിവിധ സന്ദർഭങ്ങളിലായി വി. കുർബാനയിൽ അനുസ്മരിക്കപ്പെടുക. ഇതിൽ സംബന്ധിക്കുന്നവരും ഇതിലെ സഹായികളുമെന്നനിലയിൽ ആദ്യന്തം സുപ്രധാന പങ്കാണ് മദ്ബഹാശുശ്രൂഷകർക്ക് ഉള്ളത്. അതിനാൽ പരിശുദ്ധ കുർബാനയുടെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷകർ അനുഷ്ഠിക്കേണ്ട ക്രമവും, നൽകേണ്ട ശുശ്രൂഷയും ഈ അദ്ധ്യായത്തിൽ ഹ്രസ്വമായി പ്രതിപാദിക്കുന്നു.

**കുർബാനയ്ക്ക് ഒരുക്കേണ്ട വിധം**

1. ബലിപീഠം മൂടിയിരിക്കുന്ന വിരി മാറ്റി മടക്കി വയ്ക്കുക.
2. വിരിക്കൂട്ട് ബലിപീഠത്തിനു നടുവിൽ സക്രാരിക്കും കുരിശിനും നേരെ വരത്തക്കവിധം വിരിക്കുക.
3. വിരിക്കൂട്ടിനുള്ളിലെ കെത്താന (വെള്ളവിരി) വിരിച്ചിടുക.
4. ഇതിനു മുകളിൽ കാസായും പീലാസായും മ്കബ്ലാനകൊണ്ട് മൂടിയവയ്ക്കുക (മുന്തിരിയുടെ ചിത്രമുള്ള മ്കബ്ലാന കാസായുടെ മുകളിലും, ഗോതമ്പ് കതിരിന്റെ ചിത്രമുള്ള മ്കബ്ലാന പീലാസായുടെ മുകളിലും)
5. നക്ഷത്രം (കൗക്ക്ബോ) വിരിക്കൂട്ടിന്റെ ഇടതുവശത്തും സ്പൂണും (തർവോദോ) ഗ്മൂർത്തോയും വലതുവശത്തും വയ്ക്കുക.

www.malankaralibrary.com


6. മ്ശംശോനിസോയിൽ (വെള്ളം വയ്ക്കുന്ന പാത്രം) വെള്ളം എടുത്ത് സങ്കീഞ്ഞ് കൊണ്ട് മൂടി വെയ്ക്കുക.
7. തക്സാ സ്റ്റാന്റും തക്സയും വൈദികന് സൗകര്യപ്രദമായ വിധത്തിൽ വൈദികന്റെ വലതു ഭാഗത്ത് വയ്ക്കുക.
8. സക്രാരിയുണ്ടെങ്കിൽ സക്രാരിയുടെ താക്കോൽ സങ്കീഞ്ഞിൽ വച്ച് ബലിപീഠത്തിന്റെ ഇടത്തുഭാഗത്തായി വയ്ക്കുക.
9. ശോശപ്പ വിരിക്കൂട്ടിനോട് ചേർന്ന് ഇടതു ഭാഗത്തായി വയ്ക്കുക.
10. വീഞ്ഞും, വിശ്വാസികളുടെ എണ്ണമനുസരിച്ച് ചെറിയ ഓസ്തിയും, ഒരു വലിയ ഓസ്തിയും എടുത്തുവയ്ക്കണം.
11. ഒന്നിൽ കൂടുതൽ വൈദികർ വിശുദ്ധ കുർബാന കൊടുക്കുന്ന അവസരത്തിൽ ആവശ്യമനുസരിച്ച് സങ്കീഞ്ഞും കുസ്തോതിയും (കുർബാന വയ്ക്കുന്ന പാത്രം) ക്രമീകരിച്ചിരിക്കണം.
12. വൈദികന് വായിക്കാനുള്ള വേദഭാഗം സഭാപഞ്ചാംഗത്തിൽ നോക്കി അതതു ദിവസത്തിനനുസരിച്ച്, അടയാളം വച്ച്, സഭാപഞ്ചാംഗ മുൾപ്പെടെ ഏവൻഗേലിയോൻപീഠത്തിൽ വയ്ക്കുക.
13. ദിവസത്തിന്റെ പ്രാധാന്യമനുസരിച്ച് രണ്ട് തിരിയോ അതിൽ കൂടുതലോ കത്തിച്ചിരിക്കണം.
14. ശുശ്രൂഷകന് വായിക്കാനുള്ള ലേഖനഭാഗങ്ങൾ, പിടിക്കാനുള്ള തിരി, മണി, മർബഹാസ, കമ്മ്യൂണിയൻ പ്ലേറ്റ്, വൈദികന് കൈകഴുകാനുള്ള വെള്ളം, കൈ തുടയ്ക്കാനുള്ള തുണി തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പുവരുത്തുക.
15. ധൂപക്കുറ്റി നേരത്തെ കത്തിക്കുകയും കുന്തിരിക്കം ആവശ്യത്തിന് എടുത്ത് വയ്ക്കുകയും ചെയ്യുക.
16. കൃത്യമായ ഒരു സമയം കണ്ടെത്തി ശുശ്രഷകർ ഒരുമിച്ചുകൂടി പ്രവേശനപ്രാർത്ഥന നടത്തുക.

## I ഒരുക്കശുശ്രൂഷ

### 1. വിശുദ്ധ കുർബാനയ്ക്കായുള്ള കാഴ്ചവസ്തുക്കളുടെ ഒരുക്കം

ഒരുക്കശുശ്രൂഷയോടെ പരിശുദ്ധ കുർബാന ആരംഭിക്കുന്നു. ഈ ഭാഗംമുതൽ പരസ്യശുശ്രൂഷയ്ക്കായി ആദ്യം തിരശ്ശീല നീക്കുന്നത്വരെയുള്ള ഭാഗമാണ് രഹസ്യശുശ്രൂഷ. ഈ സമയം വൈദികൻ അപ്പവും

www.malankaralibrary.com


(ഓസ്തി) വീഞ്ഞും കുർബാനയ്ക്കായി ഒരുക്കുകയും കാഴ്ചവയ്ക്കുകയും ചെയ്യുന്നു. അതിനാൽ ഇതിനു മുമ്പുതന്നെ ശുശ്രൂഷകൻ ഈ ശുശ്രൂഷയ്ക്കായി അൾത്താര ഒരുക്കിയിരിക്കണം. ശുശ്രൂഷ തുടങ്ങിയാൽ അതത് സമയത്ത് അവ കാർമികന് എടുത്തു നൽകണം.

ഇതിനുശേഷം കാർമ്മികൻ അംശവസ്ത്രം ധരിക്കുന്നു. അംശവസ്ത്രണങ്ങൾ ധരിച്ചതിനുശേഷം വേണമെങ്കിലും ഒരുക്ക ശുശ്രൂഷ നടത്താവുന്നതാണ്.

**2. പഴയനിയമ വായന**

ഒരുക്കശുശ്രൂഷയുടെ സമയം പഴയനിയമത്തിൽനിന്ന് വായനകൾ നടത്താറുണ്ട്. അതതു ദിവസത്തേയ്ക്കുള്ള വായനകൾ സഭാപഞ്ചാംഗത്തിൽ ഉള്ളത് തെരഞ്ഞെടുക്കുക. ഓരോ വായനവും ആരംഭിക്കേണ്ടത് എങ്ങനെയെന്ന് വിശുദ്ധ കുർബാന പുസ്തകം നോക്കി മനസ്സിലാക്കിയിരിക്കണം. പ്രധാന ദിവസങ്ങളിൽ ഒന്നോ, രണ്ടോ, മൂന്നോ, നാലോ വായനകൾ നടത്താവുന്നതാണ്. ഈ വായന മദ്ബഹാ ശുശ്രൂഷകർക്ക് പുറമേ പെൺകുട്ടികൾക്കോ, മറ്റ് വിശ്വാസികൾക്കോ നടത്താവുന്നതുമാണ്. മദ്ബഹായുടെ താഴെ ജനത്തിനഭിമുഖമായി പ്രാർത്ഥനാമേശയുടെ വടക്കു-കിഴക്കു ഭാഗത്തു നിന്നുവേണം ഈ വായനകൾ നടത്തേണ്ടത്.

"നീതിമാന്മാരുടെ കൂടാരത്തിൽ..." എന്ന പ്രാർത്ഥനയോടെയാണ് പഴയനിയമവായന ആരംഭിക്കുക.

**3. അംശവസ്ത്രങ്ങൾ ധരിക്കുന്നു**

അംശവസ്ത്രങ്ങൾ ധരിക്കുന്നതിന് മുമ്പ് വൈദികൻ കൈകൾ കഴുകുന്ന പതിവുണ്ട്. ഈ അവസരത്തിൽ വെള്ളം ഒഴിച്ചുകൊടുക്കുകയും കൈ തുടയ്ക്കാൻ തുണി നൽകുകയും ചെയ്യുക.

വൈദികൻ അംശവസ്ത്രങ്ങൾ ധരിക്കുമ്പോൾ ശുശ്രുഷകൻ അതിന് സഹായിക്കേണ്ട ക്രമം താഴെക്കാണുംവിധമാണ്.

1. വൈദികൻ കറുത്തകുപ്പായം നീക്കിയശേഷം ആൽബ് ധരിക്കുമ്പോൾ, ശുശ്രൂഷകൻ വൈദികനെ സഹായിക്കണം.
2. ഹയ്മ്നിയായും, തുടർന്ന്, അരക്കെട്ടും പിന്നീട് കൈയ്യുറകളും ഒടുവിലായി കാപ്പായും മുൻസൂചിപ്പിച്ചതുപോലെ എടുത്തുകൊടുക്കണം.
3. കാർമ്മികൻ മേല്പട്ടക്കാരനാണെങ്കിൽ കറുത്തകുപ്പായം, മുടിത്തൊപ്പി എന്നിവ മാറ്റി അംശവസ്ത്രങ്ങൾ ധരിക്കുന്നു. അംശവസ്ത്രങ്ങളുടെ

www.malankaralibrary.com


ക്രമം താഴെപറയുംവിധമായിരിക്കും

1. ആൽബ് 2. കുബ്ഊനോ
3. ഹയ്മ്നിയ 4. അരക്കെട്ട്
5. കൈയ്യുറ 6. മസ്നപ്സ (ശീലമുടി)
7. കാപ്പ 8. പത്രസീൻ
9. മാല 10. ചെരുപ്പ്

**4. വിശുദ്ധ കുർബാനയ്ക്കായി മദ്ബഹായിലേക്ക്**

ഏറ്റവും മുന്നിലായി ധൂപക്കുറ്റി, തുടർന്ന് എല്ലാ ശുശ്രൂഷകരും, ഏറ്റം പുറകിലായി കാർമ്മികനും മദ്ബഹായിലേക്ക് വടക്കു വശത്തുകൂടി പ്രവേശിക്കുന്നു. വൈദികൻ ജനങ്ങൾക്കു നേരെ തിരിഞ്ഞ് പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുമ്പോൾ (സഹോദരങ്ങളേ, ജീവപ്രദമായ പരിശുദ്ധ ബലി...) ശുശ്രൂഷകർ ക്രമമായി മദ്ബഹായുടെ ഇരുവശങ്ങളിലും ത്രോണോസിന്റെ വശങ്ങൾക്ക് നേരെ ശുശ്രൂഷകരുടെ എണ്ണമനുസരിച്ച് വരിയായി നിൽക്കണം. പ്രാർത്ഥനാഭ്യർത്ഥനയ്ക്ക് ശേഷം വൈദികൻ ബലിപീഠത്തിലേക്ക് തിരിയുമ്പോൾ മദ്ബഹായുടെ തിരശ്ശീല ഇടുന്നു. ഇവിടെ വൈദികൻ സൃഷ്ടിമുതൽ മറിയത്തോടു ഗബ്രിയേൽ ദൂതൻ നടത്തുന്ന വചനിപ്പും, വചനം ശരീരമാകുന്നതും വരെയുള്ള സംഭവങ്ങൾ അനുസ്മരിച്ച് ശുശ്രൂഷ ആരംഭിക്കുന്നു. ഈ സമയം "വെളിവു നിറഞ്ഞോ രീശോ..." എന്ന ഗാനം ആലപിക്കണം. പ്രധാന വായനക്കാരനാണ് പാട്ടു കൾക്കും വായനകൾക്കും നേതൃത്വം നല്കേണ്ടത്. ധൂപക്കുറ്റി വീശുന്ന ശുശ്രൂഷകനാണ് പ്രധാന ശുശ്രൂഷകൻ. വൈദികൻ ശോശാപ്പകൊണ്ട് കാസായും പീലാസായും മൂടുമ്പോൾ പ്രധാന ശുശ്രൂഷകൻ ധൂപക്കു റ്റിയും കുന്തിരിക്കപ്പാത്രവുമായി കാർമ്മികനെ സമീപിക്കുക. വൈദികൻ കുന്തിരിക്കം ഇടാനായി തിരിയുമ്പോൾ പ്രധാന ശുശ്രൂഷകൻ വൈദിക നുനേരെ വലതുകൈയ്യിൽ ധൂപക്കുറ്റിയും ഇടതുകൈയ്യിൽ കുന്തിരിക്ക പ്പാത്രവും ഉയർത്തിപ്പിടിക്കുക. ഈ സമയം ധൂപക്കുറ്റിയുടെ അടിയിലെ തട്ടവും, കുന്തിരിക്കപാത്രവും അടുത്തടുത്തായി നേരെ പിടിക്കുക. കുന്തിരി ക്കം ഇട്ടശേഷം ധൂപക്കുറ്റി വൈദികൻ വാങ്ങുകയും ബലിവസ്തുക്കളു ടെമേൽ ധൂപാർപ്പണം നടത്തുകയും ചെയ്യുന്നു. ഈ സമയം വായനക്കാരൻ "ആർക്കായ് കാഴ്ച..." "കർത്താവേ നിൻ രക്തശരീരങ്ങൾ..." എന്നിവ പാടുന്നു. ധൂപാർപ്പണത്തിനുശേഷം വൈദികൻ തിരിയുമ്പോൾ പ്രധാന ശുശ്രൂഷ കൻ കുന്തിരിക്കം ഇടുന്നതിനായി പാത്രം പിടിച്ചു കൊടുക്കുക. ഈ സമയം മറ്റ് ശുശ്രൂഷകർ പരസ്യശുശ്രൂഷയ്ക്കായി ഒരുങ്ങുക. അൾത്താരയോടു

www.malankaralibrary.com


ചേർന്ന് നിരയിൽ ഏറ്റം മുന്നിൽ നിൽക്കുന്നയാൾ തിരിയും ഏറ്റവും പിന്നിൽ നിൽക്കുന്നയാൾ മർബഹാസയും പിടിക്കേണ്ടതാണ്. പാട്ട് തീരുമ്പോൾ മദ്ബഹായുടെ തിരശ്ശീല തുറക്കുക. ഇവിടെ പരസ്യശുശ്രൂഷ ആരംഭിക്കുന്നു.

# II വചന ശുശ്രൂഷ

**1. പരസ്യശുശ്രൂഷാരംഭം**

"കർത്താവേ നിന്നെ പ്രസവിച്ച മറിയാമും..." എന്നു തുടങ്ങുന്ന ധൂപാർപ്പണത്തോടുകൂടിയ പ്രാർത്ഥനയോടെ പരസ്യശുശ്രൂഷ ആരംഭിക്കുന്നു. ഇവിടെ യേശുമിശിഹായുടെ ജനനത്തെയും ആട്ടിടയന്മാർ വന്ദിക്കുന്നതിനെയും വിശുദ്ധ മാമോദീസായെയും അനുസ്മരിക്കുന്നു. ഈ പ്രാർത്ഥനയോടെ കാർമ്മികൻ ബലിപീഠത്തിനും ഏവൻഗേലിയോനും, ഇരുവശങ്ങളിൽ ത്രോണോസുകളുണ്ടെങ്കിൽ അവിടേക്കും, തുടർന്ന് ജനങ്ങൾക്കുനേരെയും ധൂപം വീശുന്നു. ഈ സമയം...

1. ഇരുവശങ്ങളിലും ഏറ്റം മുന്നിൽ നിൽക്കുന്ന ശുശ്രൂഷകർ തിരി പിടിക്കുക.
2. ഏറ്റവും പിറകിൽ നിൽക്കുന്ന ശുശ്രൂഷകർ മർബഹാസാ പിടിക്കുക.
3. വൈദികൻ ജനങ്ങൾക്കുനേരെ ധൂപം വീശുമ്പോൾ എല്ലാ ശുശ്രൂഷകരും, അതായത് ഇരുവശങ്ങളിലുമുള്ളവർ, മുഖാഭിമുഖം വരത്തക്ക വിധത്തിൽ തിരിഞ്ഞ് നില്ക്കുക.
4. ധൂപാർപ്പണത്തിനുശേഷം വൈദികൻ ബലിപീഠത്തിനു നേരെ തിരിയുമ്പോൾ ശുശ്രൂഷകർ പഴയരീതിയിൽ നിൽക്കുക.
5. ജനങ്ങൾ, "സ്വഭാവപ്രകാരം..." എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ മണിയും മർബഹാസയും കിലുക്കുക.
6. ധൂപാർപ്പണശേഷം വൈദികൻ ബലിപീഠത്തിൽ മുത്തിക്കഴിയുമ്പോൾ പ്രധാന ശുശ്രൂഷകൻ വൈദികന്റെ വലതുകരംമുത്തി ധൂപക്കുറ്റി സ്വീകരിക്കുന്നു. തുടർന്ന് സക്രാരിയെ വണങ്ങി മദ്ബഹായുടെ വടക്കുവശത്തു നിന്ന് ധൂപം വീശുക.

ആഘോഷമായ ദിവ്യബലിയിൽ മേൽപ്പറഞ്ഞ പ്രാർത്ഥനയ്ക്കു പകരം "കർത്താവേ നിന്നെ പ്രസവിച്ച..." എന്ന കാർമ്മികന്റെ പ്രാർത്ഥനയ്ക്കുശേഷം "മാതാപരിശുദ്ധൻമാർ..." എന്ന ഗാനമാണ് ആലപിക്കുന്നത്. ഈ അവസരത്തിൽ വൈദികനും ശുശ്രൂഷകരും ബലിപീഠത്തിനുചുറ്റും പ്രദക്ഷിണം നടത്തുന്നു. ഈ സമയം...

www.malankaralibrary.com


1. പ്രദക്ഷിണത്തിന് ഏറ്റവും മുന്നിലായി രണ്ട് തിരികളും അതിന് പിന്നിലായി മർബഹാസയും പിടിക്കുന്നു.
2. മറ്റുള്ള എല്ലാ ശുശ്രൂഷകരും കത്തിച്ച തിരികൾ പിടിച്ച് വരിയായി നിൽക്കുക.
3. ശുശ്രൂഷകരുടെ പുറകിലായി കാർമ്മികൻ ധൂപം വീശിബലിപീഠത്തിന് നാല് കോണുകളിലും മുത്തുന്നു. അതിനുശേഷമാണ് ജനങ്ങൾക്ക് നേരെ ധൂപം വീശുന്നത്.
4. ശുശ്രൂഷകർ സാവധാനം പ്രദക്ഷിണം പൂർത്തിയാക്കി ഇരുവശങ്ങളിലുമായി നില്ക്കുക.

**2. ത്രിസാഗിയോൻ (ത്രൈശുദ്ധകീർത്തനം)**

"ദൈവമേ നീ പരിശുദ്ധനാകുന്നു..." എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ, കന്യകയിൽനിന്ന് ജനിക്കുകയും യോഹന്നാനിൽനിന്ന് മാമോദീസാ സ്വീകരിക്കുകയും ചെയ്ത വചനമായ ദൈവം പരിശുദ്ധനും ബലവാനും മരണരഹിതനും ആകുന്നു എന്നും, ഈ ദൈവം ഞങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ടതിനാൽ ഞങ്ങളെ അനുഗ്രഹിക്കണമേയെന്നും അപേക്ഷിക്കുന്നു. "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ..." എന്ന നാലാം പാദത്തിൽ മണിയും മർബഹാസയും കിലുക്കുക. തുടർന്ന് കുറിയേലായിസോൻ എന്ന് ചൊല്ലുമ്പോൾ ശുശ്രൂഷകർ ലേഖനവായനകൾക്കായി ഒരുങ്ങുന്നു. ഒന്നാം വായനയ്ക്കുമുമ്പായി "ഭൂവിലശേഷം ദൈവത്താൽ..." എന്ന ഗീതവും രണ്ടാം വായനയ്ക്കുമുമ്പായി "പൗലോസുശ്ലീഹാ ധന്യം ചൊൽ..." എന്ന ഗീതവും ആലപിക്കുക.

**3. ലേഖന വായനകൾ**

വിശുദ്ധ കുർബാനമദ്ധ്യേ രണ്ട് ലേഖനവായനകളാണുള്ളത്. ദൈവം ലോകത്തിനു നല്കിയ സുവിശേഷം അപ്പസ്തോലന്മാരും ഈ ഗണത്തിൽ ചേർക്കപ്പെട്ട വിശുദ്ധ പൗലോസും ലോകത്തെ അറിയിച്ച സംഭവം ലേഖന വായനയിലൂടെ പ്രസ്താവിക്കുന്നു. സർവജനത്തിനും ഇത് പ്രഘോഷിതമായതിനാൽ മദ്ബഹായിൽനിന്നും ഒരുപടി താഴെനിന്നാണ് ലേഖനങ്ങൾ വായിക്കുന്നത്. ആദ്യം സുവിശേഷ പ്രഘോഷണം നടത്തിയത് 12 അപ്പസ്തോലന്മാരാകയാൽ അവരുടെ ലേഖനഭാഗം ആദ്യവും, പൗലോസ് രണ്ടാമത് സുവിശേഷ പ്രഘോഷണം നടത്തിയതിനാൽ ശ്ലീഹായുടെ ലേഖനം രണ്ടാമതും വായിക്കുന്നു. ലേഖനം വായിക്കുന്ന ശുശ്രൂഷകർ പ്രത്യേകം ശ്രദ്ധിക്കേണ്ടവ താഴെപ്പറയുന്നു.

www.malankaralibrary.com


1. ഓരോ ദിവസങ്ങളിലുമുള്ള വായനഭാഗം സഭാപഞ്ചാംഗത്തിൽ ഉണ്ട്. അതിൻപ്രകാരം വായനകൾക്കായി അവർ നേരത്തെതന്നെ ഒരുങ്ങിയിരിക്കണം.
2. എപ്രകാരമാണ് ലേഖനവായന ആരംഭിക്കുക, അവസാനിപ്പിക്കുക ഇവ സംബന്ധിച്ച കാര്യങ്ങൾ വിശുദ്ധ കുർബാന പുസ്തകത്തിൽ നിന്നും വായിച്ച് പഠിക്കുക.
3. "ഭൂവിലശേഷം..." എന്ന ഗാനം തീരുന്നതിനുമുമ്പേ ബലിപീഠത്തിന്റെ വടക്കുവശം ചുംബിച്ച് കാർമ്മികന്റെ കാപ്പയും മുത്തി മദ്ബഹായുടെ ഇടതുവശത്ത് ഒരുപടി ഇറങ്ങിനിന്ന് ഗാനം തീരുമ്പോൾ ലേഖനം വായിക്കുന്നു.
4. "പൗലോസ് ശ്ലീഹാ..." എന്ന ഗാനം തീരുന്നതിനുമുമ്പേ ബലിപീഠത്തിന്റെ തെക്കുവശം ചിംബിച്ച് കാർമ്മികന്റെ കാപ്പയും മുത്തി മദ്ബഹായുടെ തെക്കുവശത്ത് ഒരുപടി ഇറങ്ങിനിന്ന് ഗാനം തീരുമ്പോൾ വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽ നിന്നുള്ള വായന നടത്തുന്നു.
5. മേല്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ രണ്ട് വായനകൾക്കും മുമ്പ് ബലിപീഠം മുത്തിയശേഷം മേല്പട്ടക്കാരന്റെ സ്ലീബായും മുത്തേണ്ടതാണ്.
6. സാധാരണ ദിവസങ്ങളിൽ വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽനിന്നുള്ള വായന മാത്രം നടത്തുകയാണ് പതിവ്.
7. മദ്ബഹാ ശുശ്രൂഷകർക്ക് പുറമേ, പഴയനിയമ വായനയും, ലേഖനവും വായിക്കുവാനുള്ള സന്ദർഭം വിശ്വാസികൾക്ക് നൽകാവുന്നതാണ്.
8. ലേഖനവായനയുടെ സമയത്ത് പ്രധാന ശുശ്രൂഷകൻ മദ്ബഹായിൽ നിന്ന് ലേഖനത്തിനുനേരെ ധൂപം വീശുന്നു.

**4. ഏവൻഗേലിയോൻ വായന**

ലേഖനവായനയ്ക്ക് ശേഷം "ഹാലേലൂയ്യാ..." എന്ന ഗാനത്തോടെ ഏവൻഗേലിയോൻ വായന ആരംഭിക്കുന്നു. ഗാനം ആരംഭുക്കുന്നതിന് മുമ്പ്തന്നെ ശുശ്രൂഷകരിലൊരാൾ ഏവൻഗേലിയോൻ പീഠം മദ്ബഹായുടെ നടുവിലായി വയ്ക്കുന്നു.

1. "ഹാലേലൂയ് ഹാലേലൂയ്യാ..." എന്ന ഗാനസമയത്ത് മണിയും മർബഹാസയും കിലുക്കുന്നു.

www.malankaralibrary.com


2. കാർമ്മികൻ ഏവൻഗേലിയോനു നേരെ തിരിയുമ്പോൾ ഇരുവശങ്ങളിലും ശുശ്രൂഷകർ ഓരോ തിരി പിടിക്കുന്നു. അതിനുപിന്നിൽ മർബഹാസയും.
3. പ്രധാന ശുശ്രൂഷകൻ "ബാറെക്മോർ, നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന..." എന്ന അറിയിപ്പോടെ ധൂപക്കുറ്റിയിൽ കുന്തുരുക്കം ഇടുവിക്കുക. കുന്തുരുക്കം ഇടുവിച്ചശേഷം വൈദികന്റെ കരം മുത്തണം. തുടർന്ന് മദ്ബഹായുടെ പടിയിൽ നിന്ന്, അതായത്, ഏവൻഗേലിയോൻ പീഠത്തിനു മുമ്പിൽ നിന്ന് ഏവൻഗേലിയോനു നേരെ ധൂപം വീശുക.
4. കാർമ്മികന്റെ പ്രാർത്ഥനകൾക്ക് ജനങ്ങൾ മറുപടി നൽകുന്ന സമയത്തും സുവിശേഷ വായനയ്ക്കുശേഷം കാർമ്മികൻ "നിങ്ങൾക്കെല്ലാവർക്കും ശാന്തി..." എന്നു പറയുമ്പോഴും മണിയും മർബഹാസയും കിലുക്കണം.
5. സുവിശേഷവായനയ്ക്കുശേഷം വൈദികൻ ബലിപീഠത്തിലേക്ക് തിരിയുമ്പോൾ ശുശ്രൂഷകർ തിരികൾ കെടുത്തുകയും മണിയും മർബഹാസയും അതാതു സ്ഥാനങ്ങളിൽ വയ്ക്കുകയും ചെയ്യാവുന്നതാണ്.
6. സുവിശേഷവായനയ്ക്കുശേഷം പാടേണ്ട ഗീതം വിശുദ്ധ കുർബാന പുസ്തകത്തിന്റെ അനുബന്ധത്തിൽനിന്നും തിരഞ്ഞെടുത്ത് പാടുക.
7. മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ ഏവൻഗേലിയോൻ വായനയ്ക്കായി തിരിയുമ്പോൾ അംശവടി നൽകുക. ഏവൻഗേലിയോൻ വായനയ്ക്കുശേഷം അംശവടി തിരികെ വാങ്ങുക.

**5. പ്രുമിയോൻ, സെദറ**

സുവിശേഷവായനയ്ക്കും വചനപ്രഘോഷണത്തിനും ശേഷം വരുന്ന പ്രധാന ഭാഗമാണ് പ്രുമിയോൻ, സെദറ. "ബാറെക്മോർ, സ്തൗമെൻകാലോസ്" എന്ന പ്രഖ്യാപനത്തോടെ ഇത് ആരംഭിക്കുന്നു.

ഈ സമയം :

1. ശുശ്രൂഷകൻ "ബാറെക്മോർ കാരുണ്യവാനായ...." എന്ന വായന നടത്തുന്ന സമയത്ത് പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റീയിൽ കുന്തിരിക്കം ഇടുവിക്കുന്നു. തുടർന്ന് വൈദികന്റെ വലതുകരം മുത്തണം. ഓരോ പ്രാവശ്യവും കുന്തിരിക്കം ഇടുവിക്കുമ്പോഴും

www.malankaralibrary.com


മുമ്പ് സൂചിപ്പിച്ചതുപോലെ ധൂപക്കുറ്റിയുടെ അടിത്തട്ടിനോടടുപ്പിച്ച് കുന്തിരിക്കപ്പാത്രം പിടിക്കണം.

2. ഇതിനുശേഷം ബലിപീഠത്തിന്റെ തെക്കുവശത്ത് മൂന്നുപ്രാവശ്യം വീശിവണങ്ങി മുത്തിയശേഷം വീണ്ടും മൂന്നുപ്രാവശ്യം ധൂപം വീശുന്നു.
3. ബലിപീഠം ചുറ്റി വീശുന്നു, സക്രാരിയുടെ മുന്നിലെത്തി മൂന്നു തവണവീശി തലവണങ്ങി വീണ്ടും മൂന്നു തവണ ധൂപം വീശുന്നു.
4. ബലിപീഠത്തിന്റെ വടക്കുവശത്തും മൂന്നുപ്രാവശ്യം വീശിവണങ്ങി മുത്തിയശേഷം വീണ്ടും മൂന്നുതവണ ധൂപം വീശുന്നു.
5. മദ്ബഹായുടെ നടുവിലെത്തി ബലിപീഠത്തിനു മധ്യേയുള്ള കുരിശുനുനേരെ മൂന്നുതവണ ധൂപം വീശി ശിരസ്സ് നമിച്ച് വീണ്ടും മൂന്നുതവണ വീശുന്നു.
6. തുടർന്ന് അവിടെ നിന്ന് ഏവൻഗേലിയോനു നേരെ മൂന്ന് തവണ വീശി തലവണങ്ങി വീണ്ടും മൂന്നുതവണ ധൂപം വീശുന്നു.
7. മദ്ബഹായിൽ വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ അതിനുശേഷം ഇപ്രകാരം ധൂപം വീശണം.
8. പിന്നീട് വടക്കുവശത്തും തെക്കുവശത്തും അൾത്താരകൾ ഉണ്ടെങ്കിൽ അവയ്ക്കുനേരെയും വീശണം.
9. തുടർന്ന് ജനങ്ങൾക്ക് നേരെ തിരിയുന്നു. ആദ്യം നടുഭാഗത്തും പിന്നീട് സ്ത്രീകളുടെ ഭാഗത്തും തുടർന്ന് പുരുഷന്മാരുടെ ഭാഗത്തും മേൽപ്പറഞ്ഞപ്രകാരം ധൂപം വീശുക.
10. തിരിഞ്ഞ് ബലിപീഠത്തിലെ കുരിശിനുനേരെ ഒരിക്കൽകൂടി വീശി മദ്ബഹായുടെ വടക്കുവശത്തായി നിന്ന് ധൂപം വീശുക.
11. മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ ആദ്യപ്രാവശ്യം മദ്ബഹായുടെ നടുവിലെത്തുമ്പോൾ അദ്ദേഹത്തിനു നേരെ വീശി സ്ലീബാ മുത്തണം.
12. ഒന്നിൽകൂടുതൽ മേൽപ്പട്ടക്കാർ സന്നിഹിതരാണെങ്കിൽ ഹൈരാർക്കിക്കൽ ക്രമമനുസരിച്ച് (സ്ഥാനക്രമമനുസരിച്ച്) എല്ലാവരുടേയും നേരെ ധൂപം വീശി സ്ലീബാ മുത്തണം.
13. മറ്റ് ശുശ്രൂഷകർ ഈ സമയം ആദ്യം നിന്നപോലെ ഭയഭക്തിയോടെ മദ്ബഹായുടെ ഇരുവശങ്ങളിലും നിൽക്കേണ്ടതാണ്.

www.malankaralibrary.com


**6. ധൂപക്കുറ്റി വാഴ്വ്**

തുടർന്ന് വരുന്ന ധൂപക്കുറ്റിവാഴ്വ് പരിശുദ്ധ ത്രിത്വത്തിന്റെ, പ്രത്യേകിച്ച് പരിശുദ്ധ റൂഹായുടെ സാന്നിധ്യത്തെയും പ്രവർത്തനത്തെയും വെളിവാക്കുന്നു.

1. പ്രധാന ശുശ്രൂഷകൻ കുന്തിരിക്കം ഇടുവിക്കുകയും, ധൂപക്കുറ്റി വാഴ്വിനായി പിടിച്ചുകൊടുക്കുകയും ചെയ്യണം. ധൂപക്കുറ്റി വാഴ്വിനു ശേഷം ധൂപക്കുറ്റി കാർമ്മികന്റെ കൈയിൽ കൊടുക്കുക. കാർമ്മികൻ ജനങ്ങൾക്കുനേരെ ധൂപം വീശി തിരികെ വന്ന് ബലിപീഠത്തെ മുത്തിക്കഴിയുമ്പോൾ കാർമ്മികന്റെ വലതുകരം മുത്തി ധൂപക്കുറ്റി ഏറ്റുവാങ്ങുക. തുടർന്ന് പ്രുമിയോൻ സെദറായുടെ സമയം ധൂപം വീശിയപോലെ ബലിപീഠം ചുറ്റി ധൂപം വയ്ക്കുക. ഇവിടെ മദ്ബഹായുടെ നടുവിലെത്തി ജനങ്ങൾക്ക് നേരെ വീശുന്നതിനുപകരം ദൈവാലയത്തിന്റെ പടിഞ്ഞാനെ വാതിൽവരെ ധൂപം വീശികൊണ്ട് പോകേണ്ടതാണ്. ദൈവജനത്തെ വിശുദ്ധീകതിക്കുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്.
2. ധൂപക്കുറ്റി വാഴ്വിനായി പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റി പിടിച്ചുകൊടുക്കുമ്പോൾ വൈദികന്റെ നേരെ നിന്ന് ധൂപക്കുറ്റി അദ്ദേഹത്തിന്റെ ഉയരമനുസരിച്ച് സൗകര്യപ്രദമായി പിടിച്ചുകൊടുക്കേണ്ടതാണ്.
3. കാർമ്മികൻ “പരിശുദ്ധനായ പിതാവ്...”, “പരിശുദ്ധനായ പുത്രൻ...” “ജീവപ്രദനായ...” എന്നീ പ്രാർത്ഥനകൾ ഉരുവിടുമ്പോൾ മണിയും മർബഹാസയും കിലുക്കണം.
4. കാർമ്മികൻ ജനങ്ങൾക്ക് നേരെ ധൂപം വീശി വന്ന് കഴിയുമ്പോൾ കൈകഴുകുന്നതിനായി വെള്ളവും, കൈതുടയ്ക്കുന്നതിനുള്ള തുണിയും നൽകുക (മേൽപ്പട്ടക്കാരനാണെങ്കിൽ കൈകഴുകി തുടച്ചുകഴിയുമ്പോൾ വെള്ളവും തുണിയും നൽകുന്ന ശുശ്രൂഷകർ അദ്ദേഹത്തിന്റെ വലതകരം മുത്തണം)
6. പ്രധാന ശുശ്രൂഷകൻ മദ്ബഹായുടെ വടക്കുവശത്തുകൂടി ഇറങ്ങി ഹൈക്കലായുടെ പടിഞ്ഞാറെ വാതിൽവരെ ധൂപാർപ്പണം നടത്തി തിരികെ വന്ന് മദ്ബഹായുടെ തെക്കുവശത്ത് ഒരു പടി താഴെ

www.malankaralibrary.com


ഇരുകൈകളിലുമായി ധൂപകലശത്തിന്റെ ചങ്ങല പിടിച്ചുകൊണ്ട് ആദരവോടെ നിൽക്കുന്നു. വിശ്വാസപ്രമാണം കഴിയുമ്പോൾ (അല്ലെങ്കിൽ) "യാചിക്കേണ്ടും സമയമിതാ......." എന്ന ഗാനത്തിനൊടുവിൽ) "ബാറെക്മോർ സ്തൗമെൻകാലോസ്" എന്ന് പറഞ്ഞുകൊണ്ട് പ്രധാന ശുശ്രൂഷകൻ മദ്ബഹായിലേക്ക് പ്രവേശിച്ച് ത്രോണോസിന്റെ തെക്കുവശത്തായി നിൽക്കുന്നു. ഇതോടെ വചനശുശ്രൂഷ അവസാനിക്കുകയും വി. കുർബാനയുടെ സുപ്രധാന ഭാഗമായ അന്നാഫുറ ആരംഭിക്കുകയും ചെയ്യുന്നു.

# III യാഗാർപ്പണം

### 1. സമാധാനാശംസ

അന്നാഫുറയുടെ ആദ്യഘട്ടം സമാധാനപ്രാർത്ഥനയോടെ ആരംഭിക്കുന്നു.

1. പ്രധാനശുശ്രൂഷകൻ ധൂപക്കുറ്റി ഇരുകരങ്ങളിലായി പിടിച്ചുകൊണ്ട്, വൈദികന്റെ വലതുഭാഗത്തായി നിൽക്കണം.
2. "നിങ്ങൾക്കെല്ലാവർക്കും..." എന്ന് വൈദികൻ ഉച്ചരിച്ച് ആശീർവദിച്ചു കഴിയുമ്പോൾ പ്രധാന ശുശ്രൂഷകൻ ആദ്യം വിരിക്കൂട്ടിൽ മുത്തുന്നു. പിന്നീട് വൈദികൻ ധൂപക്കുറ്റിയുടെ ചങ്ങലകൾ പിടിച്ച് ആദ്യം വൈദി തൻ മുത്തുകയും പിന്നീട് പ്രധാന ശുശ്രുഷകനെ മുത്തിക്കുകയും ചെയ്യുന്നു. ഇതിനുശേഷം വീണ്ടും വിരിക്കൂട്ടിൽ മുത്തിയശേഷം വൈദികന്റെ കാപ്പ മുത്തണം.
3. ധൂപക്കുറ്റി അതേപോലെ പിടിച്ചുകൊണ്ട് മദ്ബഹായുടെ നടുവിൽ തലവണങ്ങി ബലിപീഠത്തിന്റെ വടക്കു വശത്തുമുത്തി കാർമ്മികന്റെ കാപ്പയും മുത്തണം.
4. ധൂപക്കുറ്റി അതേപോലെതന്നെ പിടിച്ചുകൊണ്ട് വീണ്ടും മദ്ബഹായുടെ മധ്യത്തിൽ വന്ന് ശിരസ്സ് നമിക്കുന്നു.
5. വടക്കുവശത്ത് മദ്ബഹായിലുള്ള ശുശ്രൂഷകർക്ക് സമാധാനം കൊടുത്തശേഷം പുരുഷന്മാരുടെ ഭാഗത്തുനിന്നുള്ള ഒരാൾക്ക് സമാധാനം നൽകുന്നു.
6. മദ്ബഹായുടെ മധ്യത്തിലെത്തി തലവണങ്ങിയശേഷം സ്ത്രീകളുടെ ഭാഗത്തുനിന്നുള്ള ഒരാൾക്കും, മദ്ബഹായുടെ ഇടതുവശത്തുള്ള ശുശ്രൂഷകർക്കും സമാധാനം കൊടുക്കണം. വിശുദ്ധ കുർബാനയിൽ പങ്കുചേരുന്ന പ്രധാന കാർമ്മികനും സഹകാർമ്മികരുമല്ലാതെ മറ്റ്

www.malankaralibrary.com


വൈദികർ മദ്ബഹായിലോ കെസ്ത്രൂമായിലോ സന്നിഹിതരാണെങ്കിൽ ഈ സമയം അവർക്ക് സമാധാനം നൽകുന്നതിനു പകരം അവരുടെ കൈമുത്തി സ്വീകരിക്കുക.

7. ഈ സമയം മറ്റ് ശുശ്രൂഷകർ മദ്ബഹായുടെ ഇതുഭാഗത്തും ഭയഭക്തിയോടെ നിൽക്കണം.

8. മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ ഈ സമയം ശുശ്രൂഷകരെല്ലാവരും അദ്ദേഹത്തിന്റെ സ്ലീബ മുത്തുകയും തുടർന്ന് സ്വസ്ഥാനങ്ങളിൽതന്നെ നിൽക്കുകയും ചെയ്യേണ്ടതാണ്.

9. സമാധാനം നൽകിയശേഷം പ്രധാന ശുശ്രൂഷകൻ മദ്ബഹായുടെ വടക്കുവശത്തായിനിന്ന് ധൂപം വീശുന്നു.

**2. സ്ഥാപന വചനങ്ങൾ**

തുടർന്ന് വരുന്ന ഭാഗം വിശുദ്ധ കുർബാനയുടെ സ്ഥാപന വചനങ്ങൾ ഉൾപ്പെടുന്നതാണ്. ഈ ഭാഗങ്ങളിൽ മണിയും മർബഹാസയും പിടിച്ച് ശുശ്രൂഷകർ നിശ്ചിതസ്ഥാനങ്ങളിൽ നിരയായി ഭയഭക്തിയോടെ നിൽക്കണം. ഈ സയമത്ത്,

1. "ബാറെക്മോർ, സഹോദരങ്ങളെ..." എന്നു ചൊല്ലുമ്പോൾ മണിയും മർബഹാസയും കിലുക്കണം.

2. മേൽപ്പട്ടക്കാരനാണ് വി. കുർബാന അർപ്പിക്കുന്നതെങ്കിൽ തുടർന്നുള്ള ആശീർവാദത്തിന്റെ സമയത്ത് മേൽപ്പട്ടക്കാരന് അംശവടി നൽകുക. ആശീർവാദം കഴിയുമ്പോൾ തിരികെ വാങ്ങുക.

3. "തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും..." എന്ന് ചൊല്ലുമ്പോൾ ഇരുവശങ്ങളിലും നിൽക്കുന്ന ശുശ്രൂഷകർ മണിയും മർബഹാസയും കിലുക്കണം.

4. സ്ഥാപന വചനങ്ങൾ ഉരുവിടുമ്പോൾ മണിയും മർബഹാസയും കിലുക്കുന്ന ക്രമം താഴെ പറയുന്ന വിധമാണ്.

4.1 പുരോഹിതൻ അപ്പവും വീഞ്ഞും എടുത്ത് "വാഴ്ത്തി ശുദ്ധീകരിച്ച്" എന്നു പറയുമ്പോൾ മുതൽ "തന്റെ വിശുദ്ധ ശ്ലീഹന്മാർക്ക് നൽകി" എന്നു പറയും വരെ മണിയും മർബഹാസയും കിലുക്കുന്നു. പിന്നീട് "ഇത് നിങ്ങൾക്ക് വേണ്ടിയും..." എന്ന പ്രാർത്ഥന തുടങ്ങി, തീരുന്നതുവരെയും കിലുക്കണം.

5. സ്ഥാപനവചനങ്ങൾ മുഴുവൻ കഴിഞ്ഞശേഷം മാത്രമേ പ്രധാന ശുശ്രൂഷകൻ കുന്തിരിക്കം എടുക്കുവാൻ പോകാവൂ.

www.malankaralibrary.com



6. ഈ പ്രാർത്ഥനയ്ക്ക് ശേഷം കുന്തിരിക്കം ഇടുവിച്ച് മദ്ബഹായുടെ വടക്കുവശത്തുനിന്ന് ധൂപം വീശുന്നു.

**3. റൂഹാക്ഷണ പ്രാർത്ഥന**

പരിശുദ്ധ റൂഹായുടെ ആവാസത്തിനായുള്ള പ്രാർത്ഥന, "കർത്താവേ എന്നോടുത്തരമരുളണമെ..." എന്ന പ്രാർത്ഥന, അപ്പവും, വീഞ്ഞും, തിരുശരീരരക്തങ്ങളായി പൂർത്തീകരിക്കണമേ എന്ന പ്രാർത്ഥന തുടങ്ങിയവയാണ് തുടർന്നുവരുന്ന പ്രാർത്ഥനകൾ.

1. പരുശുദ്ധറൂഹായുടെ ആവാസത്തിനുള്ള രഹസ്യ പ്രാർത്ഥനയ്ക്കു മുമ്പ് ശുശ്രൂഷകൻ, 'ബാറെക്മോർ, എന്റെ വാത്സല്യമുള്ളവരെ..." എന്ന പ്രസ്താവന നടത്തുന്നത് പരിശുദ്ധ റൂഹാ ദിവ്യ രഹസ്യങ്ങളിൻമേൽ എഴുന്നള്ളിവരുന്നതിനെ സൂചിപ്പിക്കുന്നു. ഈ സമയം മണിയും മർബഹാസയും കിലുക്കണം.
2. ''കർത്താവേ എന്നോടുത്തരമരുണളമേ...'' എന്ന പ്രാർത്ഥന കാർമ്മേൽമലയിൽ നിന്നുകൊണ്ട് സ്വർഗത്തിൽനിന്നും അഗ്നിയിറങ്ങുവാൻ ഏലിയാ പ്രാർത്ഥിച്ചതിനെ സൂചിപ്പിക്കുന്നു.
3. മിശിഹാ പിതാവിനർപ്പിച്ച ബലി ബലഹീനനായ പുരോഹിതന്റെ കരങ്ങളാൽ പരിശുദ്ധ റൂഹായാൽ പരിപൂർണമാക്കപ്പെട്ട് പുത്രൻ വഴിയായി പിതാവിനു സമർപ്പിക്കുന്നതിനെയാണ് അപ്പവും വീഞ്ഞും തിരുശരീരരക്തങ്ങളായി പൂർത്തിയാക്കണമെ എന്ന പ്രാർത്ഥന സൂചിപ്പിക്കുന്നത്. "പരിശുദ്ധാത്മാവ് ആവസിച്ച് ഈ അപ്പത്തെ..." , "പരിശുദ്ധാത്മാവ് ഈ കാസായെ..." ഈ പ്രാർത്ഥനാസമയത്തും മണിയും മർബഹാസയും കിലുക്കണം.
4. ഈ പ്രാർത്ഥനകൾക്കുശേഷം പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റി മാറ്റിവച്ച് മധ്യസ്ഥപ്രാർത്ഥനകൾക്കായി മദ്ബഹായുടെ മധ്യഭാഗത്ത് വന്ന് നിൽക്കുക.

**4. മദ്ധ്യസ്ഥ പ്രാർത്ഥനകൾ**

1. മദ്ധ്യസ്ഥ പ്രാർത്ഥന സാധാരണയായി മൂന്ന് പേരാണ് ചൊല്ലുന്നത്.
2. പ്രധാന ശുശ്രൂഷകനാണ് നടുവിലായി കാർമ്മികന്റെ പിന്നിൽ നിൽക്കുന്നത്. മദ്ധ്യസ്ഥപ്രാർത്ഥനകൾ ഒന്നും ആറും പ്രധാന ശുശ്രൂഷകൻ വായിക്കണം.
3. ഒന്നാമത്തെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ ചേർക്കേണ്ട സഭാതല

www.malankaralibrary.com


വന്മാരുടെ പേരും ക്രമവും മുൻകൂട്ടി തയ്യാറായിരിക്കണം.

4. വടക്കുവശത്തു നിൽക്കുന്ന ശുശ്രൂഷകൻ മദ്ധ്യസ്ഥ പ്രാർത്ഥനകൾ രണ്ടും മൂന്നും ചൊല്ലണം.

5. തെക്കുവശത്തു നിൽക്കുന്ന ശുശ്രൂഷകൻ മദ്ധ്യസ്ഥ പ്രാർത്ഥനകൾ നാലും അഞ്ചും ചൊല്ലണം.

6. മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ മദ്ധ്യസ്ഥ പ്രാർത്ഥന വായിക്കുന്ന ശുശ്രൂഷകൻ നടുവിലായി മാറിനിൽക്കണം. മദ്ധ്യസ്ഥപ്രാർത്ഥന വായിക്കുന്ന ശുശ്രൂഷകന്റെ വലതുവശത്തു നിൽക്കുന്ന ശുശ്രൂഷകൻ കത്തിച്ച തിരിയും ഇടതുവശത്തു നിൽക്കുന്ന ശുശ്രൂഷകൻ അംശവടിയും പിടിക്കണം.

7. മറ്റ് ശുശ്രൂഷകർ ഇരുവശങ്ങളിൽ ഭക്തിയോടെ നിൽക്കുകയോ, സ്വസ്ഥമായി ഇരിക്കുകയോ ചെയ്യണം.

8. മദ്ധ്യസ്ഥപ്രാർത്ഥനകൾക്ക് ശേഷം വലതുവശത്തുള്ള ശുശ്രൂഷകൻ കാർമ്മികന്റെ കാപ്പയും ബലിപീഠത്തിന്റെ വലതുവശവും മുത്തണം.

9. മദ്ധ്യസ്ഥപ്രാർത്ഥനകൾക്ക് ശേഷം ഇടതുവശത്തുള്ള ശുശ്രൂഷകൻ കാർമ്മികന്റെ കാപ്പയും ബലിപീഠത്തിന്റെ ഇടതുവശവും മുത്തണം.

10. പ്രധാന ശുശ്രൂഷകൻ ആദ്യം ബലിപീഠത്തിന്റെ വലതുവശവും പിന്നീട് കാപ്പയും, തുടർന്ന് ബലിപീഠത്തിന്റെ ഇടതുവശവും മുത്തിയശേഷം ശോശപ്പാ മടക്കിവയ്ക്കണം.

### 5. ഖണ്ഡന ശുശ്രൂഷ (അപ്പ് മുറിക്കുന്ന ശുശ്രൂഷ)

പുരോഹിതന്റെ രണ്ടാമത്തെ ആശീൽവാദത്തിനു ("മഹോന്നത ദൈവവും നമ്മുടെ...") ശേഷം തിരശീല ഇടുമ്പോൾ "അൻപുടയോനേ..." എന്ന ഗീതം പാടുന്നു. തിരശീല ഇടുമ്പോൾ മദ്ബഹായിൽ നടക്കുന്ന രഹസ്യശുശ്രൂഷ മിശിഹാതമ്പുരാന്റെ മരണം, വിലാവിൽനിന്ന് രക്തവും വെള്ളവും പുറപ്പെടുന്നത്, കബറടക്കം, എന്നീ മഹാരഹസ്യങ്ങളെ സൂചിപ്പിക്കുന്നു. ബലി അർപ്പണത്തിലൂടെ ദൈവത്തെ പിതാവേ എന്നു വിളിക്കുവാനുള്ള അവകാശം മിശിഹാ നേടിത്തന്നു. ഈ ആത്മധൈര്യത്തിൽ "സ്വർഗസ്ഥനായ പിതാവേ..." എന്ന പ്രാർത്ഥന തുടർന്നു ചൊല്ലുന്നു.

1. മേല്പട്ടക്കാരനാണ് ബലിയർപ്പിക്കുന്നതെങ്കിൽ "അൻപുടയോനെ..." എന്ന ഗീതത്തിനുമുമ്പുള്ള ആശീർവാദസമയത്ത് മേൽപട്ടക്കാരന് അംശവടി നൽകുക.

www.malankaralibrary.com


2. ആശീർവാദം കഴിയുമ്പോൾ തിരശ്ശീല ഇടുന്നു. "അൻപുടയോനെ നിൻവാതിൽ..." എന്ന ഗീതം ഈ സമയത്ത് ആലപിക്കുക. ഇതിനു പകരം പാടാവുന്ന ഗീതങ്ങൾ കാലങ്ങളനുസരിച്ച് വിശുദ്ധ കുർബാന പുസ്തകത്തിന്റെ അനുബന്ധം നോക്കി തിരഞ്ഞെടുക്കുക. (ഉദാ: സ്രാപ്പികളെ കണ്ടേശായ്യ...)

3. രഹസ്യ ശുശ്രൂഷ സമാപിക്കുമ്പോൾ തിരശ്ശീല നീക്കം ചെയ്യുന്നു. "ബാറെക്മോർ കർത്താവിനോട് നാം പ്രാർത്ഥിക്കണം" എന്ന പ്രസ്താവന ഒരു ശുശ്രൂഷകൻ ഈ സമയം നടത്തുന്നു.

4. കർത്തൃപ്രാർത്ഥന കഴിഞ്ഞു വരുന്ന ആശീർവാദ പ്രാർത്ഥനയുടെ സമയത്ത് മേൽപട്ടക്കാരന് അംശവടി നൽകുക. ആശീർവാദം കഴിയുമ്പോൾ അംശവടി തിരികെ വാങ്ങുക.

5. മൂന്നാമത്തെ റൂശ്മായ്ക്കുശേഷം ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുവിച്ച ശേഷം മദ്ബഹായുടെ വടക്കുവശത്തുനിന്ന് ധൂപം വീശണം.

6. "ബാറെക്മോർ അർപ്പിക്കപ്പെട്ട വിശുദ്ധ രഹസ്യങ്ങളെ..." എന്ന പ്രസ്താവന ഒരു ശുശ്രൂഷകൻ നടത്തുന്നു.

ഇവിടെ യാഗാർപ്പണം അവസാനിക്കുകയും വിശുദ്ധ കുർബാനയുടെ നാലാം ഭാഗമായ യാഗവിരുന്ന് ആരംഭിക്കുകയും ചെയ്യുന്നു.

## IV യാഗവിരുന്ന്

കുക്കിലിയോന് മുമ്പ് കാസയും പീലാസയും ഉയർത്തുന്നത് മിശിഹാതമ്പുരാന്റെ സ്വർഗാരോഹണത്തെ അനുസ്മരിപ്പിക്കുന്നു. ഈ സമയത്ത് രണ്ട് ശുശ്രൂഷകർ കത്തിച്ചതിരി ഇരുവശങ്ങളിലുമായി പിടിക്കുകയും, മർബഹാസയും മണിയും കിലുക്കുകയും ചെയ്യുന്നു. സ്വർഗാരോഹണസമയം കാണപ്പെട്ട മാലാഖമാരുടെ സാന്നിധ്യം ഇത് സൂചിപ്പിക്കുന്നു. മണിയും മർബഹാസയും കിലുക്കേണ്ട സമയം താഴെ കൊടുക്കുന്നു.

1. വിശുദ്ധമായവ വിശുദ്ധിയും വെടിപ്പുമുള്ള...
2. ഒന്നായിരിക്കുന്ന പിതാവും പുത്രനും...
3. പിന്നീട് വരുന്ന മൂന്ന് പ്രാർത്ഥനകൾക്കുമൊടുവിൽ ദൈവജനം "ആമ്മീൻ" എന്ന് പ്രത്യുത്തരിക്കുമ്പോൾ.

www.malankaralibrary.com


### 1. കുക്കിലിയോൻ

"നാം ദൈവസുതന്മാരാവാൻ" എന്ന പ്രാർത്ഥനയോടെയോ ഗീതത്തോടെയോ കുക്കിലിയോൻ ആരംഭിക്കുന്നു. പ്രധാനമായും മാതാവിനോട്, പരിശുദ്ധന്മാരോട്, ആചാര്യന്മാർക്ക് വേണ്ടി, പരേതരായ വിശ്വാസികൾക്കുവേണ്ടി, സ്ലീബായുടെ പുകഴ്ച എന്നിങ്ങനെ 5 കുക്കിലിയോനുകൾ ഉണ്ട്. ഇവയ്ക്ക് പുറമേ, കുക്കിലിയോനുപകരം ചൊല്ലാവുന്ന ഗീതങ്ങൾ, "ഭക്ത്യാ ചൊല്ലാം നാമൊന്നായി...", "മിശിഹാരാജോത്ഥാനത്താൽ..." (വി. കുർബാനക്രമത്തിന്റെ അനുബന്ധം നോക്കുക) സാധാരണ ദിവസങ്ങളിൽ ചൊല്ലാവുന്നതാണ്.

1. പ്രധാന ശുശ്രൂഷകൻ ഓരോ കുക്കിലിയോന്റെയും ആരംഭത്തിൽ ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുവിക്കുകയും പ്രുമിയോൻ സെദറായ്ക്കു വീശിയപോലെ ബലിപീഠം ചുറ്റിവീശുകയും ചെയ്യുന്നു.
2. മേല്പ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ കുക്കിലിയോന് മുമ്പ് ഇടതുവശത്തു നിന്ന് അംശവടി നൽകുക.
3. കുക്കിലിയോന്റെ ഒടുവിൽ കാർമ്മികൻ ജനങ്ങൾക്ക് നേരെ തിരിഞ്ഞ് വണങ്ങിയശേഷം ബലിപീഠത്തിലേക്ക് തിരുയുമ്പോൾ തിരശീല ഇടുന്നു.
4. വിശുദ്ധ കുർബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുമ്പോൾ പിടിക്കുവാനായി തിരി കത്തിക്കുകയും മണിയും മർബഹാസയും എടുക്കുകയും വേണം.
5. "നാം ശബ്ദമുയർത്തിപ്പറയണം" എന്ന നിർദ്ദേശം കുക്കിലിയോൻ സമാപിക്കുമ്പോൾ നൽകുകയും തിലശ്ശീല നീക്കുകയും ചെയ്യണം.
6. പ്രധാന ശുശ്രൂഷകൻ ഈ സമയം ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുവിച്ച ശേഷം മദ്ബഹായുടെ പടികളുടെ ഭാഗത്ത് വടക്കുവശത്തായി നിൽക്കുക.

### 2. വിശുദ്ധ കുർബാനയുടെ പടിഞ്ഞാറോട്ടുള്ള എഴുന്നള്ളിപ്പ്

വി. കുർബാന പടിഞ്ഞാറോട്ടെഴുന്നള്ളിക്കുന്നത്, ലോകത്തെ വിധിക്കുവാനും സഭയെ ചേർത്തുകൊള്ളുവാനും മിശിഹാതമ്പുരാൻ രണ്ടാമത് ആഗതനാകുന്നതിനെ സൂചിപ്പിക്കുന്നു.

1. വിശുദ്ധ കുർബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുമ്പോൾ രണ്ട് ശുശ്രൂഷകർ മുഖാഭിമുഖം വരത്തക്കവിധത്തിൽ ഇടതുവശത്തും വലതുവശത്തും നിന്ന് തിരി പിടിക്കുന്നു.

www.malankaralibrary.com


2. വിശുദ്ധ കുർബാനയുമായി പടിഞ്ഞാറോട്ട് തിരിഞ്ഞ് കാർമ്മികൻ പ്രാർത്ഥന ചൊല്ലുന്ന സമയം മുഴുവൻ ശുശ്രൂഷകർ വൈദികന്റെ ഇരുവശങ്ങളിലും നിന്ന് മണിയും മർബഹാസയും കിലുക്കണം.

3. പ്രാർത്ഥന തീരുമ്പോൾ, “നാഥാ കൃപ ചെയ്യണമലിവാൽ...” എന്ന ഗീതം ആലപിക്കുകയോ അതിനു പകരം “ഞങ്ങളുടെ കർത്താവേ ഞങ്ങളോട്...” എന്ന പ്രാർത്ഥന ചൊല്ലുകയോ ചെയ്യുക.

**3. വിശുദ്ധ കുർബാന സ്വീകരണം**

1. ശുശ്രൂഷകർ മദ്ബഹായിൽ നിന്നുതന്നെ വിശുദ്ധ കുർബാന സ്വീകരിക്കുക.

2. വൈദികൻ വിശ്വാസികളക്ക് കുർബാന കൊടുക്കുമ്പോൾ ഇരുവശങ്ങളിലും തിരികൾ പിടിക്കുക.

3. വിശുദ്ധ കുർബാന തറയിൽ വീഴാതിരിക്കാൻ കമ്മ്യൂണിയൻ പ്ലേറ്റ് (താലം പോലെയുള്ള പാത്രം) പിടിക്കണം. വൈദികന്റെ വലതു വശത്ത് ഒരു പടി താഴെനിന്ന് കാസയ്ക്കും പീലാസായ്ക്കും താഴെയായി വിസ്വാസികളുടെ കഴുത്തിന് അടുത്തായി, കുർബാന താഴെപോകാതിരിക്കത്തക്കവിധം ആണ് ഈ പാത്രം പിടിക്കേണ്ടത്.

4. വിശുദ്ധ കുർബാന കൊടുക്കാൻ സഹായകമാകത്തക്ക വിധത്തിൽ കാർമ്മികന്റെ വലതുകൈയുടെ ഭാഗത്തെ കാപ്പ ഉയർത്തിപ്പിടിച്ച് കൊടുക്കുന്നത് നന്നായിരിക്കും.

5. വിശ്വാസസമൂഹം വിശുദ്ധ കുർബാന സ്വീകരിച്ച് കഴിയുമ്പോൾ “അത്യുന്നതങ്ങളിൽ ദൈവത്തിനു...” എന്ന പ്രാർത്ഥനയോ “സ്തുതി ദൈവത്തിനുയരത്തിൽ...” എന്ന ഗാനമോ ചൊല്ലണം.

ഇതിനുശേഷം വിശുദ്ധ കുർബാന വീണ്ടും പടിഞ്ഞാറോട്ടെഴുന്ന ള്ളിക്കുമ്പോൾ ആദ്യത്തെ പ്രാവശ്യത്തെപ്പോലെ തന്നെ നിൽക്കുവാനും മണിയും മർബഹാസയും കിലുക്കുവാനും ശുശ്രൂഷകർ ശ്രദ്ധിക്കണം. പ്രാർത്ഥനയ്ക്കൊടുവിൽ “ഭൂലോകം നിന്നെ കുമ്പിട്ടു...” എന്ന പ്രാർത്ഥന ചൊല്ലുകയോ, “ഭൂവാകെ നമിക്കും നിന്നെ...” എന്ന ഗാനം ആലപിക്കു കയോ വേണം.

1. ഈ ഗാനം തീരുമ്പോൾ പ്രധാന ശുശ്രൂഷകൻ മദ്ബഹായുടെ നടുവിൽ വണങ്ങി ബലിപീഠത്തിന്റെ തെക്കുവശത്തുമുത്തി ധൂപക്കുറ്റി ചമയമുറിയിൽ (സാക്രിസ്റ്റി) തിരികെ കൊണ്ടുവയ്ക്കുക.

www.malankaralibrary.com


2. പുരോഹിതന്റെ സമാധാനാശംസയ്ക്ക് ശേഷം (നിങ്ങൾക്കെല്ലാവർക്കും...) കരുണയുള്ള കർത്താവിന്റെ മുമ്പാകെ... എന്ന അറിയിപ്പ് ഒരാൾ നടത്തുന്നു.
3. തുടർന്നുള്ള പ്രാർത്ഥനകളുടെ സമയത്ത് മറ്റ് ശുശ്രൂഷകരെല്ലാം അവരവരുടെ സ്ഥാനങ്ങളിൽ തന്നെ ആയിരിക്കുക. സമാപന ആശീർവാദം കഴിഞ്ഞ് തിരശീല ഇടുന്നതുവരെ എല്ലാവരും ഇതുപോലെ തന്നെ നിൽക്കുക.
4. മേൽപ്പട്ടക്കാരനാണ് വിശുദ്ധ കുർബാനയർപ്പിക്കുന്നതെങ്കിൽ സമാപന ആശീർവാദത്തിന്റെ സമയത്ത് അംശവടി നൽകുക. ആശീർവാദത്തിനുശേഷം തിരികെ വാങ്ങുകയും ചെയ്യുക.
5. വൈദികന്റെ ഹുത്തോമ്മയ്ക്കുശേഷം "കാഴ്ചയിതിൽ കർത്താവേ..." എന്ന ഗാനം ആലപിക്കുക (കാലങ്ങൾക്കനുസരിച്ചോ, വൈദികൻ ചൊല്ലുന്ന ഹുത്തോമ്മയ്ക്കനുസൃതമോ ആയ ഹുത്തോമ്മാകൾ തിരഞ്ഞെടുക്കുക).

**4. വിശുദ്ധ കുർബാനയ്ക്കുശേഷം**

വിശുദ്ധ കുർബാനയ്ക്കുശേഷം വൈദികൻ കുർബാനയുടെ സമാപനകർമ്മങ്ങൾ നടത്തിക്കഴിയുമ്പോൾ കൈ കഴുകുവാൻ വെള്ളവും തുടയ്ക്കുവാൻ തുണിയും കൊടുക്കുക. വൈദികൻ സമാപനശുശ്രൂഷ നടത്തുന്ന സമയത്ത് ശുശ്രൂഷകർ മദ്ബഹായിൽ മുട്ടിൻമേൽ നിന്ന് നന്ദിപ്രകരണം നടത്തണം. തുടർന്ന് കൈമുത്തിനായി മറ നീക്കുക. കൈമുത്തിനുശേഷം മറ ഇടുക. അതിനുശേഷം ശുശ്രൂഷകരും കാർമ്മികനും വിശുദ്ധ കുർബാനയ്ക്ക് വന്നതുപോലെതന്നെ പ്രദക്ഷിണമായി വലതുവശത്തുകൂടി സാക്രിസ്റ്റിയിലേക്ക് പോകുക. കാർമ്മികനെ അംശവസ്ത്രങ്ങൾ മാറ്റുവാൻ ശുശ്രൂഷകൻ സഹായിക്കണം. കുർബാന അർപ്പിച്ച പുരോഹിതനോട്, "ഈശോമിശിഹായ്ക്ക് സ്തുതി" എന്ന് പറയുക. തിരി അണയ്ക്കാനും, വിശുദ്ധ കുർബാനയ്ക്ക് ഉപയോഗിച്ച അംശവസ്ത്രങ്ങളും വിശുദ്ധ കുർബാനയ്ക്ക് ഉപയോഗിച്ച വസ്തുക്കളും വൃത്തിയായും വെടിപ്പായും അതാതു സ്ഥാനങ്ങളിൽ തിരികെ സൂക്ഷിക്കുവാനും പ്രത്യേകം ശ്രദ്ധിക്കണം.

മദ്ബഹാശുശ്രൂഷകർ അവരവരുടെ ശുശ്രൂഷകുപ്പായങ്ങൾ വൃത്തിയായി സൂക്ഷിക്കുവാനുള്ള ക്രമീകരണം ചെയ്യേണ്ടതാണ്. ഇവയ്ക്കെല്ലാംശേഷം ഓരോരുത്തരായി ബലിപീഠത്തിന്റെ കോണുകൾ മുത്തിയശേഷം മദ്ബഹായുടെ വടക്കുഭാഗത്തുകൂടി പുറത്തേക്ക് പോവുക.

www.malankaralibrary.com



## പൊതു നിർദ്ദേശങ്ങൾ

1. ധൂപക്കുറ്റി വീശുമ്പോൾ ശുശ്രൂഷകർ ഇടതു കൈ നെഞ്ചത്ത് വച്ചിരിക്കണം.
2. വൈദികന്റെ കരങ്ങളിൽനിന്ന് ധൂപകലശം എപ്പോൾ വാങ്ങിയാലും കരം ചുംബിച്ചതിനുശേഷം മാത്രം വാങ്ങുക.
3. ഏതു ശുശ്രൂഷയുടെ അവസരത്തിലായാലും വി. ഏവൻഗേലിയോൻ വായിക്കുമ്പോൾ രണ്ടു ശുശ്രൂഷകർ ഇരുവശങ്ങളിലായി കത്തിച്ച മെഴുകുതിരികൾ പിടിക്കേണ്ടതാണ്.
4. വി. മദ്ബഹായുടെ ഒരു വശത്തുനിന്ന് മറുവശത്തേയ്ക്ക് എപ്പോൾ പോയാലും മദ്ധ്യഭാഗത്തെത്തുമ്പോൾ ബലിപീഠത്തിനുനേർക്കു തിരിഞ്ഞ് തലവണങ്ങി കുരിശുവരച്ചിട്ടുമാത്രമേ പോകാവൂ.

www.malankaralibrary.com


# അദ്ധ്യായം 8

## കത്തോലിക്കാസഭയും വ്യക്തിസഭകളും

കത്തോലിക്കാസഭ പാശ്ചാത്യ-പൗരസ്ത്യ സഭകളുടെ കൂട്ടായ്മ യാണ്. 'കാതോലികം' എന്ന വാക്കിന്റെ അർത്ഥം 'സർവവ്യാപകം' എന്നാണ്. രണ്ടാം നൂറ്റാണ്ട് മുതലാണ് സഭ 'കാതോലികം' എന്നറിയപ്പെ ടാൻ തുടങ്ങിയത്. 'കാതോലികം' എന്ന വാക്ക് നിഷ്കർഷിക്കുന്നതു പോലെ സഭ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിച്ച് കിടക്കുന്നു. ഭാഷയുടേയും ആരാധനാരീതികളുടേയും കാര്യത്തിൽ സഭയിൽ വ്യത്യസ്തമുണ്ടെങ്കിലും അടിസ്ഥാന വിശ്വാസസത്യങ്ങളിലുള്ള ഏകത്വം കത്തോലിക്കാസഭയെ മറ്റു സഭകളിൽനിന്ന് വ്യത്യാസപ്പെടുത്തുന്നു.

ആഗോള കത്തോലിക്കാസഭയിൽ 24 ആരാധനാ ക്രമരീതികൾ ഉണ്ട്. ലത്തീൻ സഭയും, 23 പൗരസ്ത്യ സഭകളുമാണ് അത്. അംബ്രോസി യൻ (മിലാൻ) ഗാള്ളിക്കൻ (ലിയോൺസ്) മൊസാറബിക് (സ്പെയിൻ) എന്നിവ ലത്തീൻ ആരാധനാക്രമം പിൻതുടരുന്നു. അന്ത്യോക്യൻ, അല ക്സാണ്ട്രിയൻ, കാൽഡിയൻ, ബൈസന്റൈൻ, അർമേനിയൻ എന്നീ അഞ്ച് ആരാധനാക്രമ കുടുംബത്തിൽപ്പെട്ട 23 റീത്തുകൾ പൗരസ്ത്യസഭയിലുണ്ട്. 23 റീത്തുകളിൽ ആറെണ്ണം പാത്രിയാർക്കൽ സഭകളാണ്; അവ ചുവടെ കൊടുത്തിരിക്കുന്നു.

1. അർമേനിയൻ
2. കാൽഡിയൻ
3. കോപ്റ്റിക്
4. മാറോനൈറ്റ്
5. സിറിയൻ
6. മെൽക്കൈറ്റ്

നാല് എണ്ണം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭകളാണ് അവ

1. ഉക്രേനിയൻ
2. സീറോ-മലബാർ
3. സീറോ മലങ്കര
4. റൂമേനിയൻ

www.malankaralibrary.com



പൗരസ്ത്യസഭകളുടെ ക്രമം ചുവടെ കൊടുത്തിരിക്കുന്നു

**അലക്സാന്ത്രിയൻ**

1. കോപ്റ്റിക് കാത്തലിക് ചർച്ച്
2. എത്യോപ്യൻ കാത്തലിക് ചർച്ച്
3. എറിത്രിയൻ കാത്തലിക് ചർച്ച്

**അന്ത്യോക്യൻ**

1. മാറോനൈറ്റ് കാത്തലിക് ചർച്ച്
2. സിറിയൻ കാത്തലിക് ചർച്ച്
3. സീറോ-മലങ്കര കാത്തലിക് ചർച്ച്

**അർമേനിയൻ**

1. അർമേനിയൻ കാത്തലിക് ചർച്ച്

**കാൽഡിയൻ ചർച്ച്**

1. കാൽഡിയൻ കാത്തലിക് ചർച്ച്
2. സീറോ-മലബാർ ചർച്ച്

**ബൈസന്റൈൻ**

1. അൽബേനിയൻ കാത്തലിക് ചർച്ച്
2. ബലേറഷ്യൻ കാത്തലിക് ചർച്ച്
3. ബൾഗേറിയൻ കാത്തലിക് ചർച്ച്
4. ക്രിസേവിചി
5. ഹംഗേറിയൻ കാത്തലിക് ചർച്ച്
6. ഗ്രീക്ക് ബൈസന്റൈൻ കാത്തലിക് ചർച്ച്
7. ഇറ്റാലോ അൽബേനിയൻ കാത്തലിക് ചർച്ച്
8. മാസിഡോണിയൻ കാത്തലിക് ചർച്ച്
9. മെൽക്കൈറ്റ് കാത്തലിക് ചർച്ച്
10. റൂമേനിയൻ കാത്തലിക് ചർച്ച്
11. റഷ്യൻ കാത്തലിക് ചർച്ച്
12. റൂത്തേനിയൻ കാത്തലിക് ചർച്ച്
13. സ്ലോവാക് കാത്തലിക് ചർച്ച്
14. ഉക്രേനിയൻ കാത്തലിക് ചർച്ച്

**ഹയരാർക്കിയും ആരാധനയിലെ പൊതു അനുസ്മരണവും**

ഒരു സമൂഹത്തിലോ സംഘടനയിലോ ഉള്ള വ്യക്തികളെ അവ

www.malankaralibrary.com


രുടെ സ്ഥാനമനുസരിച്ച് മുകളിൽനിന്നും താഴേക്ക് ക്രമപ്പെടുത്തുന്നതാണ് ഹയരാർക്കി. ഉദാഹരണത്തിന് സഭ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു സമൂഹമാണ്. സഭയിൽ ഒരു ഹയരാർക്കി നിലനിൽക്കുന്നു. മാർപാപ്പ, മെത്രാൻമാർ, പുരോഹിതർ, ശെമ്മാശന്മാർ, വിശ്വാസീസമൂഹം- ഇതാണ് കത്തോലിക്കാ സഭയിലെ ഹയരാർക്കി. കത്തോലിക്കാസഭയിലെ ഔദ്യോഗിക പ്രാർത്ഥനകളിലും, വിശുദ്ധ കുർബാനയിലും സഭയുടെ ഹയരാർക്കി അനുസ്മരിക്കപ്പെടുന്നു. വിശുദ്ധ കുർബാനയിൽ റൂഹാക്ഷണ പ്രാർത്ഥനയ്ക്ക് ശേഷം വരുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയിലാണ് അനുസ്മരിക്കുന്നത് മദ്ധ്യസ്ഥ പ്രാർത്ഥനയിലെ, “ബാറെക്മോർ, നാലുഭാഗങ്ങളിലുള്ള ദൈവത്തിന്റെ സഭകളെ മേയിച്ച് ഭരിക്കുന്ന...” എന്നു തുടങ്ങുന്ന ഒന്നാമത്തെ പ്രാർത്ഥനയിലാണ് സഭാപിതാക്കന്മാരെ ക്രമമനുസരിച്ച് പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കുന്നത്. കത്തോലിക്കാസഭയുടെ മുഴുവൻ തലവനായ പരിശുദ്ധ മാർപാപ്പയെ ആണ് ആദ്യം അനുസ്മരിക്കുന്നത്. തുടർന്ന് വ്യക്തിസഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസിന്റെ പേര് അനുസ്മരിക്കുന്നു.

അതിഭദ്രാസനത്തിലാണ് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നതെങ്കിൽ മേജർ ആർച്ചുബിഷപ്പിന് ശേഷം ആർച്ചുബിഷപ്പിന്റെ പേര് അനുസ്മരിക്കുന്നു. ആർച്ചുബിഷപ്പിനുശേഷം അതിഭദ്രാസനത്തിൽ സഹായമെത്രാൻ ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് അനുസ്മരിക്കുന്നു. അതത് ഭദ്രാസനങ്ങളിൽ വി. കുർബാന അർപ്പിക്കപ്പെടുമ്പോൾ മേജർ ആർച്ചുബിഷപ്പിനുശേഷം മെത്രാപ്പോലീത്തൻ പ്രവിശ്യയുടെ ആർച്ചുബിഷപ്പിന്റെ പേരും തുടർന്ന് ഭദ്രാസന മെത്രപ്പോലീത്തായുടെ പേരും അനുസ്മരിക്കുന്നു. വേറൊരു ഭദ്രാസനത്തിലെ മെത്രാപ്പോലീത്താ വിശുദ്ധകുർബാന അർപ്പിക്കുകയാണെങ്കിൽ മേജർ ആർച്ചുബിഷപ്പിനു ശേഷം അവിടുത്തെ മെത്രാപ്പോലീത്തായുടെയും തുടർന്ന് വിശുദ്ധ കുർബാന അർപ്പിക്കുന്ന മെത്രാപ്പോലീത്തായുടെയും നാമം അനുസ്മരിക്കുന്നു. വിശുദ്ധ കുർബാനയിൽ എല്ലാ മെത്രാന്മാരും സന്നിഹിരാണെങ്കിൽ പരിശുദ്ധ മാർപാപ്പയേയും മേജർ ആർച്ചുബിഷപ്പിനെയും അനുസ്മരിച്ചതിനു ശേഷം സീനിയോറിട്ടി അനിസരിച്ച് എല്ലാ മെത്രാന്മാരെയും അനുസ്മരിക്കുന്നു. ഭദ്രാസന അദ്ധ്യക്ഷന്മാരല്ലാത്ത മെത്രാന്മാരുടെ പേരുകൾ അവസാനമാണ് അനുസ്മരിക്കുന്നത്.

പിതാക്കന്മാരെ അനുസ്മരിച്ച് പ്രാർത്ഥിച്ചതിനുശേഷം വൈദികരെയും ശെമ്മാശൻമാരെയും ദയറാക്കാരെയും ക്രിസ്തീയസഭ മുഴുവനെയും പൊതുവായി അനുസ്മരിക്കുന്നു.

www.malankaralibrary.com


# അദ്ധ്യായം 9

## മദ്ബഹാശുശ്രൂഷയിൽനിന്നും ഔന്നത്യങ്ങളിലേക്ക്....

ആഗോള കത്തോലിക്കാ സഭയിൽ ഏതൊരു വിശുദ്ധന്റെയോ, വിശുദ്ധയുടെയോ, മറ്റ് മഹാവ്യക്തികളുടെയോ ജീവിതം പരിശോധിച്ചാൽ അവരുടെ ജീവിതത്തിനടിസ്ഥാനം ദൈവാലയത്തോടും, അതിന്റെ ശുശ്രൂഷയോടുമുള്ള അവരുടെ താൽപര്യവും, അടുപ്പവുമാണെന്ന് ആർക്കും വ്യക്തമാകും. ചെറുപ്രായത്തിൽ ബലിപീഠത്തോടുള്ള ഒരു വ്യക്തിയുടെ താൽപര്യം, ആ വ്യക്തിയെ മാനസികമായി അതിനോട് വളരെയധികം ചേർത്തുനിർത്തുമെന്നത് സ്വാഭാവികം തന്നെ.

മദ്ബഹാശുശ്രൂഷയിലൂടെ ജീവിതവിശുദ്ധിയുടെ ശ്രേഷ്ഠതയിൽ എത്തിച്ചേർന്ന ചില വിശുദ്ധരുടെയും, മഹാവ്യക്തികളുടെയും ജീവിതം നമുക്കൊന്ന് പരിശോധിക്കാം.

### 1. വി. ജോൺ ബെർക്കുമൻസ്

അൾത്താരബാലന്മാരുടെ മദ്ധ്യസ്ഥനായി അറിയപ്പെടുന്നത് വി. ജോൺ ബെർക്കുമൻസ് ആണ്. വിശുദ്ധന്റെ ജീവിതത്തെ മദ്ബഹാ ശുശ്രൂഷകർ അടുത്തറിയുന്നത് നല്ലതുതന്നെ. 1599 മാർച്ച് 13-ാം തീയതി ലുവെയിന് അടുത്തുള്ള 'ഡീസ്റ്റ്' എന്ന ചെറിയ പട്ടണത്തിൽ അദ്ദേഹം ജനിച്ചു. വി. കുർബാനയോടും, പരി. ദൈവമാതാവിനോടും ജോണിന് നല്ല ഭക്തിയുണ്ടായിരുന്നു. 1615-ൽ ഈശോസഭക്കാരുടെ കോളേജിൽ പ്രഥമവിദ്യാർത്ഥിയായി ബെർക്കുമൻസ് ചേർന്നു. അതോടെ അദ്ദേഹം ഈശോ സഭയിൽ ചേരാൻ തീരുമാനിച്ചു. 1919 സെപ്റ്റംബർ 24-ാം തീയതി ജോൺ, ഈശോ സഭ നോവിഷ്യറ്റിൽ ചേർന്നു. അതേവർഷം ഡിസംബർ ഒന്നാം തീയതി അദ്ദേഹത്തിന്റെ അമ്മ മരണമടഞ്ഞു. ജോൺ തത്വശാസ്ത്രം പഠിച്ചത് റോമിലാണ്. അവിടെവച്ച് അദ്ദേഹം ഒരു ദിവസം രണ്ടും, മൂന്നും കുർബാനയ്ക്ക് സഹായിക്കുമായിരുന്നു. വി. കുർബാനയെ അദ്ദേഹം ആഴമായി സ്നേഹിച്ചു. വി. കുർബാനയുടെ ശുശ്രൂഷകനാകാൻ അത്യധികം

www.malankaralibrary.com


ആഗ്രഹിച്ചു. അതിനായി ലഭിച്ച അവസരങ്ങളൊന്നും നഷ്ടപ്പെടുത്തിയിട്ടുമില്ല. കൂദാശകളുടെ ശുശ്രൂഷകനാകാൻ ആ ഹൃദയം ആഗ്രഹിച്ചു.

1621, ആഗസ്റ്റ് 5-ന് ഒരു താത്വികവാദപ്രതിവാദത്തിനുശേഷം വിശുദ്ധന് കലശ്ശലായ ജ്വരം ബാധിച്ചു. ജപമാലയും, കുരിശുരൂപവും, നിയമപുസ്തകവും കൈയ്യിൽ പിടിച്ചുകൊണ്ട് വിശുദ്ധൻ പറഞ്ഞു. ഇവയാണ് എന്റെ മൂന്നു നിധികൾ. ഇവ കയ്യിൽ പിടിച്ചുമരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പിറ്റേന്ന് വെള്ളിയാഴ്ച. അദ്ദേഹം തന്റെ സ്വർഗീയ പിതാവിന്റെ നിത്യമായ വിരുന്ന് ആസ്വദിക്കുവാൻ സ്വർഗത്തിലേക്ക് വിളിക്കപ്പെട്ടു. വി. ജോൺ ബെർക്കുമൻസിന് 22-ാം വയസിൽ പുണ്യപട്ടം നൽകിയത് വി. കുർബാനയോടുള്ള താൽപര്യവും മാതൃഭക്തിയുമാണ്. വിശുദ്ധന്റെ ജീവിതം മദ്ബഹാശുശ്രൂഷകർക്ക് നിശ്ചയമായും വലിയ ഒരു മാതൃകയും, ആവേശവുമാണ്.

**2. വി. അലോഷ്യസ് ഗോൺസാഗ**

"ഞാൻ വളഞ്ഞ ഒരു ഇരുമ്പുവടിയാണ്. ആശാനിഗ്രഹവും, പ്രാർത്ഥനയുമാകുന്ന ചുറ്റികവഴി എന്നെ നേരെയാക്കുന്നതിനാണ് ഞാൻ സന്യാസം ആശ്ലേഷിച്ചത്". സമർപ്പണ ജീവിതത്തിന്റെ വിശുദ്ധി എടുത്തുകാണിക്കുന്ന വി. അലോഷ്യസ് ഗോൺസാഗയുടെ വാക്കുകളാണിവ. വിശുദ്ധന്റെ ജീവിതം ഏതൊരു മദ്ബഹാ ശുശ്രൂഷകനും അനുകരണാർഹമാണ്. കാസ്റ്റിഗ്ളിയോൺ പ്രഭുവായ ഫെർഡിനാന്റ് ഗോൺസാഗയുടെ മകനായി 1568-ൽ ജനിച്ച അലോഷ്യസ് 7-ാം വയസ്സിൽ തന്നെ ദൈവികകാര്യങ്ങളിൽ അസാമാന്യ ശ്രദ്ധയും, താത്പര്യവും പ്രകടിപ്പിച്ചിരുന്നു. പരി. ദൈവമാതാവിന്റെ ഒപ്പീസും, സങ്കീർത്തനങ്ങളും ചൊല്ലുന്നതിൽ അലോഷ്യസ് ഒരു തവണ പോലും വീഴ്ച വരുത്തിയിട്ടില്ല. വി. കൂദാശകളുടെ സ്വീകരണത്തിലും, ശുശ്രൂഷയിലും അദ്ദേഹം വളരെയധികം താൽപര്യം പ്രകടിപ്പിച്ചിരുന്നു.

വിശുദ്ധിയാർന്ന ഈ താരകം 23 വർഷമേ ഈ ലോകത്തിൽ പ്രശോഭിച്ചുള്ളൂവെങ്കിലും ദൈവാലയത്തോടും, അതിലെ ശുശ്രൂഷയോടും അദ്ദേഹത്തിന്റെ അടങ്ങാത്ത പ്രതിപത്തി അൾത്താരവണക്കത്തിൽ, വിശുദ്ധിയുടെ ഉന്നതശ്രേണിയിൽ, അദ്ദേഹത്തെ എത്തിച്ചു.

**3. വി. പാദ്രേ പിയോ**

ജ്യൂസേപ്പാ, ഗ്രാസിയാ ഫോർജിയോണേ ദമ്പതികളുടെ മകനായി ഫ്രാൻചെസ്കോ ഫോർജിയോണെ 1887 മെയ് 25-ാം തീയതി ഇറ്റലിയിലെ പിയത്തെറൽസിനാ എന്ന ചെറുഗ്രാമത്തിൽ ജനിച്ചു. സാമ്പത്തികമായി ഏറെ പരാധീനതകൾ നിറഞ്ഞ കുടുംബാന്തരീക്ഷമായിരുന്നെങ്കിലും

www.malankaralibrary.com


വിശ്വാസത്തിലും, കൂദാശാജീവിതത്തിലും അവർ വളരെ മുമ്പിലായിരുന്നു. ചെറുപ്രായത്തിൽത്തന്നെ ഫ്രാൻചെസ്കോ അനിതരസാധാരണമായ ദൈവഭക്തി പ്രകടിപ്പിച്ചിരുന്നു. എല്ലാ ദിവസവും വി. കുർബാന സ്വീകരിക്കാനും അതിൽ സഹായിക്കാനും ഈ ബാലൻ നിഷ്കർഷ പ്രകടിപ്പിച്ചു. പതിനഞ്ചാം വയസിൽ അദ്ദേഹം കപ്പൂച്ചിൻ സന്യാസ ആശ്രമത്തിൽ ചേർന്നു. 1910 ആഗസ്റ്റ് 10-ാം തീയതി അദ്ദേഹം ഒരു വൈദികനായി അഭിഷിക്തനായി.

പരിശുദ്ധ ബലിയോടും, ബലിപീഠത്തോടുമുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത മദ്ബഹാശുശ്രൂഷകർക്ക് നെഞ്ചോടു ചേർത്തു വയ്ക്കാൻ ഉദാത്തമായ മാതൃകയാണ്. "... ഒരു ദിവസം സൂര്യൻ ഉദിച്ചില്ലെങ്കിലും നമുക്ക് ജീവിക്കുവാൻ സാധിക്കും. എന്നാൽ, വി. കുർബാന സ്വീകരിക്കാത്ത ഒരു ദിവസം ചിന്തിക്കുവാൻ പോലും സാധിക്കില്ല..." വി. കുർബാനയെക്കുറിച്ചുള്ള വിശുദ്ധന്റെ സാക്ഷ്യം മദ്ബഹാശുശ്രൂഷകരുടെ കാതുകളിൽ നിരന്തരം മാറ്റൊലി കൊള്ളണം. ക്രിസ്തുനാഥന്റെ ജീവിക്കുന്ന തിരുമുറിവുകളുടെ സാക്ഷ്യവുമായി ഈ ലോകത്തിൽ വി. പാദ്രേ പിയോ സഹനാധിഷ്ഠിതമായ ജീവിതം നയിച്ചു. 1968 സെപ്തംബർ 23-ന് പഞ്ചക്ഷതങ്ങളോടെ അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.

**4. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ**

പത്രോസിന്റെ പിൻഗാമിയായി, നമ്മുടെ കർത്താവിന്റെ വികാരിയായി നീണ്ട 27 വർഷം തിരുസഭയെ നയിച്ച ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ജീവിതം ഉജ്വലമായ ഒരു മാതൃകയാണ്. 1920 മെയ് 18-ന് കരോൾ വോയ്റ്റിവായുടെയും, എമിലായുടെയും മൂന്നാമത്തെ കുട്ടിയായി പോളണ്ടിലെ 'ക്രാക്കോവ്' എന്ന ചെറിയ പട്ടണത്തിൽ ജനിച്ച കരോൾ ജോസഫ് വോയ്റ്റീവ, 1920 ജൂൺ 20-ന് മാമോദീസായും, 9-ാമത്തെ വയസിൽ ആദ്യകുർബാനയും, 18-ാമത്തെ വയസിൽ സ്ഥൈര്യലേപനവും സ്വീകരിച്ചു. അന്നന്നത്തെ അപ്പത്തിനുവേണ്ടി പാറമടയിലും, കെമിക്കൽ കമ്പനിയിലും ജോലിചെയ്ത വൊയ്റ്റീവ വി. കുർബാനയിൽ അഗാധമായ ഭക്തി പ്രകടിപ്പിച്ചിരുന്നു. നന്നേ ചെറുപ്പത്തിൽ തന്നെ മദ്ബഹാ ശുശ്രൂഷകനായി ദൈവസന്നിധിയിലേക്ക് കടന്നുവന്ന അദ്ദേഹം തന്റെ ജീവിതാവസാനം വരെ ബലിപീഠത്തോടുള്ള ശ്രേഷ്ഠമായ ബന്ധത്തിലായിരിക്കുന്നതിന് ദൈവം ഇടയാക്കി. പവിത്രമായ മദ്ബഹാശുശ്രൂഷയിൽനിന്ന് പത്രോസിന്റെ സിംഹാസനംവരെ ഉയർത്തപ്പെട്ട അദ്ദേഹം എന്നും യുവജനങ്ങളോട് അഗാധമായ സ്നേഹവും, ബന്ധവും പുലർത്തിയിരുന്നു. മദ്ബഹാശുശ്രൂഷയിൽ പങ്കുചേർന്ന്, ദൈവാഭിമുഖ്യമുള്ള ഒരു ജീവിതക്രമത്തിന് എന്നും അദ്ദേഹം യുവജനങ്ങളെ ആഹ്വാനം ചെയ്തു. തിരുസഭയുടെ 264-ാമത്തെ മാർപാപ്പയായ അദ്ദേഹത്തിന്റെ ജീവിതത്തിലെ

www.malankaralibrary.com


ദൈവീക ഇടപെടലുകളുടെ തുടക്കം മദ്ബഹാ ശുശ്രൂഷയിൽ നിന്നായിരുന്നു.

**5. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുനരൈക്യ പ്രണേതാവും, മലങ്കരയുടെ പുണ്യപിതാവുമായ ദൈവദാസൻ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത മദ്ബഹാശുശ്രൂഷകർക്ക് എന്നും ഒരു മാതൃകയും, ഉത്തമവഴികാട്ടിയും ആണ്.

മാവേലിക്കരയിൽ അതിപുരാതനമായ പണിക്കരുവീട്ടിൽ തോമ്മാ പണിക്കരുടെയും അന്നാമ്മയുടെയും മകനായി 1882 സെപ്റ്റംബർ 21-ാം തീയതി മാർ ഈവാനിയോസ് ഭൂജാതനായി. കൊച്ചുകീവറീച്ചൻ എന്ന ഓമനപ്പേരിലറിയപ്പെട്ടിരുന്ന അദ്ദേഹം ബാല്യകാലം മുതൽക്കേ ദൈവാശ്രയത്തിലും, ദൈവാലയശുശ്രൂഷയിലും, പ്രാർത്ഥനയിലും അതിയായ താൽപര്യം കാണിച്ചിരുന്നു. സ്വന്തം ഇടവകയായ പുതിയകാവു ദൈവാലയത്തിൽ രാവിലെയും വൈകിട്ടുമുള്ള നിത്യ സന്ദർശകനായിരുന്നു കൊച്ചുകീവറീച്ചൻ. ശ്രേഷ്ഠമായ അൾത്താരശുശ്രൂഷയിലൂടെ ലഭിച്ച പ്രാർത്ഥനാചൈതന്യവും, ദൈവാഭിമുഖ്യവും, ദൈവവിളിയും പുണ്യശ്ലോകനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസായി ഉയർന്നപ്പോഴും അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്നു. വി. കൂദാശകളിലും, വി. കുർബാനയിലും ഉള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത പഠനകാലത്ത് 'കൂദാശാ ശെമ്മാശൻ' എന്ന ഖ്യാതി അദ്ദേഹത്തിന് നല്കി. "വി. കുർബാന സകല വിശുദ്ധിയുടെയും ഉൽപത്തിയാകുന്നു. അത് ദിവ്യമായ ഔഷധമാകുന്നു. നിസാരകാര്യങ്ങളെപ്രതി വി. കുർബാനാനുഭവം നിങ്ങൾ മുടക്കരുത്". ഈ വാക്കുകൾ ആ പാവനചരിതന്റെ വി. കുർബാനയോടുള്ള തീക്ഷ്ണത വെളിവാക്കുന്നു.

**6. ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത**

മലങ്കരസഭയിൽ മാത്രമല്ല, ആഗോളസഭയിൽത്തന്നെ ഒരു സ്നേഹനക്ഷത്രമായി പ്രശോഭിച്ചിരുന്ന അതുല്യവ്യക്തിത്വത്തിനുടമായിരുന്നു മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ മെത്രാപ്പോലീത്തയായിരുന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി.

ആത്മീയതയുടെ പ്രകാശഗോപുരമായ അഭിവന്ദ്യ തിരുമേനി മദ്ബഹാ ശുശ്രൂഷകർക്ക് എന്നും മനസിൽ സൂക്ഷിക്കാവുന്ന ഉദാത്ത മാതൃകയാണ്. 1916 ഫെബ്രുവരി 1-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് തങ്ങളത്തിൽ ഇടിക്കുളയുടെയും ചിറത്തലയ്ക്കൽ അന്നമ്മയുടെയും മകനായി അദ്ദേഹം ജനിച്ചു. അതുല്യ തേജസുണ്ടായിരുന്ന ആ ശിശുവിനെ മാതാ

www.malankaralibrary.com


പിതാക്കൾ പരി. പരുമല തിരുമേനിക്ക് അടിമവെച്ചു. നന്നേ ചെറുപ്പ ത്തിൽ തന്നെ ദൈവാലയത്തോടും, ദൈവാലയ ശുശ്രൂഷയോടും അതി യായ അഭിമുഖ്യമുള്ളവനായി നാട്ടുകാരുടെ കുഞ്ഞുകുട്ടി വളർന്നു. കല്ലൂ പ്പാറ ദൈവാലയത്തിലും, കടമാൻകുളം ബഥനി ദൈവാലയത്തിലും മദ്ബ ഹാശുശ്രൂഷകനായി കുഞ്ഞുകുട്ടി തീക്ഷ്ണതയോടെ പ്രവർത്തിച്ചു. ഏക നായി മദ്ബഹായിൽ കമിഴ്ന്നു കിടന്ന് പ്രാർത്ഥിക്കുന്ന കുഞ്ഞു കുട്ടിയെപ്പറ്റി വികാരിയച്ചന്മാർ അഭിമാനത്തോടെ പറയുമായിരുന്നു. ദൈവ ത്തിന്റെ ആലയം ഏറ്റം വെടിപ്പായി സൂക്ഷിക്കുവാൻ ആ ബാലന്റെ ജാഗ്രത വളരെയായിരുന്നു. ബലിയർപ്പണം, വേദാധ്യയനം, ഭക്താനുഷ്ഠാനങ്ങൾ ഇവയിലെല്ലാം കുഞ്ഞുകുട്ടി സജീവസാന്നിധ്യമായിരുന്നു. ദൈവാലയ ശുശ്രൂഷകളിൽ കുഞ്ഞുകുട്ടി കാട്ടിയിരുന്ന ഭക്തിനിർഭരത മന്ദഭക്തരുടെ പോലും മനോനിലയെ ജ്വലിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. മദ്ബഹാ യിലെ ശുശ്രൂഷയിൽനിന്ന് ആർജിച്ചെടുത്ത ദൈവാനുഗ്രഹത്താലും, മഹ ത്വത്താലും വളർന്ന കുഞ്ഞുകുട്ടി പില്ക്കാലത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ രണ്ടാമത്തെ അമരക്കാരനായി. ആ പുണ്യപുരുഷന്റെ ദീപ്തമായ സ്മരണ ഓരോ മദ്ബഹാശുശ്രൂഷകനും ആവേശം പകരട്ടെ.

### 7. സിറിൽ ബസേലിയോസ് കാതോലിക്കാബാവാ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ത്രീതീയ ആർച്ചു ബിഷപ്പും, പ്രഥമ കാതോലിക്കാബാവായുമായിരുന്ന മോറാൻ മോർ സിറിൽ ബസേലിയോസ് ബാവായുടെ ജീവിതം മദ്ബഹാശുശ്രൂഷകർക്ക് എന്നും ഒളിമങ്ങാത്ത ഒരു മാതൃകയാണ്.

പത്തനംതിട്ടയിലെ ഉള്ളന്നൂരിൽ മലഞ്ചെരുവിൽ മത്തായി സാറി ന്റെയും ഏലിയാമ്മയുടെയും നാലാമത്തെ സന്താനമായി 1936 ആഗസ്റ്റ് 16 -നാണ് ജെയിംസ് ജനിച്ചത്. ചെറുപ്പകാലം മുതൽക്കേ പരി. അമ്മയോടും വി. കുർബാനയോടും വലിയ ഭക്തിയായിരുന്നു തിരുമേനിക്ക്. എല്ലാ ദിവ സവും വി. കുർബാനയിൽ സംബന്ധിക്കുന്നതിൽ അദ്ദേഹത്തിന് കടുത്ത നിഷ്ഠയായിരുന്നു. പള്ളിയിൽ ശുശ്രൂഷകളുള്ള ദിവസങ്ങളിൽ സിറിൽ സ്കൂളിൽ താമസിച്ചേ വരൂ എന്ന് അദ്ധ്യാപകർക്കറിയാമായിരുന്നു. സ്കൂൾ പരിസരങ്ങളെക്കാൾ ആ ബാലന് താത്പര്യം പള്ളി തന്നെയായിരുന്നു.

പിൽക്കാലത്ത് പരിശുദ്ധ സഭയിലെ ഉന്നത സ്ഥാനങ്ങൾ ഓരോ ന്നായി തേടിയെത്തിയപ്പോഴും അഭിവന്ദ്യ തിരുമേനിയിൽ വിളങ്ങി നിന്നി രുന്നത് ബാല്യം മുതലേ പരിശീലിച്ചിരുന്ന ദൈവഭക്തിയും, എളിമയുമാ യിരുന്നു. ബാവാതിരുമനസ്സിന്റെ ഈ ശ്രേഷ്ഠജീവിതം മദ്ബഹാശുശ്രൂ ഷകർക്ക് ഒരു ഉത്തമമാതൃകയാണ്.

www.malankaralibrary.com



# അദ്ധ്യായം 10

## ബലിവേദിയിലെ ശുശ്രൂഷയും, വിവിധ ജീവിതവിളികളും

വിശ്വാസം പരിശീലിക്കുന്ന ഒരു വിദ്യാർത്ഥിയുടെ സ്വപ്നവും, പ്രതീക്ഷയുമാണ് മദ്ബഹാ. കുഞ്ഞായിരിക്കുമ്പോൾ മുതൽ മദ്ബഹായുടെ പടിക്കെട്ടുകൾ കയറണമെന്ന അവന്റെ ആഗ്രഹം ഒരു നല്ല നാളെയുടെ തുടക്കമാണ്. "ചെറുപ്പത്തിലേതന്നെ അവനെ വിനയം അഭ്യസിപ്പിക്കുകയും, ശിക്ഷിക്കുകയും ചെയ്യുക"(പ്രഭാ. 30:12). മാതാപിതാക്കന്മാരുടെ കൈയും പിടിച്ച് വേദപരിശീലനക്കളരിയിൽ ദൈവത്തെയും, സൃഷ്ട പ്രപഞ്ചത്തെയും കണ്ടുമുട്ടുന്നു. തുടർന്നുള്ള ജീവിതത്തിൽ പരസ്പരം സ്നേഹിക്കാനും, സഹായിക്കാനും, ചെറിയ ത്യാഗങ്ങൾ ഏറ്റെടുക്കാനും അവൻ പഠിക്കുന്നു. ഭാവിയിൽ അവന്റെ ജീവിതത്തിൽ വിവിധ ജീവിതരീതികൾ കാത്തിരിക്കുന്നു. ഓരോരുത്തരും താത്പര്യത്തിനനുസരിച്ച്, ദൈവഹിതമനുസരിച്ച് അനുയോജ്യ ജീവിതപാത തിരഞ്ഞെടുക്കുന്നു.

പൊതുവായി വിവാഹം, പൗരോഹിത്യം, സന്യാസം എന്നീ മൂന്ന് ജീവിതാന്തസ്സുകളാണ് ഇന്ന് സഭയിലുള്ളത്.

### 1. വിവാഹം

വിവാഹം എന്നത് ഒരു ജീവിതാന്തസും, ജീവിതശൈലിയുമാണ്. അപ്പനും, അമ്മയും, കുഞ്ഞുങ്ങളുമടങ്ങിയ ഓരോ കുടുംബത്തിലാണ് നാമെല്ലാവരും ജനിച്ചുവളർന്നത്. ആദിമാതാപിതാക്കളായ ആദാമിലൂടെയും, ഹവ്വായിലൂടെയും ആരംഭിച്ച കുടുംബബന്ധത്തെ ദൈവം ആശീർവദിച്ചു. "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉൽ. 1:28). ഇപ്രകാരം കുടുംബബന്ധത്തിനടിസ്ഥാനമിട്ട ദൈവം വീണ്ടും ഇപ്രകാരം അരുളിച്ചെയ്തു. "പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടുചേരും. അവർ ഒറ്റശരീരമായിത്തീരും" (ഉൽ. 2:24). ഇപ്രകാരം വിവാഹജീവിതത്തെ ദൈവം അനുഗ്രഹിച്ചു. പുരുഷനും സ്ത്രീയും

www.malankaralibrary.com


വിവാഹിതരാവുകയെന്നു വച്ചാൽ ദൈവത്താൽ അവർ പ്രത്യേകം വിളിക്കപ്പെടുകയെന്നാണ് അർത്ഥം. ഭാര്യഭർത്താക്കന്മാർ പരസ്പരം സ്നേഹിച്ച്, ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുന്നിടത്താണ് നല്ല കുടുംബം രൂപപ്പെടുന്നത്. സഭയുടെയും, രാഷ്ട്രത്തിന്റെയും ശക്തി നല്ല കുടുംബങ്ങളാണ്. ഇപ്രകാരം ദൈവഹിതത്തിന് കീഴ്പ്പെട്ട് ഉത്തമജീവിതം നയിക്കുമ്പോഴാണ് വിവാഹം എന്ന ജീവിതാന്തസിൽ ഒരുവന് വിജയം പ്രാപിക്കാൻ സാധിക്കുക. മദ്ബഹായിൽ ആത്മാർത്ഥമായി ശുശ്രൂഷ ചെയ്തിട്ടുള്ളവർ നല്ല കുടുംബസ്ഥരും സഭയുടെ ഉത്തമമാതൃകയുമായിത്തീരുമെന്നത് ചരിത്രം തെളിയിച്ച സത്യമാണ്.

**2. പൗരോഹിത്യം**

ദൈവത്തിനും മനുഷ്യനുമിടയിൽ മധ്യസ്ഥനാകാൻ വിളിക്കപ്പെട്ടവനാണ് പുരോഹിതൻ. അതിനാൽത്തന്നെ വൈദികനാകണമെന്ന ആഗ്രഹം കേവലം വൈകാരികമായ ഒന്നല്ല, കാരണം ഈ ജീവിതാന്തസ് ഒരു ശുശ്രൂഷയാണ്. സ്വയം ഇല്ലാതാകുന്ന, സ്വന്തമായതെല്ലാം പരിത്യജിക്കുന്ന, ഒരു ശൂന്യവത്കരണത്തിന്റെ ജീവിതബലിയാണ് പൗരോഹിത്യം. ദൈവവിളി ദൈവത്തിന്റെ ഒരു മഹാദാനമാണ്. "അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല" (ഹെബ്രാ. 5:4). മാത്രമല്ല, "ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്"(1 കോറി. 15:10). അതുകൊണ്ട് ദൈവവിളിയുടെ കിരണങ്ങൾ മനസിലുദിക്കുന്ന ഒരു കുട്ടി ആദ്യം അഭയപ്പെടേണ്ടത് മദ്ബഹായിലും, പ്രാർത്ഥനയിലുമാണ്.

പുരോഹിതൻ ഒരു വാഗ്ദാനമാണ്. തന്നെ ആവശ്യമുള്ള, നിലവിളിക്കുന്ന ദൈവജനത്തിന്റെ കാത്തിരിപ്പിന്റെ ഉത്തരമാണ് അഭിഷിക്തൻ. ക്രിസ്തുവിലേയ്ക്കുള്ള ഒരുവന്റെ അറിവിന്റെ ആദ്യവാക്കാണ് പുരോഹിതൻ. ത്യാഗത്തിന്റെ വഴികളിൽ ഏറ്റവും പ്രകാശം നിറഞ്ഞ മുഖത്തിന്റെ ഉടമയാണ് പുരോഹിതൻ. പുരോഹിതൻ ക്രിസ്തുവിന്റെ സ്വപ്നമാണ്. എല്ലാം സ്വന്തമാക്കാൻ അവസരമുണ്ടായിട്ടും എല്ലാമുപേക്ഷിച്ച് മറ്റുള്ളവർക്കുവേണ്ടി ദൈവസന്നിധിയിൽ കരയുവാനും, മുറിക്കപ്പെടുവാനും, പാപപരിഹാരം ചെയ്യാനും വിളിച്ചു മാറ്റപ്പെട്ടവനാണ് പുരോഹിതൻ. ലോകത്തിൽ ക്രിസ്തുവിന്റെ വാക്കാണ് പുരോഹിതൻ. പുരോഹിതനാകണമെന്ന ആഗ്രഹം പരിശുദ്ധാത്മപ്രേരണയിൽ സംഭവിക്കുന്നതാണ്. മദ്ബഹാശുശ്രൂഷകനിൽനിന്നും കാര്യസ്ഥനാകാൻ ആത്മാവ്

www.malankaralibrary.com


പ്രചോദിപ്പിക്കുന്നെങ്കിൽ അതു പൗരോഹിത്യത്തിലേക്കുള്ള വിളി തന്നെയാണ്. "അല്പകാര്യങ്ങളിൽ വിശ്വസ്തനായിരുന്നാൽ അനേക കാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപ്പിക്കും" (മത്താ. 25:23). മദ്ബഹാ ശുശ്രൂഷകരെ ദൈവം തന്റെ ഭവനത്തിലെ വലിയ കാര്യങ്ങൾ ഭരമേൽപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അതെ! പൗരോഹിത്യം മദ്ബഹാശുശ്രൂഷയുമായി അതിഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. വൈദികരാകുന്നതിൽ തൊണ്ണൂറ്റിഒൻപതു ശതമാനവും തങ്ങളുടെ ബാല്യകാലത്ത് മദ്ബഹാശുശ്രൂഷകരായിരുന്നുവെന്നത് ആർക്കും നിഷേധിക്കാനാകാത്ത സത്യമാണ്. ചുരുക്കത്തിൽ മദ്ബഹാ പൗരോഹിത്യ ദൈവവിളിയുടെ കർമ്മഭൂമിയുമാണ്.

**3. സന്യാസം**

ദൈവം നമ്മെ വിളിക്കുന്ന മറ്റൊരു ശ്രേഷ്ഠജീവിതരീതിയാണ് സന്യാസ ജീവിതം. അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ ത്രിവിധ വ്രതങ്ങളിലൂടെ ദൈവത്തിനായി സമ്പൂർണ സമർപ്പണം നടത്തുന്നവരാണ് സന്യസ്തർ. വ്രതങ്ങളിലൂടെ ക്രിസ്തീയപൂർണത പ്രാപിക്കുവാൻ ദൈവത്താൽ പ്രത്യേകം വിളിക്കപ്പെട്ടവരാണ് സന്യാസികൾ. തന്റെ സ്നേഹം ദൈവത്തെപ്രതി ലോകത്തിലെല്ലാവർക്കും നൽകുവാൻ സന്യാസി ശ്രമിക്കുന്നു. സന്യാസി തനിക്കുവേണ്ടി ഒന്നും സ്വന്തമാക്കാതെ എല്ലാം മറ്റുള്ളവർക്കു നല്കുന്നു. അതാണ് ദാരിദ്ര്യം. വിവാഹം വേണ്ടെന്ന് വച്ച് സ്നേഹിക്കുവാനുള്ള കഴിവ് ഒരു വ്യക്തിക്കു മാത്രമായി നല്കാതെ എല്ലാവർക്കും നൽകുന്നു. അതാണ് ബ്രഹ്മചര്യം. സ്വന്ത ആഗ്രഹത്തെയും, ഇഷ്ടത്തെയും ദൈവസ്നേഹത്തെപ്രതി ത്യജിക്കുക. അങ്ങനെ അപരശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കുക. ഇതാണ് അനുസരണം. സ്ത്രീകൾക്കും പുരുഷന്മാർക്കും ഈ ജീവിതാന്തസ് തെരഞ്ഞെടുക്കാവുന്നതാണ്. ത്രോണോസും അതിനെ ചുറ്റിപ്പറ്റിയുള്ള ജീവിതശൈലിയും ഒരു വ്യക്തിയെ പൂർണസമർപ്പണത്തിന് യോഗ്യനാക്കുന്നു എന്നതിൽ രണ്ടു പക്ഷമില്ല. അതുതന്നെയാണ് സന്യാസത്തിലേയ്ക്കുള്ള വാതിലും.

www.malankaralibrary.com


# അദ്ധ്യായം 11

## ശുശ്രൂഷകസഖ്യ രൂപീകരണം

വൈദികരുടെ ശുശ്രൂഷ കഴിഞ്ഞാൽ ദൈവാലയ ശുശ്രൂഷകളിൽ ആർജ്ജവമായ സാന്നിധ്യം മദ്ബഹാ ശുശ്രൂഷകരുടേതാണ്. അതിനാൽ, ഈ ശുശ്രൂഷ സവിശേഷമായ ശ്രദ്ധ ആവശ്യമുള്ള ഒരു മേഖലയാണ്. ബാലകരെ മദ്ബഹാശുശ്രൂഷയ്ക്കുവേണ്ടി ഒരുക്കുന്നതിനും ഉയർത്തുന്നതിനും ദൈവാലയശുശ്രൂഷയുടെ മഹത്വവും ഗൗരവവും അവർക്കു ബോധ്യപ്പെടുത്തുന്നതിനും അത് കൂടുതൽ സഹായിക്കും. ഈ ബോധ്യം ലഭിക്കുമ്പോഴാണ് ദൈവിക കാര്യങ്ങളിൽ അതീവ ശ്രദ്ധ കൊടുക്കുവാൻ മദ്ബഹാശുശ്രൂഷകർക്ക് സാധിക്കുക. ഇതുവഴി, ദൈവാലയശുശ്രൂഷകളിൽ മാത്രമല്ല, ഭവനങ്ങളിലെ ദൈവവചനവായന, കുടുംബപ്രാർത്ഥന, വ്യക്തിഗത ഭക്താനുഷ്ഠാനങ്ങൾ ഇവകളിലൊക്കെ പ്രകടമായ മാറ്റങ്ങൾ വരുത്തുവാനും സാധിക്കും. ശുശ്രൂഷകരുടെ വ്യക്തിത്വരൂപീകരണവും സ്വഭാവരൂപീകരണവുമൊക്കെ ഇതിന്റെ അനന്തര ഫലങ്ങളാണ്. ഇപ്രകാരം ശരിയായ ഒരു ദിശാബോധത്തിന് മദ്ബഹാശുശ്രൂഷകർക്ക് ഒരു കൂട്ടായ്മ (സഖ്യം) ഉണ്ടാകുന്നത് സഹായകമാണ്. ഇടവകകളിൽ പ്രവർത്തിക്കുന്ന എം.സി.വൈ.എം., എം.സി.എ., എം.സി.സി.എൽ., മാതൃസംഘം തുടങ്ങിയ സംഘടനകളെപ്പോലെത്തന്നെ, മദ്ബഹായിൽ ശുശ്രൂഷിക്കുന്നവരുടെ ഒരു സംഘടനയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. എല്ലാ ഇടവകകളിലും ഈ സഖ്യം അവശ്യം ഉണ്ടാകണം.

**ലക്ഷ്യം**

മദ്ബഹാശുശ്രൂഷയ്ക്ക് പൊതുവായ ഒരു ക്രമം സഭയിൽ വരുത്തുക, ധാർമ്മികമൂല്യങ്ങളും ദൈവഭയവുമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുക എന്നിവയാണ് ഈ സഖ്യത്തിന്റെ സുപ്രധാനലക്ഷ്യങ്ങൾ. ക്രൈസ്തവമൂല്യങ്ങളുൾക്കൊള്ളുന്ന ഒരു സമഗ്രവ്യക്തിത്വം ഓരോ മദ്ബഹാശുശ്രൂഷകനിലും വളർത്തിയെടുക്കുവാൻ ഈ സഖ്യത്തിലൂടെ

www.malankaralibrary.com


സാധിക്കണം. യേശുക്രിസ്തുവിനോടും അവിടുത്തെ പ്രതിപുരുഷന്മാരായ പുരോഹിതരോടും അടുത്ത് ഇടപഴകിക്കൊണ്ട് സ്വഭാവരൂപീകരണവും ജീവിതവിശുദ്ധിയും ആർജിക്കുവാനും, അതുവഴി സഭയിലും സമൂഹത്തിലും കുടുംബത്തിലും ക്രിസ്തുവിനു സാക്ഷ്യം നൽകുവാനും ശുശ്രൂഷകരെ ഒരുക്കിയെടുക്കുക എന്നുള്ളതും ഈ സഖ്യത്തിന്റെ ഇതരമാനങ്ങളാണ്.

ശുശ്രൂഷകസഖ്യത്തിന്റെ അംഗങ്ങൾക്ക് പ്രത്യേക ക്ലാസുകളിലൂടെ ആരാധനക്രമത്തിന്റെ ശരിയായ അർത്ഥവും ആഴവും വ്യക്തമാക്കി കൊടുക്കണം. സഭയുടെ പാരമ്പര്യം, സത്യവിശ്വാസം, കൂദാശകൾ തുടങ്ങിയ മേഖലകളിൽ ശരിയായ അറിവു അവർക്കു നൽകണം. ആരാധനയെ കൂടുതൽ അനുഭവവേദ്യവും ജീവസ്സുറ്റതുമാക്കുന്നതുമായ വായനകൾ, പാട്ടുകൾ, അവയുടെ ഈണങ്ങൾ തുടങ്ങിയവ പരിശീലിക്കുവാനുള്ള അവസരങ്ങൾ ഈ സഖ്യത്തിലൂടെ നൽകപ്പെടണം. അങ്ങനെ കുടുംബത്തിലെയും ഇടവകയിലെയും പ്രാർത്ഥനയും ആരാധനകളുമൊക്കെ കൂടുതൽ ഹൃദ്യവും ക്രമീകൃതവുമാകും.

**ഘടന**

ഇപ്പോൾ ശുശ്രൂഷിക്കുന്നവരെയും ശുശ്രൂഷിക്കുവാൻ ആഗ്രഹമുള്ളവരെയും ഒരുമിച്ചുകൂട്ടി എല്ലാ ഇടവകകളിലും ഔദ്യോഗികമായി ശുശ്രൂഷകസഖ്യങ്ങൾ രൂപീകരിക്കണം. ഒരു സംഘടനയുടെ രൂപഭാവങ്ങൾ നൽകി പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങളും നിജപ്പെടുത്തി, വിവിധ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുവാൻ അംഗങ്ങൾക്ക് പരിശീലനവും നൽകണം. ഇത്തരം സഖ്യങ്ങൾ ഇടവകകളിൽ മാത്രം ഒതുങ്ങി നിൽക്കാതെ വൈദികജില്ലാ-രൂപതാ-സഭാതലങ്ങളിൽ സംഘടിതമാകണം. ഔദ്യോഗികമായ ഒരു നിയമാവലിയും ശുശ്രൂഷാ സംവിധാനവും ഇതിനാവശ്യമാണ്. കാലാകാലങ്ങളിൽ ധ്യാനങ്ങളും, ക്യാമ്പുകളും, സംഗമങ്ങളും നടത്തിക്കൊണ്ട് മദ്ബഹാ ശുശ്രൂഷാ മേഖലകളിൽ ഉണർവും ഉത്തേജനവും പകരണം.

**അംഗത്വം**

മദ്ബഹാ ശുശ്രൂഷകരുടെ പ്രായപരിധി നിഷ്കർഷയോടെ പാലിക്കേണ്ട ഒരു വിഷയമല്ല. ഇടവകയുടെ സാഹചര്യത്തിനനുസരിച്ച് പ്രായമായവർ, മധ്യവയസ്കർ, യുവാക്കൾ, ബാലന്മാർ ഇവർക്കെല്ലാം ഇതിൽ അംഗത്വം നൽകാവുന്നതാണ്. ആദ്യകുമ്പസാരം നടത്തിയിട്ടുള്ള ബാലന്മാർക്ക് ആവശ്യമായ പരിശീലനം നൽകി ഈ സഖ്യത്തിന്റെ

www.malankaralibrary.com


അംഗങ്ങളാക്കുകയാണ് ഉത്തമം. സൽസ്വഭാവം, നല്ല കുടുംബാന്തരീക്ഷം, മതബോധനക്ലാസുകളോടുള്ള താൽപര്യം, വിശ്വാസകാര്യങ്ങളോടുള്ള പ്രതിപത്തി ഇവയൊക്കെയായിരിക്കണം തിരഞ്ഞെടുപ്പിന്റെ പ്രത്യേക മാനദണ്ഡങ്ങൾ.

ശുശ്രൂഷകർക്കെല്ലാം അടിസ്ഥാന അറിവ് പരിശീലനത്തിലൂടെ നല്കപ്പെടണം. ഇടവക വൈദികനും, മതബോധന അദ്ധ്യാപകരും, ഇടവക കമ്മറ്റിയംഗങ്ങളും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുമെങ്കിൽ മാതൃകാപരമായ ഒരു ശുശ്രൂഷാസംഘം ദൈവാലയത്തിലുണ്ടാകും. അടിസ്ഥാനപരമായ വിശ്വാസസത്യങ്ങൾ, പ്രാർത്ഥനകൾ ഇവയ്ക്കു പുറമേ ശുശ്രൂഷകർക്കാവശ്യമായ പ്രായോഗിക പരിശീലനവും ഉറപ്പാക്കണം. ചുരുങ്ങിയത് ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെങ്കിലും ഓരോ അംഗവും ഹൃദിസ്ഥമാക്കണം.

ശുശ്രൂഷകസഖ്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക്, പ്രത്യേക പ്രാർത്ഥനയിലൂടെ (ദിവ്യനിധിയിൽ ചേർത്തിട്ടുള്ളത്) ആശീർവാദവും അംശവസ്ത്രങ്ങളും നൽകിക്കൊണ്ടായിരിക്കണം ഔദ്യോഗികമായി അംഗത്വം ഉറപ്പു വരുത്തേണ്ടത്. തദവസരത്തിൽ, ശുശ്രൂഷകരുടെ മാതാപിതാക്കളും സഹോദരങ്ങളും കുമ്പസാരിച്ച് വി. കുർബാനയിൽ പങ്കുകൊണ്ട്, ഈ കർമ്മത്തിനു സാക്ഷികളാവുക തീർത്തും അഭികാമ്യം തന്നെ. ശുശ്രൂഷകരുടെ പേരും, അംഗത്വം ലഭിച്ച തീയതിയും ഇതരവിവരങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. സംഘാഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് (Identity Card) ഉണ്ടാകണം. സഭാതലത്തിലും രൂപതാതലത്തിലും ഈ കാർഡുള്ളവർക്ക് പ്രത്യേകം പരിഗണന നൽകിയാൽ അത് ഈ സഖ്യത്തിന്റെ വളർച്ചയെ വളരെയധികം സഹായിക്കും.

ധാരാളം കുടുംബങ്ങളുള്ള ഇടവകയിൽ പ്രായഭേദമനുസരിച്ച് വിവിധ നിരകളിലുള്ള ശുശ്രൂഷക സംഘത്തെ രൂപീകരിക്കാവുന്നതാണ്. ഞായറാഴ്ചകളിൽ ഒന്നിലധികം വി. കുർബാനയുണ്ടെങ്കിൽ അവയിലും, ഇടദിവസങ്ങളിലെ പ്രാർത്ഥനകളിലും ശുശ്രൂഷകളിലും ഇതിലെ ഓരോ നിരയെ കൃത്യമായി നിയോഗിക്കണം. ഇടവകയിലെ പെരുന്നാൾ പോലെയുള്ള ആഘോഷ ദിവസങ്ങളിൽ എല്ലാവർക്കും ഒന്നിക്കുവാനുള്ള സന്ദർഭം ഒരുക്കുകയും വേണം. അതുപോലെതന്നെ നിശ്ചിത സമയങ്ങളിൽ ഇവർക്കായി ധ്യാനവും, ക്ലാസുകളും, സംഗമങ്ങളും ക്രമപ്പെടുത്തണം.

ശുശ്രൂഷകരുടെ ഹാജർ, ഓരോ ആഴ്ചയിലും ഓരോരുത്തർ ചെയ്യേണ്ട പ്രത്യേക ജോലികൾ ഇവയൊക്കെ നിജപ്പെടുത്തുന്നതും

www.malankaralibrary.com


നന്നായിരിക്കും. സഖ്യത്തിന്റെ പ്രസിഡന്റും സെക്രട്ടറിയും മറ്റും ഇത്തരം ചുമതലക്കാരായി നിയോഗിക്കപ്പെടുമെങ്കിൽ ദൈവാലയത്തിൽ നടക്കുന്ന ഓരോ ആരാധനയും മഹനീയവും മഹത്തരവുമാകും.

നാളത്തെ തലമുറയെ വാർത്തെടുക്കുന്ന ഒരു വലിയ ഉത്തര വാദിത്വം കൂടിയാണ് ഈ സംഘടന ഏറ്റെടുക്കുന്നത്. കാരണം, ഇടവക കളിലുള്ള ആൺകുട്ടികളിൽ മിക്കവരും മദ്ബഹായിൽ ശുശ്രൂഷ ചെയ്യുന്നവരാണ്. ഇത്തരം ഒരു സഖ്യം രൂപീകരിക്കുന്നതിലൂടെ പല കാരണങ്ങളാൽ ഇതിൽ നിന്നു മാറി നിൽക്കുന്നവരെക്കൂടി ഈ മേഖല യിലേക്ക് ആകർഷിക്കാൻ സാധിക്കും. ഈ സഖ്യത്തിന് വ്യക്തിത്വ-സ്വഭാവ-ധാർമ്മിക മേഖലകളിൽ പരിശീലനം നൽകുന്നതിലൂടെ നല്ല ഒരു യുവസമൂഹവും, കരുത്തുള്ള അൽമായനേതൃത്വവും സഭയ്ക്കു സംലഭ്യ മാകും. കൂടാതെ ദൈവവിളി പ്രോത്സാഹിപ്പിക്കുവാനും നല്ല വൈദിക-പ്രേഷിതവിളികൾ വളർത്തിയെടുക്കുന്നതിനും ശുശ്രൂഷകസഖ്യംവഴി സാധിക്കും. പ്രസ്തുത സഖ്യത്തിന്റെ ആവശ്യകതയിലേക്കും പ്രസക്തിയിലേക്കും സഭയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

www.malankaralibrary.com


## അദ്ധ്യായം 12

## മദ്ബഹാ ശുശ്രൂഷകർ അറിഞ്ഞിരിക്കേണ്ട സുറിയാനി, ഗ്രീക്ക് പദങ്ങളും അർത്ഥങ്ങളും

| | | |
|---|---|---|
| അനിൻ മൊറിയോ | = | കർത്താവേ ഉത്തരമരുളേണമേ |
| ആലോഹോ | = | ദൈവം |
| ആമേൻ | = | അപ്രകാരം തന്നെ |
| ആഹായ് | = | എന്റെ സഹോദരന്മാരേ |
| ഇമ്മാനുവേൽ | = | ദൈവം നമ്മോടുകൂടെ |
| എനിയോനോ | = | ധ്യാനകീർത്തനം |
| എപ്പിസ്കോപ്പാ | = | മേല്പ്പട്ടക്കാരൻ |
| എക്ബോ | = | തുടർന്നുള്ള ഗീതം |
| ഏവൻഗേലിയോൻ | = | സുവാർത്ത, സുവിശേഷം |
| ഒറൈത്താ | = | ന്യായപ്രമാണം-മോശയുടെ പഞ്ചഗ്രന്ഥം |
| കശീശോ | = | പട്ടക്കാരൻ, പുരോഹിതൻ |
| കുറിയേലായിസോൻ | = | കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ |
| കുക്കിലിയോൻ | = | വൃത്തം, ആവർത്തിച്ചു പാടുന്നത് |
| കുർബാന | = | ബലി, അർപ്പണം, ഹൃദയംഗമായ കാഴ്ച |
| കൂദോശ് ഈത്തോ | = | സഭയുടെ ശുദ്ധീകരണം |
| കൂദാശ | = | വിശുദ്ധീകരണം |
| കൊഹനോ | = | പട്ടക്കാരൻ |
| കോറൂയോ | = | വായനക്കാരൻ |
| കൗമോ | = | നില്പ്, നില, നിന്നുകൊണ്ടുള്ള പ്രാർത്ഥന |
| ക്യംതാ | = | ഉയിർപ്പ് |
| തക്സാ | = | ക്രമം |
| തുബ്ദേൻ | = | എന്നാൽ വീണ്ടും |
| ത്രോണോസ് | = | സിംഹാസനം |
| ദനഹാ | = | ഉദയം (കർത്താവിന്റെ മാമോദീസാ) |

www.malankaralibrary.com


| | | |
|---|---|---|
| ദർഗ്ഗാ | = | പദവി, ഉയർച്ച |
| പ്രുമിയോൻ | = | മുഖവുര, ആമുഖം |
| ബാറെക്മോർ | = | കർത്താവേ, അനുഗ്രഹിക്കണമേ, വാഴ്ത്തണമേ |
| ബസ്ക്കൂദിശാ | = | ശുദ്ധസ്ഥലം |
| ബോവൂസോ | = | അപേക്ഷ |
| മദ്ബഹാ | = | ബലി കഴിക്കുന്ന സ്ഥലം, അതിവിശുദ്ധ സ്ഥലം |
| മാനീസോ | = | സ്തുതിഗീതം, സ്തോത്രം |
| മായൽത്തോ | = | ദൈവാലയപ്രവേശനം |
| മാമോദീസാ | = | കുളി, കഴുകൽ, മുക്കൽ |
| മൂറോൻ | = | വിശുദ്ധീകരിച്ച സുഗന്ധതൈലം |
| മെൻഓലം വാദാ മൊൽ ഓലം ഒൽ മീനാമ്മീൻ | = | ആദിമുതൽ എന്നേക്കും തന്നെ |
| മ്ശെംശോനോ | = | ശുശ്രൂഷിക്കുന്നവൻ, ശെമ്മാശൻ |
| മ്ശെംശോനീസോ | = | ശുശ്രൂഷിക്കുന്നവൾ, പുരോഹിതൻ ശുശ്രൂഷയിൽ വിരൽത്തുമ്പ് കഴുകുന്ന പാത്രം |
| മൊറിയോ | = | കർത്താവ് |
| മൊറിയോ റാഹേമേലൈ -നു-ആദാറൈൻ | = | കർത്താവേ കരുണ തോന്നി ഞങ്ങളെ സഹായിക്കണമേ |
| മൗദ്യോനൂസ്സോ | = | ഏറ്റുപറച്ചിൽ |
| യേശു | = | രക്ഷകൻ |
| യൽദോ | = | ജനനം (ക്രിസ്തുമസ്) |
| ലഹ്മോ | = | അപ്പം, പുളിപ്പ് ചേർത്തുണ്ടാക്കിയ അപ്പം |
| ലുത്തിനിയ | = | അപേക്ഷ |
| ശൂനോയോ | = | വാങ്ങിപ്പ് |
| ശുബ്ഹോ ലാബോ ലബറോ വൽ റൂഹോ കാദീശോ | = | പിതാവിനും പുത്രനും പരി. റൂഹായ്ക്കും സ്തുതി |
| ശുബക്കോനോ | = | മോചനം, രമ്യത പ്രാർത്ഥനയ്ക്കായുള്ള അഭ്യർത്ഥന |
| ശൈനോ | = | ശാന്തി |
| ശ്ലോമ്മോ | = | സമാധാനം |

www.malankaralibrary.com


| | | |
|---|---|---|
| ശ്ലീഹോ | = | അയയ്ക്കപ്പെട്ടവൻ, ശ്ലീഹായാൽ സ്ഥാപിതമായത് |
| റൂഹാ | = | പരിശുദ്ധാത്മാവ് |
| റൂശ്മാ | = | വാഴ്‌വ്, അടയാളം |
| സെദറാ | = | നിര, കൂട്ടം |
| സ്തൗമെൻ കാലോസ് | = | നമുക്ക് നന്നായി നിൽക്കാം<br>നാം നല്ലവണ്ണം നിൽക്കണം, |
| സ്ലീബാ | = | കുരിശ് |
| ഹാലേലൂയ്യാ | = | ദൈവത്തിനു സ്തുതി |
| ഹാശാ | = | കഷ്ടത |
| ഹൂസോയോ | = | പാപപരിഹാരപ്രാർത്ഥന, വിശുദ്ധീകരണം |
| ഹോശോവബ്കൂലസ്ബാൻ | | |
| ല്ഒൽമീൻ | = | ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ |
| ആനീദേ | = | വാങ്ങിപ്പോയവർ/മരിച്ചവർ |
| ആബൂൻ | = | ഞങ്ങളുടെ (നമ്മുടെ) പിതാവ് |
| ആബോ | = | പിതാവ് |
| ഈറയർ | = | ഉണർന്നിരിക്കുന്ന ദൂതൻ |
| എത്രോ | = | ധൂപപ്രാർത്ഥന |
| ഏമോ | = | മാതാവ് |
| ഓയാർ | = | വായുമണ്ഡലം |
| കഹനൂസാ | = | ആചാര്യവേല |
| കോലോകൾ | = | പാട്ടുകൾ |
| ദുക്റോനോ | = | ഓർമ്മ |
| ദ്മോ | = | രക്തം |
| നിബിയന്മാർ | = | പ്രവാചകന്മാർ |
| മസുമൂർ | = | സങ്കീർത്തനം |

www.malankaralibrary.com



# അനുബന്ധം 1

# വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് പ്രവേശിപ്പിക്കുന്നതിനുള്ള ക്രമം

**(2011-ൽ പ്രസിദ്ധീകരിച്ച ദിവ്യനിധിയിൽനിന്ന്)**

(അർത്ഥി മദ്ബഹായുടെ നടയുടെ താഴെ തല വണങ്ങി നിൽക്കുന്നു. വി. കുർബാനയുടെ തൂയോബോ ശുശ്രൂഷയ്ക്കുശേഷം പട്ടക്കാരൻ മദ്ബഹായുടെ നടയുടെ ഭാഗത്ത് കിഴക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ട് ശുശ്രൂഷ ആരംഭിക്കുന്നു. അതിനുമുമ്പായി ഈ ശുശ്രൂഷയുടെ പ്രാധാന്യത്തെപ്പറ്റി ലഘുവായി പ്രസംഗിക്കുന്നു).

**കൗമാ**

**വേദവായന: ലേവ്യ 3: 5-8**

വായനക്കാരൻ: ഒറൈത്തായുടെ മൂന്നാം പുസ്തകത്തിൽനിന്നും ബാറെക്മോർ

ജനം: ദീർഘദർശിമാരുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

കർത്താവ് മോശയോടു അരുളിചെയ്തു: ലേവിഗോത്രത്തെ കൊണ്ടുവന്ന് അഹറോന്റെ ശുശ്രൂഷയ്ക്കു നിയോഗിക്കുക. അവരെ കൂടാരത്തിൽ ശുശ്രൂഷയ്ക്കു നിയോഗിക്കുക. അവർ കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതോടൊപ്പം സമാഗമകൂടാരത്തിനു മുമ്പിൽ അഹറോനും സമൂഹത്തിനുംവേണ്ടി സേവനമനുഷ്ഠിക്കട്ടെ. സമാഗമകൂടാരത്തിലെ വസ്തുക്കളുടെ മേൽനോട്ടവും അവർക്കായിരിക്കും. കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നവരോടൊപ്പം ഇസ്രായേൽ ജനത്തിനും അവർ സേവനം ചെയ്യണം.

കർമി: ശുബ്ഹോ...

ജനം: ബലഹീനരും...

www.malankaralibrary.com


## പ്രാർത്ഥന

ദൈവമായ കർത്താവേ, നീ സർവദാ പരിശുദ്ധനും ആരാലും സമീപിക്കുവാൻ സാധിക്കാത്ത പ്രകാശത്തിൽ വസിക്കുന്നവനുമാകുന്നു. നിന്റെ മഹത്വവും വിശുദ്ധിയും സകലത്തെയും നിറയ്ക്കുന്നു. നിന്റെ മഹിമയെ പുകഴ്ത്തുവാനും അനിർവചനീയവും ഇമ്പകരവുമായ സ്തുതി ഗീതങ്ങളാൽ നിന്നെ പുകഴ്ത്തുവാനുമായി വാനവസൈന്യങ്ങളെ നീ നിയമിച്ചു. കർത്താവേ, മാലാഖമാർപോലും സൂക്ഷിച്ചുനോക്കുവാൻ ഭയപ്പെടുന്ന നിന്റെ പരിശുദ്ധ മദ്ബഹായിൽ ശുശ്രൂഷിക്കുവാനും നിനക്ക് സ്തോത്രഗീതം ആലപിക്കുവാനുമായി അടുത്തുവന്നിരിക്കുന്ന നിന്റെ ദാസനെ നീ വാഴ്ത്തണമേ. ഇവന്റെ കുറവുകൾ നീ പരിഹരിക്കണമേ. നിന്റെ കൃപയാൽ ഇവനെ നീ ശക്തിപ്പെടുത്തണമേ. കർത്താവേ, അഗ്നിമ യന്മാരായ ലക്ഷോപലക്ഷം മാലാഖമാരുടെ ഗണങ്ങളും വിജയകിരീടം പ്രാപിച്ച ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും സകല പരിശുദ്ധ പിതാക്കന്മാരുടെയുമായ സംഘവും ഈ പരിശുദ്ധ ത്രോണോസിന്റെ മുമ്പാകെ നിൽക്കുമ്പോൾ യഥാർത്ഥ ശുശ്രൂഷകനായി രിപ്പാൻ ഇവനെ നീ യോഗ്യനാക്കണമേ. തിരുമുമ്പാകെയുള്ള ഇവന്റെ ശുശ്രൂഷമൂലം ഇവന്റെ കുടുംബവും അനുഗ്രഹിക്കപ്പെടുമാറാകണമേ.

ഇവന്റെ പ്രാർത്ഥനകളും അപേക്ഷകളും സൗരഭ്യ ധൂപംപോലെ കൈക്കൊള്ളണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും സകലത്തിലും പരിശുദ്ധനും ഉത്തമനും വന്ദ്യനും ജീവൻ നൽകുന്നവനും സാരാംശത്തിൽ സമനുമായ പരിശുദ്ധ റൂഹായ്ക്കും നിരന്തരമായ സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ഹോശോ....

(അർത്ഥിയുടെ നെറ്റിയിൽ മുദ്രയിടുന്നു)

ദൈവത്തിന്റെ പരിശുദ്ധ മദ്ബഹായിൽ വെണ്മയോടെ ശുശ്രൂഷിക്കാനും ഇമ്പകരമായി വായിക്കുവാനും ഗാനങ്ങൾ ആലപിക്കുവാനും മാലാഖമാർക്കടുത്ത് വ്യാപരിക്കാനുമായി .............................. (പേര്) മുദ്ര കുത്തപ്പെടുന്നു. ബാറെക്മോർ.

പിതാവിന്റെ നാമത്തിലും (ആമ്മീൻ)

പുത്രന്റെ നാമത്തിലും (ആമ്മീൻ)

ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും. ആമ്മീൻ

(അനന്തരം അർത്ഥിയുടെ കൈയ്ക്കുപിടിച്ച് മദ്ബഹായിൽ പ്രവേശിപ്പിച്ച് ത്രോണോസിന്റെ മുമ്പിൽ നിർത്തുന്നു. ശുശ്രൂഷക്കുപ്പായം ത്രോണോസിന്മേലും,

www.malankaralibrary.com



അർത്ഥിയുടെ ശിരസിന്മേലും ആഘോഷിച്ച് ധരിപ്പിച്ചുകൊണ്ട്)

ല്തെശൂബുഹത്തോ ഉലീക്കറോ ഉഹെദറോ ഉറുമറോമോ ദത്ലീസോയൂസോ കാദീശ്ത്തോ ശവിയാസ് ബൂസിയാ വൽശൈനോ ഉബനിയോനൊ ദ്ഈത്തോ കാദീശ്ത്തോ ദാലോഹോ

അല്ലെങ്കിൽ

സാരാംശത്തിൽ സമമായിരിക്കുന്ന പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിയ്ക്കും ബഹുമാനത്തിനും പുകഴ്ചയ്ക്കും ദൈവത്തിന്റെ വിശുദ്ധ സഭയുടെ സുസ്ഥിതിക്കും അഭിവൃദ്ധിക്കുംവേണ്ടി ഇവ ആഘോഷിക്കപ്പെടുന്നു.

(തുടർന്ന് അർത്ഥി പരിശുദ്ധ മദ്ബഹായിൽ ത്രോണോസിന്റെ കോണുകൾ ചുറ്റി മുത്തുന്നു. പിന്നീട് വൈദികൻ വി. കുർബാന തുടരുന്നു).

www.malankaralibrary.com


### അനുബന്ധം 2

## മദ്ബഹാ ശുശ്രൂഷകരുടെ പ്രാർത്ഥന

### (ശുശ്രൂഷയ്ക്ക് പ്രവേശിക്കുന്നതിന് മുമ്പ് ശുശ്രൂഷകർ ഒരുമിച്ച് ഒരുക്കമുറിയിൽ നടത്തേണ്ട പ്രാർത്ഥന

ലീഡർ : പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേകദൈവത്തിന്റെ തിരുനാമത്തിൽ

എല്ലാവരും : ആമ്മേൻ

ം

### പ്രാർത്ഥന

സർവനന്മസ്വരൂപിയായ ദൈവമേ, അങ്ങേ മദ്ബഹായിൽ ശുശ്രൂഷകരായി ഞങ്ങളെ തെരഞ്ഞെടുത്തതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അവിടുത്തെ മദ്ബഹായിൽ വിശുദ്ധിയോടെ ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. കർത്താവേ ഞങ്ങളെല്ലാവരെയും നിന്റെ ശുശ്രൂഷകരും നിനക്ക് സാക്ഷ്യം നൽകുന്നവരും ആക്കിത്തീർക്കണമേ. പരിശുദ്ധാത്മദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമെ. മാലാഖമാരപ്പോലെ ഉണർവോടും ഉത്സാഹത്തോടുംകൂടെ നിരന്തരം അങ്ങയെ മഹത്വപ്പെടുത്തുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. ഞങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും വാഴ്ത്തി ശുദ്ധീകരിക്കണമെ. ഞങ്ങൾ നിന്റെ മദ്ബഹാ ശുശ്രൂഷയിൽ ആനന്ദിക്കുമാറാകണമെ. നിന്റെ ശുശ്രൂഷയ്ക്കായി ഞങ്ങളെ അയച്ച ഞങ്ങളുടെ മാതാപിതാക്കളെയും ബന്ധുജനങ്ങളെയും അങ്ങ് കാത്തുകൊള്ളണമേ. പരിശുദ്ധ അമ്മേ, ദൈവത്തിന്റെ ജനനീ, ഞങ്ങളുടെ ജീവിതയാത്രയിൽ നീ എന്നും ഞങ്ങൾക്കു വഴികാട്ടിയും മധ്യസ്ഥയുമായിരിക്കണമെ. ആമ്മീൻ.

ലീഡർ : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...

ലീഡർ : കൃപനിറഞ്ഞ മറിയമേ...

ലീഡർ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

എല്ലാവരും: ആദിമുതൽ എന്നേക്കും, ആമ്മീൻ.